യൂണിറ്റി
സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2022 | വാല്യം 49 ലക്കം 4 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ

# ‘അഗ്നിപഥ്’ ഉയർത്തുന്ന ചോദ്യങ്ങൾ

**അഗ്നിപഥ് എന്ന പേരിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ സൈനികസേവനപദ്ധതിക്കെതിരെ പതിനൊന്ന് സംസ്ഥാനങ്ങളിലായി പതിനായിരക്കണക്കിന് യുവാക്കൾ രോഷാകുലരായി രംഗത്തുവന്നു. അവർ അവലംബിച്ച പ്രക്ഷോഭരീതിയോട് വിയോജിപ്പുള്ളവർപോലും അത്തരമൊരു പൊട്ടിത്തെറിക്കു കാരണമായ തൊഴിൽരഹിതരുടെ അസംതൃപ്തിയും നിസ്സഹായതയും രാജ്യത്തിന്റെ വേദനാകരമായ ഒരു യാഥാർത്ഥ്യമാണെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി.**

സുസംഘടിതമായ ഒരു ജനാധിപത്യമുന്നേറ്റത്തിന്റെ സ്വഭാവമോ കേന്ദ്രീകൃതമായ ഒരു നേതൃത്വമോ ഇല്ലാതിരുന്നിട്ടും രാജ്യത്തിന്റെ വലിയൊരു പ്രദേശത്തേക്ക് അഗ്നിപഥിനെതിരായ യുവജനസമരം സ്വമേധയാ പടർന്നത് തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന്റെ സ്ഫോടനാത്മകമായ മാനത്തെയാണ് വെളിവാക്കുന്നത്.



അഗ്നിപഥിനെതിരെ എഐഡിവൈഒയും എഐഡിഎസ്ഒയും സംയുക്തമായി കൊൽക്കത്തയിൽ സംഘടിപ്പിച്ച പ്രതിഷേധം.

ആദ്യത്തെ ഊഴത്തിൽ പ്രതിവർഷം രണ്ടുകോടി തൊഴിൽ എന്ന വാഗ്ദാനം നൽകിയ നരേന്ദ്ര മോദി, ഉണ്ടായിരുന്ന തൊഴിൽ അവസരങ്ങൾകൂടി ഇല്ലാതാക്കി ഇന്ത്യൻ യുവത്വത്തെ അപമാനിക്കുകയാണ് ചെയ്തത്. കോവിഡ് മഹാമാരിയുടെ ദുരന്തദിനങ്ങളിൽ ലക്ഷക്കണക്കിന് തൊഴിലുകൾ നഷ്ടപ്പെട്ടു. 2020 വർഷത്തിൽ യൂണിയൻ ഗവൺമെന്റിന്റെ കണക്കനുസരിച്ച് നികത്തപ്പെടാത്ത ഒഴിവുകളുടെ എണ്ണം 8.8ലക്ഷമാണ്. ആകെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ 23ശതമാനവും ഒഴിഞ്ഞുകിടക്കുകയാണ്. 2018ൽ രാജ്യത്ത് 12,936പേരും അതിനടുത്ത രണ്ടുവർഷത്തിനുള്ളിൽ 9,140 പേരും തൊഴിലില്ലായ്മമൂലം ആത്മഹത്യചെയ്തു എന്ന ഞെട്ടിപ്പിക്കുന്ന വിവരം രാജ്യസഭയിൽ അറിയിച്ചത് കേന്ദ്രസർക്കാരാണ്. കോവിഡുമൂലം രണ്ടുവർഷക്കാലം സൈന്യത്തിലേക്കുള്ള റിക്രൂട്ട്മെന്റ് റാലി നിർത്തിവച്ചു. അതിനുമുമ്പ് നടത്തിയ റാലിയുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചെങ്കിലും നിയമനം നടന്നിരുന്നില്ല. കോവിഡിനുശേഷം സൈന്യത്തിൽ നിയമന നടപടികൾ തുടങ്ങുമ്പോൾ തങ്ങളെ ആദ്യം പരിഗണിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന, ആദ്യലിസ്റ്റിൽ പെട്ടിരുന്ന യുവാക്കൾ പൂർണ്ണമായും നിരാശരായി. പകരം പ്രഖ്യാപിക്കപ്പെട്ട അഗ്നിപഥിൽ ഉയർന്ന പ്രായപരിധി 21 ആയി നിശ്ചയി

(ശേഷം 4–ാം പേജിൽ)

# അന്യായമായ വൈദ്യുതി ചാർജ് വർദ്ധനവ് പിൻവലിക്കുക

സംസ്ഥാനത്ത് വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് ജൂൺ 26ന് നിലവിൽ വന്നു. ചാർജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ അപേക്ഷയിന്മേൽ റഗുലേറ്ററി കമ്മീഷൻ വർദ്ധിപ്പിച്ച പുതിയനിരക്ക് പ്രഖ്യാപിക്കുകയായിരുന്നു. കോവിഡ് മൂലമുണ്ടായ തൊഴിൽ പ്രതിസന്ധി, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് എന്നിവ മൂലം സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം ദുരിതത്തിലായിരിക്കുമ്പോഴാണ് മറ്റൊരു ഇരുട്ടടിയായി ചാർജ് വർദ്ധനവ് അടിച്ചേൽപ്പിച്ചത്. ബോർഡ് അഞ്ച് വർഷത്തേക്കുള്ള ചാർജ് വർദ്ധനവ് ലക്ഷ്യമിട്ട് 18 ശതമാനം നിരക്ക് വർദ്ധനവാണ് ആവശ്യപ്പെട്ടത്. ബോർഡ് അധികവരുമാനമായി 2829കോടി രൂപ ലക്ഷ്യമിട്ടിരുന്നതായി കമ്മീഷൻ വെളിപ്പെടുത്തുകയുണ്ടായി. പക്ഷെ കമ്മീഷൻ 6.6ശതമാനം വർദ്ധനവാണ് അനു



വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ കൊല്ലം ചിന്നക്കടയിൽ നടന്ന പ്രതിഷേധത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.

വദിച്ചത്. കോവിഡ് കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് വൻവർദ്ധനവ് ഒഴിവാക്കിയെന്നാണ് റഗുലേറ്ററി കമ്മീഷൻ അവകാശപ്പെട്ടത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? വൈദ്യുതി എനർജി ചാർജിൽമാത്രം ഗാർഹിക ഉപഭോക്താക്കൾക്ക് ഒരോ യൂണിറ്റിനും ശരാശരി 25മുതൽ

(ശേഷം 2–ാം പേജിൽ)

# സഖാവ് ദേബപ്രസാദ് സർക്കാറിന് ലാൽസലാം



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗമായിരുന്ന സഖാവ് ദേബപ്രസാദ് സർക്കാർ 2022 ജൂൺ 28ന് അന്തരിച്ചു. പാർട്ടിയുടെ ദക്ഷിണ 24 പർഗാന ജില്ലാ സെക്രട്ടറിയും 1977 മുതൽ 2011 വരെ പശ്ചിമബംഗാൾ നിയമസഭാംഗവുമായിരുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉയർത്തിപ്പിടിക്കുന്ന ഉന്നതമായ തൊഴിലാളിവർഗ്ഗ വിപ്ലവരാഷ്ട്രീയത്തിന്റെ ഉത്തമനായ പ്രതിനിധി ആയിരുന്ന സഖാവ് ദേബപ്രസാദ് സർക്കർ. അവസാനശ്വാസംവരെ അദ്ദേഹം ചൂഷിതരും നിർദ്ധനരുമായ സാധാരണജനങ്ങൾക്കുവേണ്ടി പോരാടി. ജനങ്ങളോടുള്ള നിസ്സീമമായ കൂറിന്റെ തികഞ്ഞ പ്രതിരൂപമായിരുന്നു അദ്ദേഹം. ജയ്നഗർ മണ്ഡലത്തിലെ മാത്രമല്ല, പശ്ചിമബംഗാളെമ്പാടുമുള്ള സാധാരണജനങ്ങളുടെ അളവറ്റ സ്നേഹാദരങ്ങൾക്ക് അദ്ദേഹം പാത്രമായി.

ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് കൽക്കത്ത ഹാർട്ട് ക്ലിനിക് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. 87 വയസ്സായിരുന്നു. ഏതാനും വർഷങ്ങളായി കടുത്ത രക്തസമ്മർദ്ദവും പാർക്കിൻസൺസ് രോഗവും അദ്ദേഹത്തെ അലട്ടിയിരുന്നു. ജൂൺ 30ന് സഖാവിന്റെ ഭൗതികശരീരം പാർട്ടികേന്ദ്രകമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിനു വെച്ചു. ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ അസിത് ഭട്ടാചാര്യ, ഗോപാൽ കുണ്ടു, സൗമൻ ബോസ്, സ്വപൻ ഘോഷ്, ചാന്ദിദാസ് ഭട്ടാചാര്യ എന്നിവരും മറ്റ് കേന്ദ്രകമ്മിറ്റി അംഗങ്ങളും പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റി അംഗങ്ങളും അന്ത്യോപചാരമർപ്പിച്ചു.

സിപിഐ(എം), സിപിഐ, ആർഎസ്പി, ഫോർവേഡ് ബ്ലോക്, സിപിഐ(എംഎൽ) ലിബറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളും അന്ത്യോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. തുടർന്ന് ഭൗതികശരീരം പശ്ചിമബംഗാൾ അസംബ്ലി മന്ദിരത്തിൽ എത്തിക്കുകയും സ്പീക്കറും മന്ത്രിമാരും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. ഭൗതികശരീരം ദക്ഷിണ 24 പർഗാന ജില്ലയിലെത്തിച്ച് സംസ്കരിച്ചു. നിറകണ്ണുകളോടെ അനേകം പാർട്ടി നേതാക്കളും പ്രവർത്തകരും പൊതുജനങ്ങളും സഖാവ് ദേബപ്രസാദ് സർക്കാറിന് ആദരവുകളർപ്പിക്കാൻ എത്തിയിരുന്നു. ജൂലൈ 11ന് ജയ്നഗറിൽ നടക്കുന്ന അനുസ്മരണ യോഗത്തിൽ പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രസംഗം നടത്തും. ■

3 ടീസ്ത സെതൽവാദിനെയും ആർ.ബി.ശ്രീകുമാറിനെയും ഉടൻ വിട്ടയക്കുക
4 പാർട്ടി 75–ാം സ്ഥാപന ദിനം: സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രഭാഷണം
11 ഇസ്ലാമിക മന്ദിരങ്ങളുടെ പേരിൽ ഉയർത്തുന്ന കപട വിവാദങ്ങൾ

# വനാതിർത്തികളിൽ ബഫർസോൺ പ്രഖ്യാപിച്ച സുപ്രീംകോടതി ഉത്തരവിന്മേൽ ഉടൻ പുനഃപരിശോധനാ ഹർജി നൽകുക

വനാതിർത്തികളിൽ ബഫർസോൺ പ്രഖ്യാപിച്ച സുപ്രീംകോടതി ഉത്തരവ് പുനഃപരിശോധിക്കാൻ, ഉത്തരവിൽത്തന്നെ നൽകിയിട്ടുള്ള സാധ്യത ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാർ ഉടൻ പുനഃപരിശോധനാ ഹർജി നൽകണമെന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. വനം നശിപ്പിക്കുന്നത് വൻകിടക്കാരും ഒത്താശചെയ്യുന്നത് സർക്കാരുകളുമാണ്. ഈ ഒത്താശയാണ് സന്തുലിതമല്ലാത്ത കോടതി വിധിയിലേക്ക് നയിച്ചത്. ആദിവാസികളും ചെറുകിട കർഷകരുമൊക്കെ വനത്തിന്റെ സംരക്ഷകരാണ്. ഇവരെ സംരക്ഷിക്കുകയും വനം കൈയേറ്റക്കാരെയും ഖനന മാഫിയകളേയുമൊക്കെ കർശനമായി നേരിടുകയുമാണ് ചെയ്യേണ്ടത്.

വനാതിർത്തിയോട് ചേർന്ന് ബഫർസോണായി പ്രഖ്യാപിക്കപ്പെടുന്ന ഒരു കിലോമീറ്റർ ചുറ്റളവിൽ സ്ഥിര സ്വഭാവത്തിലുള്ള ഒരു തരം നിർമ്മാണവും അനുവദിക്കില്ല എന്ന് കോടതി വിധിയിൽ (ഖണ്ഡിക 44.e) വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതി കർശനമായി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് കേന്ദ്ര വനം - പരിസ്ഥിതി വകുപ്പ് 2011 ഫെബ്രുവരി 9ന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളാണ്. കൃഷിയുടെ വ്യവസ്ഥ മാറ്റാൻ പാടില്ല എന്നതുൾപ്പെടെയുള്ള വകുപ്പുകൾ ഈ മാർഗ്ഗനിർദ്ദേശങ്ങളിലുണ്ടെന്നത് ബഫർസോൺ മേഖലയിൽ ഫലത്തിൽ കൃഷി അസാധ്യമാക്കും. വന്യജീവികളിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ, നിയമപരമായ ഉടമസ്ഥതയുള്ള ഭൂമിയുടെ ക്രയവിക്രയാവകാശം എന്നിവയെ സംബന്ധിച്ച് ഉത്തരവിൽ വ്യക്തത ഇല്ലതാനും. വനാതിർത്തിയോട് ചേർന്ന് വസിക്കുന്ന ആദിവാസികളുടെയും ദരിദ്ര - ഇടത്തരം കർഷകരുടെയും ജീവിതം അസാധ്യമാക്കുന്ന ഒന്നാണ് ഈ ഉത്തരവ്. രാജ്യത്തിനാകെ ബാധകമായ ഈ ഉത്തരവ്, കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സൃഷ്ടിക്കുന്ന സമൂഹ്യപ്രത്യാഘാതങ്ങൾക്ക് പരിഹാരമുണ്ടാക്കാനായി സംസ്ഥാനസർക്കാർ തന്നെ മുൻകൈയെടുക്കണം.


ബഫർ സോൺ വിധിക്കെതിരെ കർഷക പ്രതിരോധ സമിതി ജൂൺ 22ന് വയനാട് കളക്ട്രേറ്റിന് മുന്നിൽ സംഘടിപ്പിച്ച ധർണ്ണ വൈസ് പ്രസിഡണ്ട് അഡ്വ.അബ്ദുൾ റഹ്മാൻ കാദിരി ഉദ്ഘാടനം ചെയ്യുന്നു.

വാണിജ്യാടിസ്ഥാനത്തിലുള്ള ഖനനം, ഈർച്ചമിൽ, മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായങ്ങൾ, വൻകിട ജലവൈദ്യുത പദ്ധതികൾ എന്നിവയുടെ നിരോധനവും പരിസ്ഥിതിക്കെതിരായ നടപടികളുടെ നിയന്ത്രണവും നിർദ്ദേശിക്കുന്ന ഉത്തരവിലെ വകുപ്പുകൾ സ്വാഗതാർഹമാണ്. നിലവിലുള്ള നിയമങ്ങൾ ലംഘിച്ചുകൊണ്ട് വനത്തിനുള്ളിൽപ്പോലും ഖനനവും ക്വാറിയിംഗും കുന്നിടിക്കലും മലതുരക്കലും സർക്കാരുകളുടെ പിന്തുണയോടെ നടത്തുന്ന സാമ്പത്തികശക്തികൾ ഉത്തരവിനെ സംബന്ധിച്ച് ജനങ്ങളിൽ ആശങ്ക പടർത്തി സ്ഥാപിതതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നടത്തുന്ന ശ്രമങ്ങൾ അംഗീകരിക്കാനാവില്ല. പരിസ്ഥിതിയുടെ സ്വാഭാവികഘടന തകർത്ത്, മലയോരമേഖലകളിൽ ജീവിക്കാനാവാത്ത സാഹചര്യം സൃഷ്ടിച്ചത് ഈ സാമ്പത്തികശക്തികളാണെന്നത് കർഷകർ വിസ്മരിക്കരുത്. 2019 ഒക്ടോ. 23ന് ഒരു കിലോമീറ്റർ ബഫർ സോണെന്ന മന്ത്രിസഭാ തീരുമാനം കൈക്കൊണ്ട എൽഡിഎഫ് പൊടുന്നനെ ഈ വിധിക്കെതിരെ രംഗത്തുവന്നത് കർഷകരുടെ ആശങ്കകളെ മുതലെടുക്കുന്നതിനുവേണ്ടി മാത്രമാണ്.

സാധാരണജനങ്ങളുടെ ജീവിതത്തിനും വനസംരക്ഷണത്തിനും തുല്യപ്രാധാന്യം നൽകുന്ന വിധി ഉണ്ടാകുവാൻ ആത്മാർത്ഥവും ജനാനുകൂലവുമായ സമീപനം മുറുകെപ്പിടിച്ചുകൊണ്ട് ഉടൻ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്യണമെന്ന് സർക്കാരിനോടും അതിനായി ശബ്ദമുയർത്താൻ ജനങ്ങളോടും പ്രസ്താവനയിൽ അഭ്യർത്ഥിച്ചു. ■

## ഗുജറാത്ത് കലാപം: ജനമനസ്സിൽ നരേന്ദ്ര മോദി കുറ്റവാളിയായി തുടരും

ഭീകരമായ ഗുജറാത്ത് കലാപത്തിലും ജഫ്രിയുടെയും മറ്റനേകം പേരുടെയും ക്രൂരമായ കൊലപാതകത്തിലും കുറ്റാരോപിതനായ മോദിയെ സുപ്രീംകോടതി കുറ്റവിമുക്തനാക്കിയെങ്കിലും വർത്തമാനകാലത്തെയും ഭാവിയിലെയും ചരിത്രത്തിൽ ജനങ്ങളുടെ മനസ്സാക്ഷി കോടതിയിൽ കുറ്റവാളിയായിത്തന്നെ മോദി തുടരുമെന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2022 ജൂൺ 23ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

മനുഷ്യാവകാശ പ്രവർത്തകയായ ടീസ്റ്റ സെതൽവാദിന്റെയുംമറ്റുംഅറസ്റ്റിനെഞങ്ങൾ അപലപിക്കുന്നു. ബിജെപി ഭരിക്കുന്ന ഗുജറാത്ത് ഗവൺമെന്റിന്റെ പ്രതികാര നടപടിയായേ ഇതിനെ കാണാനാകൂ. അവരെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം സംഘടിപ്പിക്കുവാൻരാജ്യത്തെ മുഴുവൻ ജനങ്ങളോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ■

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്...

(1-ാം പേജിൽ നിന്ന്)

60പൈസവരെയും, വാണിജ്യ സ്ഥാപനങ്ങൾക്ക് 10മുതൽ 40 പൈസവരെയും, വ്യവസായ മേഖലയിൽ ശരാശരി 40പൈസവരെയുമാണ് വർദ്ധനവ്. എനർജി ചാർജ്ജ് കൂടാതെ ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്, മീറ്റർ വാടക, എനർജി ചാർജിന്റെ 10% ഡ്യൂട്ടി ഇവയെല്ലാം ചേരുമ്പോൾ ഫലത്തിൽ കമ്മീഷൻ അവകാശപ്പെട്ട 6.6 ശതമാനത്തേക്കാൾ വലിയ തുകയാണ് നൽകേണ്ടിവരിക. കമ്മീഷൻ ഒരു വർഷത്തേക്കാണ് ചാർജ് വർദ്ധനവ് അനുവദിച്ചത്. ഒരു വർഷത്തിനുശേഷം വീണ്ടും ചാർജ് വർദ്ധനവിന്റെ ഭീഷണിയിലാണ് ഉപഭോക്താക്കൾ.

സംസ്ഥാനത്ത് 2019ൽ നടത്തിയ ചാർജ് വർദ്ധനവിന്റെ ഷോക്കിൽനിന്നും ജനങ്ങൾ ഇനിയും മോചിതരായിട്ടില്ല. എനർജി ചാർജ് കൂടാതെ ഫിക്സഡ് ചാർജ് ഇനത്തിൽ ഈടാക്കുന്നത് വലിയ തുകയാണ്. 2019ലെ ചാർജ് വർദ്ധനവിനുമുമ്പ് ഫിക്സഡ് ചാർജ് എനർജി ഉപഭോഗത്തിനനുസരിച്ച് വർദ്ധിച്ചു കൊണ്ടിരുന്നില്ല. എത്ര എനർജി യൂണിറ്റ് ഉപയോഗിച്ചാലും ഗാർഹിക ഉപഭോക്താക്കൾക്ക് സിംഗിൾ ഫെയ്സിന് 30 രൂപയും, ത്രീ ഫെയ്സിന് 80 രൂപയുമായിരുന്നു ഫിക്സഡ് ചാർജ്. അത് 2019 ജൂലൈ മുതൽ ഉപയോഗിക്കുന്ന യൂണിറ്റിന് അനുസരിച്ച് മാറാൻ തുടങ്ങി. ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന താരിഫ് വർദ്ധനയനുസരിച്ച് 51 യൂണിറ്റ് മുതൽ 100 യൂണിറ്റ് വരെ കറന്റ് ഉപയോഗിക്കുന്ന ഒരു ഗാർഹിക ഉപഭോക്താവ് സിംഗിൾ ഫെയ്സിന് 55 രൂപയും, ത്രീ ഫെയ്സിന് 120 രൂപയും ഫിക്സഡ് ചാർജ് നൽകണം. യൂണിറ്റ് 100 കടന്നാൽ ഫിക്സഡ് ചാർജ് അടുത്ത സ്ലാബിലേക്ക് വർദ്ധിക്കും. ചെറുകിട വാണിജ്യ സ്ഥാപനങ്ങൾ, ചെറിയ ഉല്പാദന യൂണിറ്റുകൾ ഇവയെല്ലാം വലിയ നിരക്കിലുള്ള എനർജി ചാർജിനൊപ്പം ഉയർന്ന ഫിക്സഡ് ചാർജ്ജും നൽകേണ്ടിവരുന്നു. അങ്ങനെ ഫിക്സഡ് ചാർജ് ഇനത്തിൽ മാത്രം വൈദ്യുതി ബോർഡ് വലിയ തുകയാണ് ഉപഭോക്താവിൽനിന്നും കവർന്നെടുക്കുന്നത്.

കോവിഡ് മഹാമാരിമൂലം സംസ്ഥാനത്ത് തൊഴിലും കൂലിയും നഷ്ടപ്പെട്ട് ജനങ്ങൾ കഷ്ടപ്പെടുകയാണ്. ഇതിനൊക്കെപ്പുറമേയാണ് ഇന്ധന വിലയിലും യാത്രാക്കൂലിയിലുമുണ്ടായ വർദ്ധനവ്. വൈദ്യുതി നിരക്കിൽ ഉണ്ടാവുന്ന വർദ്ധനവ് ജനജീവിതത്തെ ദുരിതത്തിലാക്കുമെന്നതിൽ സംശയമില്ല. ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ തെല്ലും പരിഗണിക്കാതെയുള്ള ചാർജ് വർദ്ധനവുകൾ എങ്ങനെയാണ് നീതീകരിക്കാനാവുക? വൈദ്യുതി ബോർഡിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയാണ് ചാർജ് വർദ്ധനവിന് കാരണമായി പലപ്പോഴും ചൂണ്ടിക്കാട്ടിയിട്ടുള്ളത്. യഥാർത്ഥത്തിൽ ബോർഡ് സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ ജനങ്ങളുടെ മുമ്പാകെ തൃപ്തികരമായി വിശദീകരിക്കേണ്ടതുണ്ട്. ബോർഡ് മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും ധൂർത്തും മൂലമുണ്ടാകുന്ന സാമ്പത്തിക ചോർച്ച പരിഹരിക്കാതെ, ചാർജ് വർദ്ധനവ് വഴി ജനങ്ങളെ പിഴിഞ്ഞൂറ്റിക്കൊണ്ടിരിക്കുകയാണ്.

കേരളം ജലവൈദ്യുത പദ്ധതികളുടെ നാടാണ്. ഇവിടെ ജലവൈദ്യുതിയുടെ ഒരു യൂണിറ്റ് ഉല്പാദനത്തിന് വേണ്ട ചെലവാകട്ടെ ഒരു രൂപയിൽ താഴെ മാത്രമാണ്. കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിലായി നല്ല മഴ ലഭിച്ചതിനാൽ ജലവൈദ്യുതിയുടെ ഉല്പാദനത്തിലും റെക്കോഡ് വർദ്ധനവാണ് ഉണ്ടായത്. റിപ്പോർട്ടനുസരിച്ച് കഴിഞ്ഞ സാമ്പത്തികവർഷം(2021-22) സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉപഭോഗം 26,608 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ 9859 ദശലക്ഷം യൂണിറ്റ് ജലവൈദ്യുതിയായിരുന്നു. 2020-21 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനം പുറമേനിന്നും വാങ്ങിയ കറന്റും ആഭ്യന്തര ഉല്പാദനവുംകൂടി കൂട്ടിയാൽ ശരാശരി 3.22 രൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിയുടെ ചെലവായി വന്നിട്ടുള്ളത്. ചെലവു കുറഞ്ഞ വൈദ്യുതിയുടെ ഉല്പാദനം സംസ്ഥാനത്ത് റെക്കോഡായിരിക്കുമ്പോൾ എന്തിനാണ് പുതിയൊരു താരിഫ് വർദ്ധനവ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത്. വൈദ്യുതി ബോർഡിന് 2021-22 സാമ്പത്തിക വർഷത്തിൽ 600കോടി രൂപ അധിക വരുമാനം ഉണ്ടായിരിക്കെ, മുൻവർഷങ്ങളെക്കാൾ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയിലിരിക്കെ വീണ്ടുമൊരു ചാർജ് വർദ്ധനവ് അടിച്ചേൽപ്പിച്ചത് അങ്ങേയറ്റം ജനദ്രോഹകരമാണ്, ഒരിക്കലും ഒരു ഇടതുപക്ഷ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രതീക്ഷിക്കാനാവാത്തതാണ്.

വൈദ്യുതി ബോർഡ് സംസ്ഥാനത്തെ പൊതുഖജനാവിലെ പണം കൊണ്ടാണ് പടുത്തുയർത്തിയിരിക്കുന്നത്. കാലകാലങ്ങളിൽ കേന്ദ്ര സർക്കാരുകൾ ഊർജ്ജ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളും അതുവഴി ലഭിച്ച ഗ്രാന്റുകളും ബോർഡിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ജനങ്ങളുടെ നികുതിപ്പണംകൊണ്ട് പടുത്തുയർത്തിയ ഒരു സ്ഥാപനം ജനങ്ങളോട് ചില ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതായിട്ടുണ്ട്. അതായത്, വൈദ്യുതി ബോർഡ് ജനക്ഷേമം മുൻനിർത്തി മാത്രം പ്രവർത്തിക്കണം. എന്നാൽ, 2013ൽ വൈദ്യുതി ബോർഡിനെ കമ്പനിയാക്കിയതുവഴി ലാഭ-നഷ്ടം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഇത് മാറി. റെഗുലേറ്ററി കമ്മീഷൻ പോലുള്ള ബ്യൂറോക്രാറ്റിക് സ്ഥാപനമാണ് ഇപ്പോൾ വൈദ്യുതി ചാർജ് നിശ്ചയിക്കുന്നത്, സർക്കാരുകളല്ല. രാജ്യത്തെ വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കുന്നതിന് മുന്നോടിയായി കൊണ്ടുവന്ന വൈദ്യുതി നിയമം 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എതിരെ ജനങ്ങളുടെ ഭാഗത്തു നിന്നും ശക്തമായ പ്രതിഷേധങ്ങൾ ഉണ്ടായിരുന്നു. കേന്ദ്ര സർക്കാർ വൈദ്യുതി നിയമം 2003 നടപ്പിലാക്കുന്നതിന് മുമ്പ്, കേന്ദ്ര വൈദ്യുതി നയത്തിന്റെ ചുവടുപിടിച്ച് 1998ൽ തന്നെ കേരളത്തിൽ അന്നത്തെ എൽഡിഎഫ് സർക്കാർ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണം കൊണ്ടുവന്നു. വൈദ്യുതിബോർഡിനെ മൂന്ന് ലാഭ കേന്ദ്രങ്ങളായി വിഭജിച്ചു. ബോർഡിനെ കമ്പനിയാക്കുന്നതിനും കാലാന്തരത്തിൽ സ്വകാര്യവൽക്കരിക്കുന്നതിനുള്ള ലക്ഷ്യമിട്ടാണ് ഇതെല്ലാം നടപ്പിലാക്കിയതെന്ന് നമ്മുടെ പാർട്ടി ചൂണ്ടിക്കാണിച്ചിരുന്നു. വൈദ്യുതി ബോർഡിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വലിയ ചാർജ് വർദ്ധനവുകൾ ആകസ്മികമായി സംഭവിക്കുന്നതല്ല. ജനങ്ങളുടെ ശക്തമായ സമരത്തിലൂടെ മാത്രമെ വൈദ്യുതി ബോർഡിന്റെ സാമൂഹ്യ ബാദ്ധ്യത നിലനിർത്താനും ജനാനുകൂലമായ വൈദ്യുതി താരിഫുകൾ നടപ്പിൽ വരുത്താനും കഴിയുകയുള്ളൂ. അതിനായി ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ശക്തമായി മുന്നോട്ടുവന്നേ മതിയാകൂ. ■

# ടീസ്ത സെതൽവാദിനെയും ആർ.ബി.ശ്രീകുമാറിനെയും ഉടൻ വിട്ടയക്കുക

ഗുജറാത്ത് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് വ്യാജരേഖ ചമച്ചുവെന്നും ഗൂഢാലോചന നടത്തിയെന്നും ആരോപിച്ച് മനുഷ്യാവകാശപ്രവർത്തക ടീസ്ത സെതൽവാദിനേയും ഗുജറാത്ത് പോലീസിലെ മുൻ ഐപിഎസ് ഓഫീസറായ ആർ.ബി.ശ്രീകുമാറിനേയും ജൂൺ 25ന് അറസ്റ്റു ചെയ്ത അഹമ്മദാബാദ് പോലീസ് നടപടി തികഞ്ഞ ഫാസിസ്റ്റു രീതിയിലുള്ള പ്രതികാര നടപടിയാണ്. വിയോജിപ്പിന്റെ സ്വരങ്ങളോട് ബിജെപിയും ഭരണ സംവിധാനങ്ങളും രാജ്യമെമ്പാടും പ്രദർശിപ്പിക്കുന്ന ജനാധിപത്യ വിരുദ്ധ മനോഭാവത്തിനും നടപടികൾക്കുമെതിരെയും ടീസ്ത സെതൽവാദിനേയും ആർ.ബി.ശ്രീകരുമാറിനെയും വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ടും അതിശക്തമായ ജനകീയ പ്രതിഷേധം വളർത്തിയെടുക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനങ്ങളോടാഹ്വാനം ചെയ്യുന്നു.

**2002**ൽ ഗുജാത്തിൽ നടന്ന ദുരൂഹമായ ഗോധ്ര തീവയ്പ്പ സംഭവത്തെത്തുടർന്ന് അഹമ്മദാബാദിൽ അരങ്ങേറിയ ആസൂത്രിതമായ വംശഹത്യയിലെ ഒരു കുപ്രസിദ്ധ സംഭവമായിരുന്നു ഗുൽബർഗ് സൊസൈറ്റി കൂട്ടക്കൊല. അവിടെ നിഷ്ക്കരുണം കൊല ചെയ്യപ്പെട്ട 69 പേരിലൊരാളായ കോൺഗ്രസ് എംപി ഇഷാൻ ജഫ്രിയുടെ വിധവ സാക്കിയ ജഫ്രി സമർപ്പിച്ച ഹർജി തള്ളിക്കൊണ്ട് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിലെ ഒരു പരാമർശത്തിന്റെ പേരിലാണ് നീതിന്യായ വ്യവസ്ഥയെത്തന്നെ അപഹസിക്കുന്ന വിധത്തിലുള്ള ഈ അറസ്റ്റുണ്ടായിരിക്കുന്നത്. ഗുജറാത്ത് കൂട്ടക്കൊലയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിക്കും മറ്റ് 63 ഉദ്യോഗസ്ഥർക്കും പങ്കുണ്ടായിരുന്നവെന്ന ആരോപണത്തെക്കുറിച്ചന്വേഷിക്കാൻ, നീണ്ട നിയമനടപടികൾക്കുശേഷം രൂപീകരിക്കപ്പെട്ട പ്രത്യേകാന്വേഷണ കമ്മീഷൻ 2012ൽ സമർപ്പിച്ച റിപ്പോർട്ട് ഇവരെ കുറ്റവിമുക്തരാക്കി. അതു ശരിവച്ച മെട്രോപോളിറ്റൻ കോടതി വിധിക്കെതിരെ സാക്കിയ ജഫ്രി നൽകിയ പുനപരിശോധനാ ഹർജി 2017ൽ ഗുജറാത്ത് ഹൈക്കോടതിയും തള്ളി. അവർ വീണ്ടും സുപ്രീം കോടതിയെ സമീപിച്ചു. ആ ഹർജിയിലാണ് ഇപ്പോൾ വിധിവന്നിരിക്കുന്നത്.

പ്രത്യേകാന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് സമ്പൂർണ്ണമായി ശരിവച്ചു കൊണ്ടുള്ള ഈ സുപ്രീംകോടതിവിധി അസാധാരണവും വിചിത്രവുമായ ചില പരാമർശങ്ങളും നടത്തി. 'അസംതൃപ്തരായ ഒരു സംഘം ഉദ്യോഗസ്ഥർ സെൻസേഷൻ സൃഷ്ടിക്കാൻ ചിലരുമായി കൂട്ടു ചേർന്ന് തെറ്റെന്നു തങ്ങൾക്കു ബോദ്ധ്യമുള്ള വെളിപ്പെടുത്തലുകൾ നടത്തിയെന്നും' 'സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ ദുരുദ്ദേശത്തോടെ പ്രവർത്തിച്ച ഇവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളണമെന്നും' സുപ്രീം കോടതി പറഞ്ഞു. വിധി വന്ന് മണിക്കൂറുകൾക്കുള്ളിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഒരു മാധ്യമവുമായി അഭിമുഖ സംഭാഷണം നടത്തിക്കൊണ്ടിരിക്കേയാണ് ഈ അറസ്റ്റുകൾ നടന്നത്. ഒന്നാം പ്രതിയായി പേരു ചേർക്കപ്പെട്ട മുൻ പോലീസ് മേധാവി സഞ്ജയ് ഭട്ടിനെ മറ്റൊരു കേസിൽപ്പെടുത്തി രണ്ടു വർഷങ്ങൾക്കു മുമ്പേ അറസ്റ്റു ചെയ്തു തടവിലാക്കിയിരിക്കുകയാണ്.

മുൻ സുപ്രീം കോടതി ജസ്റ്റിസ് മദൻ ലോകുർ ഉൾപ്പടെയുള്ള നിയമ വിദഗ്ധർ അസാധാരണമെന്നും ദൗർഭാഗ്യകരമെന്നുമാണ് സുപ്രീം കോടതിയിലെ പരാമർശങ്ങളെപ്പറ്റിപ്പറഞ്ഞത്. അറസ്റ്റു ചെയ്യണമെന്നുദ്ദേശിച്ചില്ലെങ്കിൽ ഉടൻതന്നെ കോടതി അതു വിശദീകരിച്ചുകൊണ്ട് നിർദ്ദേശം നൽകണമെന്നും ജസ്റ്റിസ് ലോകുർ പറയുകയുണ്ടായി. ഇന്ത്യയിലെ മനുഷ്യാവകാശ പ്രശ്നങ്ങളെപ്പറ്റി ശബ്ദമുയർത്തുന്നവരെ തടവിലാക്കുന്നത് ഭീദിദമായ ഒരു സന്ദേശമാണ് പൊതുസമൂഹത്തിനു നൽകുക എന്ന് ആംനസ്റ്റി ഇന്റർനാഷണൽ അഭിപ്രായപ്പെട്ടു. യു.എൻ. മനുഷ്യാവകാശ കമ്മീഷൻ ഈ നടപടിയെ ശക്തമായി വിമർശിക്കുകയുണ്ടായി.

ഐതിഹാസികമായ കർഷക സമരത്തിന്റെ വിജയത്തിനു ശേഷം ഭരണകൂടവും അവരുടെ വിശ്വസ്തരായ ബിജെപിയും സംഘപരിവാറും എത്ര ഭ്രാന്തമായ വിധത്തിലാണു സമൂഹത്തെ വർഗ്ഗീയമായി വിഭജിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതെന്നു നാമിന്നു കാണുന്നുണ്ട്. മത,ഭാഷാ, പ്രദേശ വ്യത്യാസങ്ങളൊന്നും പരിഗണനയിലെടുക്കാതെ ഒരു പൊതുഡിമാന്റിനു വേണ്ടി ഒന്നിച്ചു പോരാടിയ കർഷകർ സമൂഹത്തിലേക്കു പടർത്തിയ സമരസന്ദേശത്തിന്റെ സ്വാധീനം ഭരണകൂട ശക്തികളെ സംബന്ധിച്ചിടത്തോളം മാരകമായ ഒന്നായിരുന്നു. അതുകൊണ്ടുതന്നെ അതിനുശേഷം മുസ്ലീം സമുദായത്തെ മുഖ്യധാരയിൽ നിന്നൊറ്റപ്പെടുത്താനും അപരവൽക്കരിക്കാനുമുള്ള ശ്രമങ്ങളവരാരംഭിച്ചു. മുസ്ലീം സമുദായത്തിന്റെ വിവിധ ആരാധനാലയങ്ങളുടെമേൽ ഒരു ന്യായീകരണവുമില്ലാത്ത അവകാശവാദങ്ങളുന്നയിക്കുകയും വിവിധ കോടതികളിൽ വ്യവഹാരങ്ങളാരംഭിക്കുകയും ചെയ്തു. വാരണാസിയിലെ ഗ്യാൻവാപി പള്ളിയിൽ സർവ്വേ നടത്താനും ശിവലിംഗമുണ്ടെന്നാരോപിക്കപ്പെട്ട സ്ഥലത്ത് മുസ്ലീങ്ങൾക്കു പ്രവേശനം നിഷേധിക്കുകയുംചെയ്തു ജില്ലാ കോടതിയുടെ വിധി അമ്പരപ്പിക്കുന്നതായിരുന്നു. ഏതൊരു ആരാധാനാലയത്തിന്റെ കാര്യത്തിലും 1947 ആഗസ്റ്റ് 15 ലെ സ്ഥിതിയിൽ മാറ്റം വരുത്തരുതെന്ന നിയമം നിലനിൽക്കേ ഒരു കോടതി തന്നെയാണിതു പറഞ്ഞതെന്നതാണ് ഇതിലെ വൈപരീത്യം. സുപ്രീം കോടതിപോലും അതിൽ മാറ്റം വരുത്താൻ തയ്യാറായില്ല. നിരാലംബരാണെന്ന ധാരണ മുസ്ലീങ്ങളിൽ സൃഷ്ടിക്കാനും അവരിലെ അക്ഷമരായ ഒരു വിഭാഗത്തെ പ്രകോപിപ്പിച്ച് അക്രമപ്രവർത്തനങ്ങളിലേക്കു നയിക്കാനുമുദ്ദേശിച്ചായിരുന്നു ഈ കൃത്യങ്ങളെല്ലാം. സംഘപരിവാർ നേതാക്കൾ മുസ്ലിങ്ങൾക്കെതിരെ നടത്തിക്കൊണ്ടിരുന്ന അധിക്ഷേപങ്ങൾ രൂക്ഷമാകുന്ന ഘട്ടത്തിലാണ് താനും ഒട്ടും കുറയ്ക്കുന്നില്ല എന്ന മട്ടിൽ ബിജെപിയുടെ ഔദ്യോഗിക വക്താവ് നൂപൂർ ശർമ്മ പ്രവാചകനായ മുഹമ്മദ് നബിക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയത്. അന്തർദ്ദേശീയ തലത്തിൽ തന്നെ ഇന്ത്യയ്ക്കവമതിപ്പുണ്ടാക്കിയ ഈ സംഭവത്തെത്തുടർന്ന് സ്വാഭാവികമായും പ്രകോപിതമായ മുസ്ലീം ജനസാമന്യത്തിലൊരു വിഭാഗം പ്രത്യക്ഷ പ്രതിഷേധ പരിപാടികളിലേക്കുവന്നു. നൂപൂർ ശർമ്മയ്ക്കെതിരെ കേസെടുക്കാതെ നിവൃത്തിയില്ലെന്നു വന്ന സർക്കാർ കേസെടുത്തെങ്കിലും അവരെ അറസ്റ്റു ചെയ്യാതെ പോലീസ് സംരക്ഷണം ഉറപ്പാക്കിക്കൊടുത്തു. എന്നാൽ പ്രതിഷേധിച്ച മുസ്ലീങ്ങളുടെ വീടുകളും കടകളും ഒരു നിയമവും പാലിക്കാതെ ബുൾഡോസർ ഉപയോഗിച്ചു തകർക്കുകയും ചെയ്തു. ബുൾഡോസർ അനീതി എന്നാണ് ജസ്റ്റിസ് ലോകുർ ഇതിനെ വിശേഷിപ്പിച്ചത്. ഈ നാട്ടിലെ നീതി തങ്ങൾക്കു വേണ്ടിയുള്ളതല്ല എന്ന തോന്നൽ ഉളവാക്കുന്ന തരത്തിലുള്ള അന്യവൽക്കരണമാണിതു മുസ്ലീങ്ങളിൽ സൃഷ്ടിച്ചത്. സംഘപരിവാറിന്റെ ലക്ഷ്യവും അതുതന്നെയായിരുന്നു. പ്രേരിപ്പിച്ചവർ സ്വതന്ത്രരായി നടക്കുകയും പ്രേരിപ്പിക്കപ്പെട്ടവർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന വിചിത്രമായ അവസ്ഥയാണിതിലൂടെ ഉണ്ടായത്. കഴിഞ്ഞവർഷം കൊറോണയിൽ രാജ്യം വിറങ്ങലിച്ചു നിൽക്കുമ്പോൾ ഡൽഹിയിൽ മുസ്ലീങ്ങളെ സംഘടിതമായാക്രമിച്ച വർഗ്ഗീയ കലാപം സമാനമായ ഒന്നായിരുന്നു. മുസ്ലീങ്ങൾക്കെതിരെ കലാപാഹ്വാനം നടത്തിയ എംഎൽഎ ഉൾപ്പടെയുള്ള ബിജെപി നേതാക്കളെ സ്വതന്ത്രരായി വിട്ട ഭരണകൂടം ആക്രമിക്കപ്പെട്ട മുസ്ലിങ്ങളെ അക്ഷരാർത്ഥത്തിൽ വിധിക്കുവിട്ടു കൊടുക്കുകയായിരുന്നു. അംഗഭംഗം വന്നവരെ ചികിത്സിക്കുന്നതിൽനിന്ന് ഡോക്ടർമാരെ വരെ തടഞ്ഞു. സ്വിച്ചിട്ടുപോലെ മുസ്ലിം പ്രദേശങ്ങളിലാരംഭിച്ച ഭീകരമായ ആക്രമണം അവരുടെ ജീവനോപാധികളെല്ലാം തകർത്തു കഴിഞ്ഞതോടെ അവസാനിക്കുകയും ചെയ്തു.

മുസ്ലീം വിരോധത്തിന്റെ അടിസ്ഥാനത്തിലുള്ള ഹിന്ദു മതഭ്രാന്തിന്റെ ഏകീകരണം ലാക്കാക്കി ബിജെപി നടത്തിക്കൊണ്ടിരുന്ന ഉപജാപങ്ങൾ പുരോഗമിക്കുന്നതിനിടയിലാണ് ഗുജറാത്ത് വംശഹത്യയിലെ മോദിയുടെ പങ്കിനെ വെള്ളപൂശുന്ന കോടതി വിധി വന്നത്. തങ്ങൾക്കെതിരെയുള്ളവരെയെല്ലാം അരിഞ്ഞു വീഴ്ത്താനുള്ള ചോരക്കൊതിയുമായി നടക്കുന്ന ഭരണകൂടം ഒട്ടും വൈകാതെ ടീസ്ത സെതൽവാദിനെയും ആർ.ബി.ശ്രീകുമാറിനെയും അറസ്റ്റു ചെയ്തു. ഏറ്റവുമൊടുവിൽ ജൂലൈ ഒന്നിന്, തനിക്കെതിരെ രാജ്യത്തു പല ഭാഗത്തുമുള്ള കേസുകൾ ഒന്നിച്ചു പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നൂപൂർ ശർമ്മ സമർപ്പിച്ച ഹർജി തീർപ്പാക്കിക്കൊണ്ട് സുപ്രീം കോടതി പറഞ്ഞത് നൂപൂർ ശർമ്മ രാജത്തോടു മാപ്പു പറയണമെന്നാണ്! അവർക്ക് അറസ്റ്റു വേണ്ടതില്ല. മാപ്പു മാത്രം മതിയാകും! എന്തൊരു നീതി!

ഇതിനിടയിൽ രാജ്യാന്തര ശ്രദ്ധ നേടിയ മറ്റൊരു അറസ്റ്റും നടന്നു. നിരവധിയാൾക്കാർ ഷെയർ ചെയ്ത ഒരു ചിത്രം പോസ്റ്റു ചെയ്തതിന്റെ പേരിൽ 2020ൽ ഒരാൾ നൽകിയ പരാതിയുടെയടിസ്ഥാനത്തിൽ ആൾട്ട് മീഡിയ സ്ഥാപകൻ മുഹമ്മദ് സുബൈറിനെ പോലീസ് മതസ്പർധ ഉണ്ടാക്കിയെന്ന വകുപ്പു ചേർത്ത് അറസ്റ്റു ചെയ്തു. സംഘപരിവാറുൾപ്പടെയുള്ളവർ പ്രചരിപ്പിക്കുന്ന നിരവധി വ്യാജവാർത്തകളുടെ സത്യാവസ്ഥ വെളിപ്പെടുത്തിയ ഒരു വസ്തുതാന്വേഷണ സൈറ്റായിരുന്നു ആൾട്ട് മീഡിയ. ഇന്ത്യയുടെ വിദേശവ്യാപാരത്തെത്തന്നെ ബാധിക്കുന്ന തരത്തിൽ പ്രതികരിച്ച നൂപൂർ ശർമ്മ സ്വതന്ത്രമായി വിലസുന്ന നാട്ടിൽ കേവലം ഒരാൾ മാത്രം പരാതിപ്പെട്ട ഒരു ട്വിറ്റർ ഹാൻഡിലിന്റെ പേരിൽ മുഹമ്മദ് സുബൈർ ഇരുമ്പഴിയ്ക്കുള്ളിലും! സിവിൽസമൂഹപ്രവർത്തകരുടെ സ്വാതന്ത്ര്യവും വൈവിധ്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനായുള്ള ഉറപ്പു നൽകുന്ന പ്രസ്താവനയിൽ ജി -7 രാഷ്ട്രങ്ങളോടൊപ്പം ഇന്ത്യ ഒപ്പിട്ട ദിവസം തന്നെയാണീ അറസ്റ്റ് എന്ന വൈരുദ്ധ്യവും നമുക്കു കാണാം.

രണ്ടാം ലോകയുദ്ധാനന്തര കാലഘട്ടത്തിൽ വികസിതവും അവികസിതവുമായ എല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും പൊതുസവിശേഷതയായി ഫാസിസം മാറിയിരിക്കുന്നു എന്നു നിരീക്ഷിച്ചത് സഖാവ് ശിബ്ദാസ് ഘോഷാണ്. സാമ്പത്തികമായ കേന്ദ്രീകരണം, ഭരണകൂടത്തിൽ രാഷ്ട്രീയാധികാരത്തിന്റെ കേന്ദ്രീകരണം, ഭരണപരമായ കാർക്കശ്യം, സാംസ്കാരികമായ ചിട്ടപ്പെടുത്തൽ, കുത്തകകളുടെയും ഭരണകൂടത്തിന്റെയും താല്പര്യങ്ങൾ തമ്മിലുള്ള ഏകീകരണം ഇവയൊക്കെയാണു ഫാസിസത്തിന്റെ ലക്ഷണങ്ങൾ. സമ്പൂർണ്ണ ഫാസിസം ആവിഷ്കരിക്കാൻ മുതലാളിത്തത്തിനിതുവരെ കഴിഞ്ഞിട്ടില്ലെങ്കിലും ഇന്ത്യയിലും ഈ ലക്ഷണങ്ങളെല്ലാം ശക്തമാണ്. അനുദിനം അവ രൂക്ഷമായിക്കൊണ്ടിരിക്കുന്നു എന്നാണു മേൽ സൂചിപിച്ച സംഭവങ്ങൾ കാണിക്കുന്നത്. സമ്പൂർണ്ണ ഫാസിസം വന്നില്ലെങ്കിലും ഭരണപരമായ ഫാസിസം പിടിമുറുക്കിയിട്ടുണ്ട് നമ്മുടെ രാജ്യത്ത്. ഭരണഘടനയുടെ അന്തഃസത്തയെത്തന്നെ തകർക്കുന്ന കരിനിയമങ്ങൾ പാർലിമെന്റിൽ പാസ്സാക്കപ്പെടുന്നതും ഭരണനിർവ്വഹണവിഭാഗവും പോലീസുമെല്ലാം അവ കർശനമായി ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതും ഇതിന്റെ തെളിവുകളാണ്. എന്നാൽ സമീപകാലം വരെയെങ്കിലും കോടതികൾ ഈ ദൗത്യത്തിന്റെ ഭാഗമായി പ്രത്യക്ഷത്തിൽ വന്നിരുന്നില്ല. എന്നാൽ വ്യവസ്ഥിതിക്കെതിരെയുള്ള ജനരോഷം തീവ്രമാകുകയും പലയിടങ്ങളിലും അത് പ്രകടിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ കോടതി തന്നെയും കുത്തകകളുടെ താല്പര്യവുമായി താദാത്മ്യപ്പെട്ടുകൊണ്ട് ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളുടെമേൽ കൈവക്കുന്നത് അപൂർവ്വമല്ലാതായിട്ടുണ്ട്. കൊറോണയുടെ ആഘാതത്താൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് വേതനം നൽകാനുള്ള തീരുമാനമെടുക്കാൻ സർക്കാർ നിർബ്ബന്ധിതരായപ്പോൾ കുത്തകകളുടെ ആവശ്യം പരിഗണിച്ച് അതു റദ്ദാക്കിയത് സുപ്രീം കോടതിയായിരുന്നു.

വരാനിരിക്കുന്ന തൊഴിലാളി വർഗ്ഗ വിപ്ലവത്തെ തടയാൻ മുതലാളിത്തം ശ്രമിക്കുന്ന, ചരിത്രപരമായി പരുവപ്പെടുത്തപ്പെട്ട പ്രതിവിപ്ലവ രൂപമാണു ഫാസിസം എന്ന ശിബ്ദാസ് ഘോഷിന്റെ പാഠം മനസ്സിലാക്കിയാൽ മുതലാളിത്തം ഇന്ന് ഇന്ത്യയിൽ എത്ര പ്രതിസന്ധിയിലാണ് എന്നു മനസ്സിലാക്കാം. കർഷക സമരം ഉയർത്തിവിട്ട ജനാധിപത്യസമരത്തിന്റെ അന്തരീക്ഷം മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം വച്ചു പൊറുപ്പിക്കാൻ കഴിയാത്തതാണ്. ഈ

(ശേഷം 4–ാം പേജിൽ)

'അഗ്നിപഥ്' ഉയർത്തുന്ന ചോദ്യങ്ങൾ

# പ്രബല രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിസ്സംഗത അഗ്നിപഥ് വിരുദ്ധ പ്രക്ഷോഭത്തെ ദുർബ്ബലപ്പെടുത്തി

(1-ാം പേജിൽ നിന്ന്)

ക്കുക കൂടി ചെയ്തപ്പോൾ സൈനികനിയമനത്തിൽനിന്നും എന്നെന്നേയ്ക്കുമായി ഇവർ പുറത്താവുകയും ചെയ്തു. അങ്ങനെ ദീർഘനാളായി നേരിടുന്ന അപമാനവും പ്രതീക്ഷയറ്റ അവസ്ഥയും പൊടുന്നനെ രാജ്യത്തെ യുവാക്കളെ ഒരു പൊട്ടിത്തെറിയിലേയ്ക്ക് എടുത്തെറിയുകയായിരുന്നു. എന്നാൽ ഭരണാധികാരികളാകട്ടെ, അവരുടെ പ്രശ്നങ്ങൾ ക്ഷമാപൂർവ്വം കേൾക്കുന്നതിനുപകരം റെയിൽവേ സംരക്ഷണ സേനയെ ഉൾപ്പെടെ രംഗത്തിറക്കി പ്രക്ഷോഭത്തെ അടിച്ചമർത്തി. എന്നുമാത്രവുമല്ല, സമരം ചെയ്തവരെ എന്നന്നേക്കുമായി എല്ലാ സർക്കാർ ജോലികളിൽനിന്നും അയോഗ്യരാക്കുകയും ചെയ്തു.

കേന്ദ്ര സംസ്ഥാനസർക്കാരുകളുടെ നിയമനനിരോധനവും തസ്തിക വെട്ടിച്ചുരുക്കലും വൻതോതിലുള്ള കരാർവൽക്കരണവും മനുഷ്യാധ്വാനത്തെ ഭീമമായി പുറന്തള്ളുന്ന ആധുനികസാങ്കേതികവിദ്യകളും എല്ലാം ചേർന്ന് രാജ്യത്ത് കോടിക്കണക്കിന് തൊഴിൽരഹിതരെ സൃഷ്ടിക്കുകയാണ്. തീവണ്ടികളിൽകുത്തിനിറയ്ക്കപ്പെട്ട്, തൊഴിൽ തേടി അലയുന്ന ലക്ഷങ്ങൾ നടത്തുന്ന കൂട്ടപലായനങ്ങളുടെ കരളലിയിക്കുന്ന ദൃശ്യങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുന്നു. രാഷ്ട്രത്തിന്റെ ദയനീയപ്രതീകങ്ങളായി മാറിയിട്ടുള്ള തൊഴിൽരഹിതരോട് സഹാനുഭൂതിയുടെ കണികപോലുമില്ലാത്ത സമീപനമാണ് സർക്കാരുകൾ വച്ചുപുലർത്തുന്നത്. അതിന്റെ ഏറ്റവും വ്യക്തതയാർന്ന ഉദാഹരണമാണ് അഗ്നിപഥ് പദ്ധതി.

## എന്താണ് അഗ്നിപഥ്?

പതിനേഴര മുതൽ 23 വയസ്സ് വരെയുള്ളവരെ നാലുവർഷത്തേക്ക് സൈനികസേവനത്തിന് നിയോഗിക്കുന്നതാണ് അഗ്നിപഥ് എന്ന പുതിയ സൈനികസേവന പദ്ധതി. തെരഞ്ഞെടുക്കപ്പെടുന്നവർ അഗ്നിവീർ എന്നറിയപ്പെടും. ഓഫീസർ പദവിക്കും താഴെയുള്ള എല്ലാ സൈനികനിയമനങ്ങൾക്കും ഇനിമേൽ അഗ്നിപഥ് പദ്ധതി മാത്രമേ ഉണ്ടാകൂ. ഈ വർഷം തന്നെ 46,000 പേരെ നിയമിക്കുമെന്നാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. നിയമനം ലഭിച്ചവരിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 25 ശതമാനം പേർക്ക് സൈന്യത്തിൽ സ്ഥിരനിയമനം ലഭിക്കും. സൈന്യത്തിൽ ചേരാനുള്ള നിയമനമാനദണ്ഡങ്ങൾതന്നെയാകും അഗ്നിപഥിലും പിന്തുടരുക. വർഷത്തിൽ രണ്ടുതവണ റിക്രൂട്ട്മെന്റ് റാലികൾ നടത്തി നിയമനം നടത്തും. ആദ്യത്തെ ആറുമാസം പരിശീലനം നൽകും. 30,000 രൂപയിൽ തുടങ്ങുന്ന പ്രതിമാസ ശമ്പളം കാലാവധി പൂർത്തിയാകുമ്പോൾ 40,000 രൂപ വരെയാകും. ശമ്പളത്തിന്റെ 30 ശതമാനം സേവാനിധിയിലേക്ക് മാറ്റും. പ്രസ്തുത തുകയും ചേർത്ത് വിരമിക്കുമ്പോൾ 11.71 ലക്ഷം രൂപ ലഭിക്കും. എന്നാൽ പെൻഷനും ഗ്രാറ്റ്വിറ്റിയും ഉൾപ്പടെ വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങളൊന്നും ഇവർക്കുണ്ടാകില്ല. വിവിധ സർക്കാർ വകുപ്പുകളിലേക്കും ഏജൻസികളിലേക്കുമുള്ള നിയമനങ്ങളിൽ അഗ്നിവീറിന് വിഹിതമുണ്ടാകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിലവിലെ വിമുക്തഭടന്മാരുടെ ജോലിലഭ്യത പരിശോധിച്ചാൽ ഇത് വെറും തട്ടിപ്പാണെന്ന് മനസ്സിലാക്കാം.

പരിപൂർണ്ണമായും ഇതൊരു കരാർ നിയമനമാണ്. സ്ഥിരംജോലിയുടെ യാതൊരു ആനുകൂല്യങ്ങളുമില്ലാത്ത താൽക്കാലികനിയമനം മാത്രം. നവലിബറൽ നയങ്ങളുടെ ഭാഗമായി സർവ്വമേഖലകളിലും നടപ്പാക്കുന്ന കരാർ നിയമനം സൈന്യത്തിലേക്കുകൂടി വ്യാപിപ്പിക്കുന്നു എന്നർത്ഥം. സൈന്യത്തിൽ പെൻഷനുവേണ്ടി ചെലവഴിക്കുന്ന ഭീമമായ തുക വെട്ടിക്കുറയ്ക്കുക എന്ന ലക്ഷ്യവും അഗ്നിപഥിനുണ്ടെന്ന് ഉയർന്ന സൈനികോദ്യോഗസ്ഥർ നടത്തിയ പത്രസമ്മേളനത്തിൽ വ്യക്തമാക്കുകയുണ്ടായി. അങ്ങനെ വൺ റാങ്ക്, വൺ പെൻഷൻ എന്ന മുദ്രാവാക്യമുയർത്തി അധികാരത്തിൽ വന്ന ബിജെപിയുടെ പുതിയ പദ്ധതി നോ റാങ്ക്, നോ പെൻഷൻ എന്നായി മാറിയിരിക്കുന്നു.

സൈന്യത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സൈന്യത്തെ ചെറുപ്പമാക്കാനും വേണ്ടിയാണ് പദ്ധതി നടപ്പാക്കുന്നത് എന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ കരാർ നിയമനം നടക്കുന്ന അദ്ധ്യാപനരംഗത്തടക്കം കാര്യക്ഷമതയും ഉത്തരവാദിത്തബോധവും കുറഞ്ഞു വരുന്നതാണ് അനുഭവം. അപ്പോൾ ഈ അവകാശവാദത്തിൽ കഴമ്പില്ല. എന്നുമാത്രവുമല്ല കാര്യക്ഷമതക്കുറവ് സൈന്യത്തിലാകുമ്പോൾ അത് രാജ്യരക്ഷയെപ്പോലും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവമമുള്ളതാണ്.

18 വയസ്സിൽ ചേരുന്നവർക്ക് 15 വർഷത്തെ സേവനത്തിനുശേഷം സർവ്വആനുകൂല്യങ്ങളോടെയും വിരമിക്കാനുള്ള അവസരം ഇപ്പോൾ നിലവിലുണ്ട്. വിരമിക്കുന്നവരുടെ ഒഴിവിലേക്ക് പുതിയ നിയമനം നടത്തുകയുമാകാം. 33 വയസ്സ് എന്നത് കാര്യക്ഷമമായ ചെറുപ്പകാലംതന്നെയാണ്. അപ്പോൾ സൈന്യത്തെ ചെറുപ്പമാക്കാൻ എന്ന വാദഗതിയും അടിസ്ഥാനരഹിതമാണ്.




അഗ്നിപഥ് പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എഐഡിവൈഒ, എഐഡിഎസ്ഒ സംഘടനകൾ സംയുക്തമായി ജൂൺ 23ന് നടത്തിയ തിരുവനന്തപുരം ജിപിഒ മാർച്ചിൽ എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം അജിത്ത് മാത്യു പ്രസംഗിക്കുന്നു.

എല്ലാ മേഖലകളിലും സ്ഥിരനിയമനം കുറച്ചുകൊണ്ടുവരുന്ന നയമാണ് സർക്കാരുകൾ അവലംബിക്കുന്നത്. സർക്കാരിന്റെ എല്ലാ പിന്തുണയും തലോടലും ലഭിക്കുന്ന, കണക്കില്ലാതെ പണം ചൊരിയുന്ന മേഖലയായ സൈന്യത്തിലെങ്കിലും ഒരു സ്ഥിരജോലി ലഭിക്കുന്നമെന്നുകരുതി അനേകായിരം യുവാക്കളാണ് റിക്രൂട്ട്മെന്റ് റാലികളിൽ എത്തുന്നത്. ഇവരുടെ പ്രതീക്ഷകൾ അഗ്നിപഥ് തകിടം മറിക്കുന്നുവെന്ന കാര്യം വ്യക്തമാണ്. കഴിഞ്ഞ രണ്ടുവർഷമായി സേനയിലേക്ക് റിക്രൂട്ട്മെന്റ് നടത്താതിരുന്നത് ഈ കുൽസിതമാർഗ്ഗം മുന്നിൽ കണ്ടുകൊണ്ടാണ് എന്നുവേണം വിചാരിക്കാൻ. കുറഞ്ഞ കാലത്തെ പരിശീലനം സൈന്യത്തിന്റെ ഗുണമേന്മയെ ബാധിക്കുമെന്ന വിമർശനം വിരമിച്ച സൈനികഉദ്യോസ്ഥർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. യുദ്ധരംഗം അതിവേഗം ഹൈടെക് ആയി മാറിക്കൊണ്ടിരിക്കുന്നു എന്നതും സാങ്കേതിവിദ്യാവികാസം തൊഴിലെടുക്കുന്നവരുടെ എണ്ണം കുറയ്ക്കുന്നതിലേക്ക് നയിക്കുന്നു എന്നതും ശരിയാണ്. എന്നാൽ ഇതിലൂടെയെല്ലാം പെരുകുന്ന തൊഴിലില്ലായ്മയ്ക്ക് ശമനം വരുത്താൻ ഉതകുംവിധം പുതിയ മേഖലകളും അവസരങ്ങളും തുറന്നുകൊടുക്കുന്നില്ലെങ്കിൽ സ്ഫോടനാത്മകമായ സ്ഥിതി വിശേഷമാകും രാജ്യത്തുണ്ടാവുക. ഒരു സർക്കാർജോലി ലഭിക്കുക എന്നത് ഏറെ ദുഷ്കരമായിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ സൈനികസേവനമെങ്കിലും നടത്തി ജീവിതം സുരക്ഷിതമാക്കാം എന്ന പ്രതീക്ഷയും അസ്തമിക്കുകയാണ്. ബീഹാർ, യുപി, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ യുവാക്കൾ അഗ്നിപഥ് പദ്ധതിക്കെതിരെ വൻതോതിൽ തെരുവിലിറങ്ങിയത് ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടാണ്.

## അഗ്നിപഥ് ഉയർത്തുന്ന ഗൗരവതരമായ ആശങ്കകൾ

തൊഴിലവസരങ്ങളുടെയും സ്ഥിരം തൊഴിലിന്റെയും പ്രശ്നത്തിനപ്പുറത്തേക്കുകൂടി കണ്ണോടിക്കാൻ ഈ പദ്ധതി നമ്മോടാവശ്യപ്പെടുന്നുണ്ട്. നിലവിൽ പതിനഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കി സിവിലിയൻ ജീവിതത്തിലേക്കുവരുന്നവരുടെ എണ്ണത്തിന്റെ ഏതാണ്ട് നാല് മടങ്ങ്, സൈനികപരിശീലനം നേടിയ പൗരന്മാരെ അഗ്നിപഥ് സൃഷ്ടിക്കും. ഇപ്രകാരം സമൂഹത്തിന്റെ വൻതോതിലുള്ള സൈനികവൽക്കരണത്തിന് ഇടനൽകുന്ന അഗ്നിപഥ് എന്തു ഫലമായിരിക്കും സൃഷ്ടിക്കുകയെന്ന് നിരവധി പ്രഗത്ഭർ ചോദ്യം ഉയർത്തുന്നു. സ്ഥിരനിയമനം നേടി സൈന്യത്തിൽ തുടരുന്ന 25 ശതമാനത്തെ നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം മികച്ച പ്രകടനമായിരിക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആരാണ് സൈന്യത്തിൽ അവശേഷിക്കുക? മികച്ച പ്രകടനമെന്ന മാനദണ്ഡത്തിന് വ്യക്തമായ യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല എന്നത് ജനാധിപത്യവിശ്വാസികളെ വലിയതോതിൽ അലട്ടുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയലക്ഷ്യങ്ങൾക്ക് ഇണങ്ങുന്ന ഒരു പ്രത്യേക മനോഘടനയുള്ളവർ മാത്രം സൈന്യത്തിൽ അവശേഷിക്കുന്ന സ്ഥിതി ഉണ്ടാകുമോ എന്ന ആശങ്ക ഉയർത്തപ്പെട്ടുകഴിഞ്ഞു. പ്രത്യേകിച്ചും രാഷ്ട്രീയനേട്ടങ്ങൾക്കായി സൈന്യത്തെ ഉപയോഗപ്പെടുത്തുന്നതായുള്ള വിമർശനം കാശ്മീരിന്റെയും വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുടെയും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി മാധ്യമങ്ങൾ മുമ്പുതന്നെ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ ഈ ആശങ്കകൾക്ക് അടിസ്ഥാനമുണ്ടെന്ന് കരുതേണ്ടിവരും.

അയൽരാജ്യങ്ങളുമായി ശത്രുത നിലനിർത്തുകയും അതിന്റെ പേരിൽ സൈനികബജറ്റ് വർദ്ധിപ്പിച്ച് ആയുധകമ്പോളത്തിന് കൃത്രിമോത്തേജനം നൽകുകയും ചെയ്യുക എന്നത് ഏതാണ്ടെല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും പൊതുപ്രവണതയായി മാറിയിട്ടുണ്ട്. യുദ്ധത്തെയും സൈനികവൃത്തിയെയും അങ്ങേയറ്റം ആദർശവൽക്കരിക്കുന്നു. കൃത്രിമമവും സങ്കുചിതവുമായൊരു ദേശസ്നേഹചിന്ത ഇളക്കിവിട്ട് ജനങ്ങളെ സർക്കാരിന്റെ ചെയ്തികൾക്കൊപ്പം നിർത്തുകയെന്ന ഹീനലക്ഷ്യവും ഇതിലൂടെ സാധിക്കുന്നു. സർക്കാരിന്റെ നയങ്ങളെ എതിർക്കുന്നവരെ വിദേശരാജ്യങ്ങളുടെ ഏജന്റുമാരായും രാജ്യദ്രോഹികളായും ചിത്രീകരിച്ച് നിശബ്ദരാക്കാനും അമർച്ചചെയ്യാനുമുള്ള വഴിയും ഇതിലൂടെ തുറന്നുകിട്ടുന്നു.

രാജ്യത്തിന്റെ രാഷ്ട്രീയ - സാമൂഹ്യ സാഹചര്യം അളക്കാനാവാത്ത പതനത്തിലേക്ക് വീഴുകയാണ്. നാടിന്റെ ജനാധിപത്യഘടന ഇത്രമേൽ ചോദ്യംചെയ്യപ്പെടുന്ന അതീവഗൗരവതരമായ ഒരു സ്ഥിതിവേശേഷം ഇതിനുമുമ്പുണ്ടായിട്ടില്ല. അധികാരിവർഗ്ഗത്തിന്റെ നീചകൃത്യങ്ങൾക്ക് ദാസ്യപ്പണി ചെയ്യുന്ന ഒന്നായി ഭരണകൂടത്തിന്റെ എല്ലാ ഘടകങ്ങളും അധഃപതിക്കുന്നതായി വ്യാപകമായി വിമർശനം ഉയരുന്നു. കോടതികൾ പോലും ഭരണഘടനാ ലംഘനങ്ങൾക്കും ജനാധിപത്യക്കുരുതികൾക്കും കൂട്ടുനിൽക്കുന്നു. പോലീസും അന്വേഷണഏജൻസികളും കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഇംഗിതങ്ങൾ നിറവേറ്റുന്നതിനായി ഭരണഘടന നൽകുന്ന ജനാധിപത്യ-പൗരാവകാശങ്ങൾ നിർദ്ദാക്ഷിണ്യം കുരുതികഴിക്കുകയാണ്. സാധാരണപൗരന്മാർക്കുനേരെയുള്ള പോലീസിന്റെയും സൈന്യത്തിന്റെയും പക്ഷപാതപരമായ അതിക്രമങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലകളിൽ പ്രത്യേക അധികാരങ്ങളോടെ നിയോഗിക്കപ്പെട്ട സേനാദളങ്ങൾ അനേകായിരങ്ങളുടെ ജീവിതത്തിൽ ഭീതി വിതച്ചുകൊണ്ടിരിക്കുന്നത് നാം കാണുകയാണ്. വ്യാജഏറ്റുമുട്ടൽ കൊലപാതകങ്ങളുടെ സുരക്ഷിതമാർഗ്ഗവും സൈന്യം അവലംബിക്കുന്നുണ്ട് എന്നതും വെളിച്ചത്തായ യാഥാർത്ഥ്യമാണ്. 2021 ഡിസംബർ നാലിന്, നാഗലാന്റിൽ 14 നിരപരാധികളായ ഖനിത്തൊഴിലാളികളെയും നാട്ടു

(ശേഷം 5-ാം പേജിൽ)

(3-ാം പേജിൽ നിന്ന്)

സമരാന്തരീക്ഷം തങ്ങളുടെ ചൂഷണ ഭരണത്തിന് അപകടകരമായ വിധത്തിൽ വളർന്നു വരുമെന്നവർ സഹജാവബോധം കൊണ്ടെന്നവണ്ണം മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ടാണവർ ജനൈക്യത്തെ തകർക്കാനും ഏതൊരു പോരാട്ടശ്രമത്തെയും മുളയിലേ നുള്ളിക്കളയാനും ശ്രമിക്കുന്നത്. പാമ്പ് പത്തിവിടർത്തുന്നതും കൊത്താനായുന്നതും അതു പേടിക്കുമ്പോഴാണ്. ജനാധിപത്യ സമരങ്ങളെ ഭയപ്പാടോടെ കാണുന്ന അവസ്ഥയിലാണിന്നു മുതലാളിത്തം. അതുകൊണ്ടു തന്നെയാണത് പല്ലും നഖവും കൂർപ്പിച്ച് ജനങ്ങളുടെ നേരെ തിരിയുന്നത്. അതിശക്തമായ ജനാധിപത്യ സമരങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞാൽ അതു ജനങ്ങളുടെ മോചനത്തിനു വഴിതെളിക്കും എന്ന പ്രത്യാശയുടെ നാളവും ഈ ഇരുണ്ട കാലത്തു തെളിയുന്നുണ്ട് എന്നതാണു യാഥാർത്ഥ്യം. ■

# മാനവ മോചനത്തിന്റെ ഒരേയൊരു പാത മാർക്സിസം–ലെനിനിസം–ശിബ്ദാസ് ഘോഷ് ചിന്തകൾ

**(ഏപ്രിൽ 24ന് കൊൽക്കത്തയിൽ നടന്ന പാർട്ടി 75-ാം സ്ഥാപന ദിനാചരണയോഗത്തിൽ എസ്‌യുസിഐ (സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രഭാഷണത്തിന്റെ മലയാള പരിഭാഷ മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കും. അതിന്റെ ആദ്യഭാഗം ചുവടെ ചേർത്തിരിക്കുന്നു.)**


സഖാവ് അധ്യക്ഷൻ,
സഖാക്കളെ, സുഹൃത്തുക്കളെ,

നാം നമ്മുടെ സ്ഥാപന ദിനം ആചരിക്കുന്ന ഈ സന്ദർഭത്തിൽ രാജ്യം എത്ര ശ്വാസംമുട്ടിക്കുന്ന, അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത് എന്ന് നിങ്ങൾക്ക് ഏവർക്കും അറിയാം. ഇതേ കുറിച്ച് രണ്ട് പ്രമേയങ്ങൾ നിങ്ങൾക്ക് മുൻപിൽ ഇതിനകം അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു. ആ പ്രമേയങ്ങളിൽ നിന്നും ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും നാം നേരിട്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ തീവ്രത നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും എന്നു ഞാൻ കരുതുന്നു. ഈ പ്രശ്നങ്ങളെ ശിബ്ദാസ് ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ പരിശോധിക്കാനും നമ്മുടെ ചുമതലകൾ നിർണ്ണയിക്കാനും അവയെക്കുറിച്ചുള്ള എന്റെ മനസ്സിലാക്കൽ ചുരുങ്ങിയ വാക്കുകളിൽ നിങ്ങൾക്ക് മുൻപിൽ പ്രതിപാദിക്കാൻ ഞാനാഗ്രഹിക്കുന്നു.

## സോഷ്യലിസം നിലനിന്നിരുന്നെങ്കിൽ ഉക്രൈന് റഷ്യൻ ആക്രമണം ഈ വിധം നേരിടേണ്ടിവരുമായിരുന്നില്ല

കുറച്ചുകാലമായി സാമ്രാജ്യത്വ റഷ്യ യുക്രൈൻ എന്ന ചെറുരാജ്യത്തിനുമേൽ നടത്തിക്കൊണ്ടിരിക്കുന്ന സൈനിക ആക്രമണത്തെക്കുറിച്ച് നിങ്ങൾക്ക് ഏവർക്കും അറിയാം. കരമാർഗ്ഗവും വായുമാർഗവും കടൽ വഴിക്കുമുള്ള നിരന്തരമായ ആക്രമണത്തിന്റെ ഫലമായി ആ രാജ്യം കേവലം ഒരു കൽക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്നു. ഏതു റഷ്യയാണ് ഈ ആക്രമണത്തിന് പിറകിലുള്ളത്? രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരികൊള്ളുന്ന കാലം, ജർമ്മനി-ഇറ്റലി ഫാസിസ്റ്റ് ശക്തികളും ജപ്പാനീസ് സാമ്രാജ്യത്വവും ചേർന്ന് യൂറോപ്പിനെ ആകമാനം തങ്ങളുടെ അധീനതയിൽ ആക്കിയിരുന്ന ആ സമയം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. ഫ്രാൻസ് കീഴടങ്ങി കഴിഞ്ഞിരുന്നു; ഇംഗ്ലണ്ട് ആവട്ടെ പരാജയത്തിന്റെ വക്കിലും. പാശ്ചാത്യലോകത്തെ മഹാരഥന്മാരായ റൊമെയ്ൻ റോളണ്ട്, ബർണാഡ് ഷാ, ആൽബർട്ട് ഐൻസ്റ്റീൻ മുതലായവരെല്ലാം തന്നെ കടുത്ത ആശങ്കയിലായിരുന്ന സന്ദർഭം.

നമ്മുടെ നാട്ടിലും സ്വാതന്ത്ര്യ സമരസേനാനികളും മറ്റു സാമൂഹ്യ സാംസ്കാരിക നേതാക്കളും എല്ലാം ഭയചകിതരായിരുന്നു. ആരാണ് മാനവരാശിയെ രക്ഷിക്കാൻ മുന്നോട്ടുവരിക? യുദ്ധത്തിന്റെ സമയത്ത് രവീന്ദ്രനാഥ ടാഗോർ മരണക്കിടക്കയിൽ ആയിരുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ പ്രശാന്ത ചന്ദ്ര മഹാലനോബിസ് ടാഗോറിന് ഒപ്പംതന്നെ ഉണ്ടായിരുന്നു. ടാഗോർ നിരന്തരം ഈ യുദ്ധഗതിയെ കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു എന്ന് മഹാലനോബിസ് എഴുതിയിട്ടുണ്ട്. ഫാസിസ്റ്റ് ജർമ്മനിയുടെ മുന്നേറ്റങ്ങളെ കുറിച്ചുള്ള വാർത്തകൾ വായിക്കുമ്പോൾ ടാഗോറിന്റെ മുഖം വിവർണമാകുമായിരുന്നു എന്നും അദ്ദേഹം വർത്തമാനപത്രം വലിച്ചെറിയുമായിരുന്നുവെന്നും മഹാലനോബിസ് എഴുതി. എന്നാൽ തന്റെ അവസാന ശസ്ത്രക്രിയയ്ക്ക് തൊട്ടുമുൻപ് സ്റ്റാലിന്റെ നേതൃത്വത്തിൽ ചെമ്പട ജർമൻ മുന്നേറ്റത്തിന് തടയിടുന്നതായ വാർത്തകൾ കേട്ടപ്പോൾ അദ്ദേഹം സന്തുഷ്ടനായി. 'അവർക്കു മാത്രമേ അതിന് കഴിയൂ' എന്ന് അദ്ദേഹം പറഞ്ഞു. അക്കാലത്ത് സ്വാതന്ത്ര്യ സമര സേനാനികളും ഫാസിസ്റ്റ് വിരുദ്ധ പോരാളികളും സമൂഹത്തിലെ മുൻനിരയിൽ നിൽക്കുന്ന മറ്റ് മഹാരഥന്മാരും പ്രതീക്ഷയോടെ ഉറ്റു നോക്കിക്കൊണ്ടിരുന്നത് സോവിയറ്റ് യൂണിയനെയാണ്. മഹാനായ സ്റ്റാലിൻ ചെമ്പടയെ ഫാസിസ്റ്റുകൾക്കെതിരെ അണിനിരത്തി. അതിനുവേണ്ടി അദ്ദേഹം രാപ്പകൽ വിശ്രമമില്ലാതെ പണിയെടുത്തു. അക്കാലത്ത് സ്റ്റാലിന്റെ സന്തതസഹചാരിയായിരുന്ന മാർഷൽ ഷുക്കോവ് തന്റെ ഓർമക്കുറിപ്പുകളിൽ പറയുന്നത് ആ പ്രായത്തിലും സ്റ്റാലിന് വിശ്രമം ലഭിക്കുന്നതെപ്പോഴാണെന്നോ അദ്ദേഹം ഉറങ്ങുന്നതെപ്പോഴാണെന്നോ അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നായിരുന്നു. യുദ്ധതന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഏത് സമയത്തും സ്റ്റാലിൻ അവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. സ്റ്റാലിന്റെ ഒരു മകനെ ജർമ്മൻ സേന യുദ്ധത്തടവുകാരനായി പിടിക്കുകയുണ്ടായി. ചെമ്പടയുടെ കൈവശമുള്ള തങ്ങളുടെ ഒരു മാർഷലിനെ വിട്ടുനൽകാമെങ്കിൽ പകരം സ്റ്റാലിന്റെ മകനെ വിട്ടയയ്ക്കാം എന്ന് ഒരു വാഗ്ദാനം ജർമ്മനി മുന്നോട്ട് വെച്ചു. എന്നാൽ വെറും ലഫ്റ്റനന്റ് മാത്രമായ തന്റെ മകന് പകരമായി ഒരു മാർഷലിനെ വിട്ടയക്കാൻ പറ്റില്ല എന്ന് പറഞ്ഞുകൊണ്ട് ആ വാഗ്ദാനം സ്റ്റാലിൻ നിരസിക്കുകയാണുണ്ടായത്. മകനെ അവർ ക്രൂരമായി പീഡിപ്പിക്കുമെന്ന് തനിക്കറിയാം എന്ന് സ്റ്റാലിൻ പറഞ്ഞതായി ഷുക്കോവ് എഴുതുന്നു. എന്നാൽ എത്ര പീഡനമേറ്റ് ആയാലും അവൻ തന്റെ മാതൃരാജ്യത്തെ വഞ്ചിക്കുകയില്ല എന്നും അദ്ദേഹം വിശ്വസിച്ചു. യുദ്ധം എത്ര മാതാപിതാക്കൾക്ക് തീരാത്ത വേദന സമ്മാനിക്കുന്നു എന്നാണ് കടുത്ത ഹൃദയവ്യഥയോടെ സ്റ്റാലിൻ ആ സമയത്തും പരിതപിച്ചത്. ഫാസിസ്റ്റ് രാക്ഷസന്മാരുടെ കൈയിൽനിന്നും മാനവരാശിയെ രക്ഷിച്ചത് മഹാനായ സ്റ്റാലിൻ ആണ്.



## യുക്രൈനുമേൽ ആധിപത്യം ഉറപ്പിക്കാനുള്ള യുഎസ്, റഷ്യൻ സാമ്രാജ്യത്വങ്ങളുടെ മത്സരം

സോവിയറ്റ് യൂണിയൻ ഇന്നു നിലവിലില്ല. സ്റ്റാലിന്റെ നിര്യാണത്തിനുശേഷം റഷ്യക്ക് അകത്തുള്ള പ്രതിവിപ്ലവകാരികളും ആഗോള സാമ്രാജ്യത്വവും ഒത്തുചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമായി സോഷ്യലിസം തകർന്ന് അവിടെ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ പിണിയാൾ എന്ന നിലയിൽ ഈ ഗൂഢാലോചന ഉള്ളിൽനിന്ന് ആസൂത്രണം ചെയ്തത് ക്രൂഷ്ചേവാണ്. സോഷ്യലിസം തകർക്കപ്പെട്ടപ്പോൾ ലോകമെമ്പാടുമുള്ള സാമ്രാജ്യത്വ ശക്തികളും നമ്മുടെ നാട്ടിലെ മുതലാളിത്ത മാധ്യമങ്ങളും വലിയ ആഹ്ലാദത്തിലായിരുന്നു. റഷ്യയിൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടു എന്ന പല്ലവി അവരും ഏറ്റു പാടി.

എന്നാൽ എങ്ങനെയുള്ള ജനാധിപത്യമാണ് അതെന്നറിയാൻ പുടിന്റെ റഷ്യയിലേക്ക് നോക്കുകയേ വേണ്ടൂ. സോഷ്യലിസത്തിന്റെ തകർച്ചയെത്തുടർന്ന് മുതലാളിത്തം പുനഃസ്ഥാപിതമായ റഷ്യ ഇന്ന് ഒരു സാമ്രാജ്യത്വ ശക്തിയായി മാറിയിരിക്കുന്നു. 'പ്രത്യേക സൈനിക നടപടി' എന്ന ഓമനപ്പേരിൽ യുക്രൈൻ എന്ന ചെറു രാജ്യത്തിനുമേൽ അവർ നഗ്നമായ ആക്രമണം അഴിച്ചു വിട്ടിരിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വം ഒരു കാലത്ത് സോവിയറ്റ് യൂണിയനെ തകർക്കാൻ വേണ്ടി നാറ്റോ എന്ന സൈനിക സഖ്യത്തിന് രൂപം കൊടുക്കുകയുണ്ടായി. സോവിയറ്റ് യൂണിയൻ തകർന്നതിനുശേഷവും യൂറോപ്പിലെ തങ്ങളുടെ സൈനികവും രാഷ്ട്രീയവും സാമ്പത്തികവുമായ മേൽക്കോയ്മ തുടരുവാൻ വേണ്ടി ആ സൈനിക സഖ്യത്തെ അവർ നിലനിർത്തിയിരിക്കുകയാണ്. യുക്രൈൻ NATOയിൽ

(ശേഷം 6–ാം പേജിൽ)

## 'അഗ്നിപഥ്' ഉയർത്തുന്ന ചോദ്യങ്ങൾ

(4–ാം പേജിൽ നിന്ന്)

കാരെയും വെടിവച്ചുകൊന്ന ഇൻഡ്യൻ സൈന്യത്തിന്റെ നടപടി രാജ്യം വിസ്മരിച്ചിട്ടില്ല. സൈന്യത്തെ അധികമധികം സങ്കുചിതത്വത്തിലേക്ക് താഴ്ത്താനുള്ള ശ്രമങ്ങൾ ഇന്ന് ശക്തമാണ്. വർദ്ധിച്ചുവരുന്ന ഈ പ്രവണതകളുടെ പശ്ചാത്തലത്തിൽ വേണം സൈനികരംഗത്ത് സർക്കാരിന്റെ ഓരോ നീക്കത്തെയും വിലയിരുത്താൻ. മുകളിൽ സൂചിപ്പിച്ച സങ്കുചിതത്വങ്ങളുടെയും സ്വന്തം പൗരന്മാരോട് പുലർത്തുന്ന പകയുടെയും ഒരു മനോഘടന, മികച്ച പ്രകടനത്തിന്റെ മാനദണ്ഡമാക്കിക്കൊണ്ട് അഗ്നിവീറിന്റെ സ്ഥിരനിയമനം നടന്നേക്കാമെന്ന ആശങ്കയും തീർത്തും അസ്ഥാനത്തല്ല.

അസത്യപ്രചാരണങ്ങളുടെ ചുവടുപിടിച്ചുള്ള ആൾക്കൂട്ട അക്രമങ്ങളും കൊലപാതകങ്ങളുമൊക്കെ വർദ്ധിച്ചുവരികയാണ്. വൻതോതിൽ ജനങ്ങൾ അണിനിരക്കുന്ന പ്രക്ഷോഭങ്ങൾക്കുനേരെപോലും അതിക്രമം നടത്താൻ ഇത്തരം അക്രമിസംഘങ്ങൾ മുതിരുന്നു. ജനങ്ങളുടെമേൽ കുതിരകയറാനുള്ള ഇത്തരം ഗസ്റ്റപ്പോ സംഘങ്ങൾ പല പേരുകളിൽ വളർത്തിയെടുക്കപ്പെടുന്നു. നാല് വർഷത്തെ സൈനിക പരിശീലനം നേടി അഗ്നിവീർ എന്ന സവിശേഷ പദവിയുമായി സിവിലിയൻ ജീവിതരംഗത്തേക്കുവരുന്നവർ, ഇത്തരം ഫാസിസ്റ്റ് കൂട്ടങ്ങളുടെ അണിപെരുക്കുന്ന സ്ഥിതി ഉണ്ടായാൽ ജനാധിപത്യപ്രക്ഷോഭങ്ങൾപോലും ഇവരെ ഭയന്ന് പിൻവാങ്ങുന്ന സാഹചര്യമുണ്ടായേക്കാം എന്ന ആശങ്ക ഒരു വിഭാഗമാളുകൾക്കെങ്കിലുമുണ്ട്. ഇനിയും ലിസ്റ്റുചെയ്തുവച്ചിട്ടുള്ള പള്ളികളുടെ പൊളിച്ചടുക്കൽ ജോലി ഏറ്റെടുക്കേണ്ടവരും യജമാനന്മാരുടെ തെരഞ്ഞെടുപ്പ് വിജയങ്ങൾക്ക് പാതയൊരുക്കേണ്ടവരും വർഗ്ഗീയ കലാപങ്ങളുടെ വിദഗ്ദ്ധസംഘാടകരുമൊക്കെയായി ഇവർ രംഗത്തു വന്നേക്കാം.

ഹിന്ദുത്വത്തെ സൈനികവൽക്കരിക്കുകയും സൈന്യത്തെ ഹിന്ദുത്വവൽക്കരിക്കുകയും ചെയ്യുക എന്ന ഫാസിസ്റ്റ് അജണ്ട അഗ്നിപഥിലൂടെ നടപ്പാക്കുകയാണോ എന്ന കാതലായ ചോദ്യവും തൊഴിൽപ്രശ്നങ്ങളോടൊപ്പം ഗൗരവപൂർവ്വം പരിശോധിക്കപ്പെടണം.




അഗ്നിപഥ് പദ്ധതിക്കെതിരെ ജൂൺ 29ന് എഐഡിവൈഒ, എഐഡിഎസ്ഒ സംഘടനകൾ കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിലേക്ക് നടത്തിയ മാർച്ച്.

## തൊഴിലില്ലായ്മക്കെതിരെ ദേശവ്യാപക പ്രക്ഷോഭം വളർത്തിയെടുക്കുക

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ യുവജനവിഭാഗമായ എഐഡിവൈഒ രാജ്യമെമ്പാടും അഗ്നിപഥിനെതിരായ ജനാധിപത്യപ്രക്ഷോഭത്തോടൊപ്പം അണിനിരന്നു. എന്നാൽ പ്രബല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രക്ഷോഭത്തിന് പിന്തുണ നൽകാതിരുന്നത് സമരവിജയത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കർഷകപ്രക്ഷോഭത്തോട് കാട്ടിയ അതേ നിരുത്തരവാദപരമായ സമീപനം ഇക്കാര്യത്തിലും ആവർത്തിക്കപ്പെട്ടു. സർക്കാരിന്റെ ജനവിരുദ്ധപദ്ധതികളെ പരാജയപ്പെടുത്താൻ ലഭിക്കുന്ന ഒരവസരവും പ്രതിപക്ഷവും ഇടതുപക്ഷമെന്ന് അവകാശപ്പെടുന്നവർ പോലും ഉപയോഗപ്പെടുത്തുന്നില്ല. വീണ്ടും വീണ്ടും ജനദ്രോഹനയങ്ങൾ ആവിഷ്കരിക്കാൻ ഇത് മോദി സർക്കാരിന് ധൈര്യം നൽകുകയും ചെയ്യുന്നു. ഇത്തരമൊരു സാഹചര്യത്തിൽ തൊഴിലില്ലായ്മക്കെതിരെ ശക്തമായ യുവജനപ്രക്ഷോഭം വളർത്തിയെടുക്കുകയാണ് ഇന്നത്തെ അടിയന്തര കർത്തവ്യം. മതവിശ്വാസങ്ങൾക്കും ജാതിചിന്തകൾക്കും എല്ലാത്തരം വിഭാഗീയതകൾക്കും അതീതമായി പടുത്തുയർത്തപ്പെടുന്ന ജനാധിപത്യപ്രക്ഷോഭം ഒന്നുമാത്രമാണ് ഫാസിസ്റ്റ് നയങ്ങളെ ചെറുക്കാനുള്ള ഏറ്റവും അപ്രതിരോധ്യമായ മാർഗ്ഗം. ■

# സാമ്രാജ്യത്വ സ്വഭാവമാർജ്ജിച്ച മുതലാളിത്തം ജനാധിപത്യത്തെ തകർക്കുന്നു; സൈന്യത്തെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെയും ആശ്രയിക്കുന്നു

*(5–ാം പേജിൽ നിന്ന്)*

ചേരണമെന്നാണ് ആണ് അവർ ആഗ്രഹിക്കുന്നത്. റഷ്യൻ സാമ്രാജ്യത്വത്തെ ഭയപ്പെടുന്ന യുക്രൈന്റെയും ആഗ്രഹം അതു തന്നെയാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ നാം NATOയെ വിമർശിച്ചിട്ടുണ്ട്. അത് പിരിച്ചുവിടണം എന്നാണ് നമ്മുടെ ആവശ്യം. എന്നാൽ യുക്രൈൻ NATOയിൽ ചേരുമെന്ന കാരണം പറഞ്ഞുകൊണ്ട് അവരെ ആക്രമിക്കാൻ റഷ്യൻ സാമ്രാജ്യത്വത്തിന് ഒരവകാശവുമില്ല.

നമ്മുടെ അയൽ രാജ്യമായ ബംഗ്ലാദേശ് ചൈനയുമായി ഒരു സൈനിക ഉടമ്പടി ഉണ്ടാക്കുകയും ചൈനക്ക് സൈനിക താവളം നൽകുകയും ചെയ്തു എന്ന് വെക്കുക. ആ കാരണം പറഞ്ഞുകൊണ്ട് ഇന്ത്യക്ക് ബംഗ്ലാദേശിനെ ആക്രമിക്കാൻ പറ്റുമോ? പോട്ടെ, ഇന്ത്യ അമേരിക്കയുമായി ഒരു സൈനിക ഉടമ്പടിഉണ്ടാക്കിയാൽ ആകാരണം പറഞ്ഞുകൊണ്ട് ചൈനക്ക് ഇന്ത്യയെ ആക്രമിക്കാൻ സാധിക്കുമോ? അത്തരം വാദങ്ങൾ സൈനികാക്രമണത്തെ ന്യായീകരിക്കാൻ മാത്രമുള്ളതാണ്.

## രണ്ടു സാമ്രാജ്യത്വശക്തികൾക്കിടയിലെ വൈരുദ്ധ്യം

രണ്ടാമത്തെ കാര്യം, യുക്രൈനുമേൽ ആധിപത്യം സ്ഥാപിക്കുന്നതിനായി അമേരിക്കൻ സാമ്രാജ്യത്വവും റഷ്യൻ സാമ്രാജ്യത്വവും തമ്മിൽ കിടമത്സരത്തിലാണ്. റഷ്യൻ സാമ്രാജ്യത്വം യുക്രൈനിലെ ധാതുസമ്പത്തും കൃഷിഭൂമിയും തുറമുഖങ്ങളും കടൽപ്പാതകളും കൈയടക്കാൻ വേണ്ടിയാണ് ആക്രമണം അഴിച്ചുവിട്ടിരിക്കുന്നത്. അതേസമയം യുക്രൈനുമേലുള്ള തങ്ങളുടെ പിടി അയയുന്നതു കണ്ടാണ് അമേരിക്ക ഈ ആക്രമണത്തിനെതിരെ മുറവിളി കൂട്ടുന്നത്. യുക്രൈനെ വരുതിക്കു നിർത്തുന്നതിൽ റഷ്യക്കാവട്ടെ മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. യുക്രൈൻ വഴി യൂറോപ്പിലേക്ക് പ്രകൃതിവാതകം അയയ്ക്കുന്നത് ഉടരുക എന്നതാണത്. സാമ്രാജ്യത്വ പിടിച്ചു പറിയാണ് ഈ ആക്രമണത്തിന്റെ ഉദ്ദേശം എന്നത് പകൽ പോലെ വ്യക്തമാണ്. മറ്റൊരു ലക്ഷ്യം കൂടിയുണ്ട്- റഷ്യയിൽ തൊഴിലില്ലായ്മയും വിലക്കയറ്റവും ദാരിദ്ര്യവും തൊഴിലാളികളുടെ മേലുള്ള ചൂഷണവും ഈയിടെയായി വലിയതോതിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി കടുത്ത പ്രതിഷേധവും റഷ്യക്കകത്ത് തന്നെ വളർന്നുവരുന്നുണ്ട്. റഷ്യൻ ജനത വീണ്ടും ഉണരുകയാണ്. 80% റഷ്യക്കാർ സോഷ്യലിസത്തിലേക്ക് തിരിച്ചു പോകുന്നതിനെ അനുകൂലിച്ച് അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. മഹാനായ ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾ ഏന്തിക്കൊണ്ട് ആയിരക്കണക്കിന് റഷ്യക്കാർ തെരുവുകളിൽ പ്രകടനം നടത്തുന്നു. ഇതുകണ്ട് റഷ്യയിലെ സാമ്രാജ്യത്വശക്തികൾ ഭയചകിതരായിരിക്കുകയാണ്. ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ അവർ ശ്രമിക്കുന്നു. അതിനുവേണ്ടി അവർക്ക് ഈ യുദ്ധം ആവശ്യമാണ്. അമേരിക്കൻ സാമ്രാജ്യത്വവും അതേപോലെ യുദ്ധം ആഗ്രഹിക്കുന്നു എന്നതാണ് വസ്തുത. അമേരിക്കക്കകത്തും ജനകീയ മുന്നേറ്റങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് വാൾസ്ട്രീറ്റ് കയ്യേറൽ സമരം അമേരിക്കയെ മാത്രമല്ല ലോകത്തെ ഒന്നാകെ ഇളക്കി മറിച്ചു. യൂറോപ്പിലാകട്ടെ ഒന്നിന് പിറകെ ഒന്നായി തൊഴിലാളി സമരങ്ങൾ ജീവിതം സ്തംഭിപ്പിച്ചുകൊണ്ടിരി ക്കുന്നു. ഫ്രാൻസിൽ ഉദയം ചെയ്ത 'മഞ്ഞ കുപ്പായക്കാരുടെ പ്രക്ഷോഭം' പല യൂറോപ്യൻ രാജ്യങ്ങളിലും ഇന്നും തുടരുകയാണ്. ലോകമെമ്പാടും ജനങ്ങൾ പ്രക്ഷോഭത്തിന്റെ പാതയിൽ അണിനിരന്നുകൊണ്ടിരിക്കുന്നു. ഇതിൽനിന്നും ജനങ്ങളുടെ ശ്രദ്ധ മാറ്റിവിടാൻ സാമ്രാജ്യത്വശക്തികൾക്കു യുദ്ധം ആവശ്യമാണ്.

**കുത്തക മുതലാളിത്തത്തിന്റെ ഈ കാലത്ത് മൂലധനം ഏതാനും ചില സാമ്പത്തിക ദുഷ്പ്രഭുക്കളുടെ കൈയിൽ കുന്നു കൂടിയിരിക്കുന്നതായി സഖാവ് ഘോഷ് ചൂണ്ടിക്കാട്ടി. രാഷ്ട്രീയമേഖലയിൽ ജുഡീഷ്യറിയുടെയും നിയമ നിർമ്മാതാക്കളുടെയും അധികാരങ്ങൾ കുറയുകയും ഒരുകൂട്ടം ഉദ്യോഗസ്ഥരുടെ കൈയിൽ അത് കേന്ദ്രീകരിക്കുകയും ചെയ്തിരിക്കുന്നു. ചിന്തയുടെ മേഖലയിൽ ഒരുകാലത്ത് മുതലാളിത്തം നെഞ്ചിലേറ്റിയിരുന്ന മതേതര മാനവികതയുടെയും ജനാധിപത്യത്തിന്റെയും സങ്കൽപങ്ങളെ ഉപേക്ഷിച്ച് അവരിന്ന് ആത്മീയതയുടെയും മതമൗലികവാദത്തിന്റെയും പാരമ്പര്യ വാദത്തിന്റെയും പിറകെയാണ്.**

സാമ്പത്തികപ്രതിസന്ധിയിൽ നിന്നും കരകയറാൻ ലോക സാമ്രാജ്യത്വം സമ്പദ്മേഖലയെ സൈനികവൽക്കരിക്കുകയാണെന്ന കാര്യം വളരെക്കാലം മുൻപേ സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതായത് സമ്പദ്ഘടന വലിയതോതിൽ ആയുധ നിർമ്മാണത്തെയും ആയുധ കച്ചവടത്തെയും ആശ്രയിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്ത ചൂഷണം കാരണം ദുരിതത്തിലാണ്ടു കിടക്കുന്ന ജനങ്ങൾക്ക് ഉപഭോഗ വസ്തുക്കൾ വാങ്ങാൻ സാധിക്കുന്നില്ല. നിത്യോപയോഗവസ്തുക്കളുടെ കമ്പോളം വലിയതോതിൽ ചുരുങ്ങിയിരിക്കുന്നു. മുതലാളിത്തത്തിനു പിന്നെ വഴിയുള്ളത് സമ്പദ്ഘടനയെ കൂടുതൽ സൈനികവൽക്കരിച്ചുകൊണ്ട് ആയുധക്കമ്പോളത്തെ വികസിപ്പിക്കുകയും ജനങ്ങളുടെ പണമുപയോഗിച്ചുകൊണ്ട് ആയുധങ്ങൾ വാങ്ങുകയുമാണ്. മുതലാളിത്ത -സാമ്രാജ്യത്വ ശക്തികൾക്ക് ഈ ആയുധവ്യാപാരത്തിനു കമ്പോളമാവശ്യമാണ്. എന്നാൽ ഈ ആയുധങ്ങൾ ഉപയോഗിക്കാതെ വെച്ചാൽ പുതിയതായി ആയുധങ്ങൾ നിർമ്മിക്കാൻ കഴിയില്ല. അതിനാൽ തന്നെ യുദ്ധം അവർക്ക് അനിവാര്യമായി തീർന്നിരിക്കുന്നു. അതുകൊണ്ടാണ് സഹായം എന്ന പേരിൽ അമേരിക്ക യുക്രൈനിലേക്ക് വൻതോതിൽ ആയുധങ്ങൾ അയക്കുന്നത്. യൂറോപ്പിലെ സാമ്രാജ്യത്വ ശക്തികളും തങ്ങളുടെ കൈവശമുള്ള ആയുധക്കൂമ്പാരം വിറ്റുതീർക്കാനും ആയുധ ഉത്പാദനത്തെ ഉത്തേജിപ്പിക്കാനുമുള്ള അവസരമായി ഈ യുദ്ധത്തെ കാണുന്നു. യൂറോപ്പിലെ തങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ സൈനിക സ്വാധീനം വർദ്ധിപ്പിക്കാൻ അമേരിക്കൻ സാമ്രാജ്യത്വവും ഇതിനിടയിൽ ശ്രമിക്കുന്നു. റഷ്യ ഇക്കാലമത്രയും കയ്യടക്കി വെച്ചിരുന്ന വിദേശ കമ്പോളങ്ങൾ തങ്ങളുടേതാക്കാനും അവർ തക്കം പാർത്തിരിക്കുകയാണ്.

ഈ വിഷയത്തിൽ ഇന്ത്യയുടെ നിലപാടും നിങ്ങൾ കണ്ടതാണ്. വർഗ താൽപര്യം സംരക്ഷിക്കുന്നതിൽബദ്ധശ്രദ്ധരായഇന്ത്യൻ ഭരണമുതലാളിവർഗ്ഗം റഷ്യൻ ആക്രമണത്തിൽ ഒരിക്കൽപോലും പ്രതിഷേധിച്ചില്ല. അവസരം മുതലാക്കി റഷ്യയിൽ നിന്ന് എണ്ണയും ഇന്ധനങ്ങളും ആയുധങ്ങളും വിലകുറച്ചു വാങ്ങാനാണ് അവർ ശ്രമിക്കുന്നത്. മാത്രവുമല്ല റഷ്യയും ചൈനയും ഐക്യത്തിലാണ്. ഇന്ത്യ റഷ്യക്കെതിരെ നിലപാട് എടുക്കാതെ മാറിനിന്നാൽ പ്രത്യുപകാരമായി ഇന്തോ–ചൈന തർക്കത്തിൽ ചൈനയോട് ഒപ്പം നിൽക്കുന്നതിൽ നിന്ന് റഷ്യ പിന്മാറുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു. യുക്രൈൻ എന്ന സ്വതന്ത്ര പരമാധികാര രാഷ്ട്രം സാമ്രാജ്യത്വ ആക്രമണത്തിനിരയായി നശിച്ചുകൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് യുക്രെയിൻ ജനത കൊല്ലപ്പെട്ടു കൊണ്ടിരിക്കുന്നു. നിരവധി പേർക്ക് ഗുരുതരമായി പരിക്കുപറ്റിയിരിക്കുന്നു. നിരവധി നഗരങ്ങളും ഗ്രാമങ്ങളും തകർന്ന് വെറും കൽക്കൂമ്പാരമായി മാറിക്കഴിഞ്ഞു. എന്നിട്ടും ഇന്ത്യ ഇന്നേവരെ ഈ കൂട്ടക്കുരുതിയെ എതിർത്തിട്ടില്ല! അമേരിക്ക മുൻപ് ഇറാഖിനെ അവരുടെ കൈയിൽ നശീകരണ ആയുധങ്ങൾ ഉണ്ട് എന്ന കപടവാദം ഉപയോഗിച്ച് ആക്രമിച്ചു തകർത്തപ്പോഴും ഇന്ത്യൻ മുതലാളിവർഗ്ഗം പ്രതിഷേധിച്ചുകൊണ്ട് ഒരു വാക്കുപോലും ഉരിയാടിയിരുന്നില്ല. അന്നും അവരിതേ നിലപാടാണ് എടുത്തിരുന്നതെന്ന കാര്യവും നാം മനസ്സിൽ വെക്കണം.

## എല്ലാ മുതലാളിത്ത രാജ്യങ്ങളും ഇന്ന് ഫാസിസ്റ്റ് സ്വഭാവം ആർജ്ജിച്ചിരിക്കുന്നു

യുക്രൈൻ യുദ്ധം ജനാധിപത്യവും സർവ്വാധിപത്യവും തമ്മിലുള്ള പോരാട്ടം ആണെന്നാണ സാമ്രാജ്യത്വ ശക്തികൾ പറയുന്നത്. അമേരിക്കൻ സാമ്രാജ്യത്വവും അവരുടെ യൂറോപ്യൻ സുഹൃത്തുക്കളുമാണ് ജനാധിപത്യത്തിന്റെ കാവലാളുകൾ എന്നും റഷ്യയിൽ മാത്രമാണ് സർവ്വാധിപത്യം നിലനിൽക്കുന്നതെന്നുമാണ് ഇത്

### സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

കേട്ടാൽ തോന്നുക. മുതലാളിത്തം അതിന്റെ പ്രാരംഭ നാളുകളിൽ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലനിന്നിരുന്ന എന്ന കാര്യം മഹാനായ ലെനിനിൽനിന്നും നാം പഠിച്ചിട്ടുണ്ട്. എന്നാൽ മുതലാളിത്തം സാമ്രാജ്യത്വ സ്വഭാവം ആർജ്ജിച്ചതോടെ മരണാസന്നമാകുകയും ഇപ്പോൾ അത് എല്ലായിടത്തും ജനാധിപത്യത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും നശിപ്പിക്കുകയും കൂടുതൽ കൂടുതലായി സൈന്യത്തെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെയും ആശ്രയിച്ചു നിലകൊള്ളുകയും ചെയ്യുന്നു. ഇക്കാലത്ത് മുതലാളിത്തം ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പതാക ഉപേക്ഷിച്ചു കഴിഞ്ഞതായി മഹാനായ സ്റ്റാലിൻ നിരീക്ഷിച്ചിട്ടുണ്ട്. ലോകത്തൊരിടത്തും ഒരു മുതലാളിത്ത രാജ്യത്തും ജനാധിപത്യം പൂർണ്ണാർത്ഥത്തിൽ നിലനിന്നിരുന്നില്ല എന്ന് നമ്മുടെ പാർട്ടി സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് 1949ൽ, നമ്മുടെ പാർട്ടി സ്ഥാപിക്കപ്പെട്ട് ഒരു വർഷം കഴിഞ്ഞപ്പോൾത്തന്നെ, ചൂണ്ടിക്കാട്ടിയിരുന്നു. മനുഷ്യ സംസ്കൃതിയുടെ അന്തകനെന്ന നിലയിൽ ഫാസിസം ആ കാലത്തു തന്നെ എല്ലാ മുതലാളിത്ത – സാമ്രാജ്യത്വ രാജ്യങ്ങളുടെയും പൊതുസ്വഭാവമായി മാറിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. മുതലാളിത്തം ഇന്ന് ഫാസിസത്തിൽ അഭയംപ്രാപിച്ചിരിക്കുകയാണ്.

കുത്തക മുതലാളിത്തത്തിന്റെ ഈ കാലത്ത് മൂലധനം ഏതാനും ചില സാമ്പത്തിക ദുഷ്പ്രഭുക്കളുടെ കൈയിൽ കുന്നു കൂടിയിരിക്കുന്നതായി സഖാവ് ഘോഷ് ചൂണ്ടിക്കാട്ടി. രാഷ്ട്രീയമേഖലയിൽ ജുഡീഷ്യറിയുടെയും നിയമ നിർമ്മാതാക്കളുടെയും അധികാരങ്ങൾ കുറയുകയും ഒരുകൂട്ടം ഉദ്യോഗസ്ഥരുടെ കൈയിൽ അത് കേന്ദ്രീകരിക്കുകയും ചെയ്തിരിക്കുന്നു. ചിന്തയുടെ മേഖലയിൽ ഒരുകാലത്ത് മുതലാളിത്തം നെഞ്ചിലേറ്റിയിരുന്ന മതേതര മാനവികതയുടെയും ജനാധിപത്യത്തിന്റെയും സങ്കൽപ്പങ്ങളെ ഉപേക്ഷിച്ച് അവരിന്ന് ആത്മീയതയുടെയും മതമൗലികവാദത്തിന്റെയും പാരമ്പര്യ വാദത്തിന്റെയും പിറകെയാണ്. ഒരു വശത്ത് ശാസ്ത്രീയ ചിന്താഗതിയെ നശിപ്പിക്കുമ്പോൾ തന്നെ മറുവശത്ത് തങ്ങൾക്കാവശ്യമായ തൊഴിൽ നൈപുണിക്കും ഉൽപാദനത്തിനും അത്യന്താപേക്ഷിതമായ സാങ്കേതികവിദ്യയെ അവർ പുണരുന്നു. ഇത്തരത്തിൽ ആത്മീയതയെയും ശാസ്ത്രത്തിന്റെ സാങ്കേതിക വശത്തെയും സംയോജിപ്പിച്ചാണ് ഫാസിസ്റ്റ് മനോഭാവത്തിനു വളക്കൂറുള്ള മണ്ണൊരുക്കുന്നത്. എല്ലായിടത്തും ഫാസിസം വളരുന്നത് ഈ പൊതുസ്വഭാവങ്ങളോടുകൂടിയാണ്. ഏതു രാഷ്ട്രീയ പാർട്ടി അധികാരത്തിൽ വന്നാലും അവരെല്ലാം മരണാസന്ന മുതലാളിത്തത്തിന്റെ ജീവൻ നിലനിർത്തുന്നതിനു വേണ്ടി ഫാസിസത്തിന് കരുത്തു പകരുകയാണ്. ഇന്ത്യയിൽ ഈ പ്രക്രിയ ആരംഭിച്ചത് കോൺഗ്രസ് ആണ്; ബിജെപി ഇന്ന് ഊർജ്ജസ്വലമായി അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ജനാധിപത്യം പേരിനു പോലും എവിടെയും അവശേഷിക്കുന്നില്ല.

ഫ്രഞ്ച് വിപ്ലവത്തിന്റെ കാലത്ത് ഉയർന്ന 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മുദ്രാവാക്യം ഇന്ന് ക്രൂരമായ ഒരു ഫലിതം മാത്രമാണ് എന്ന് നമുക്കറിയാം. ഗുരുതരമായ സാമ്പത്തിക അസമത്വം മുതലാളിത്ത ലോകത്തെയാകമാനം ബാധിച്ചിരിക്കുന്നു. ആഗോള സമ്പത്തിന്റെ മുക്കാൽ പങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് കേവലം ഒരു ശതമാനം വരുന്ന വൻകിട കുത്തകകളുടെ കൈയിലാണ്. ബാക്കിയുള്ള 99% ജനങ്ങളും ദാരിദ്ര്യത്തിലും ദുരിതത്തിലുമായി ജീവിതം തള്ളിനീക്കുന്നു. ബിജെപി ഭരണകാലത്ത് ഒരു ശതമാനത്തോളം കുത്തകകൾ കൈക്കലാക്കിയിരിക്കുന്നത് 324.5 ലക്ഷം കോടി രൂപയാണ്! 83% ത്തോളം ഇന്ത്യക്കാരുടെ നിത്യവരുമാനം വെറും 20 രൂപയാണ്. 20 കോടിയോളം ഇന്ത്യക്കാർ ഭക്ഷണമില്ലാതെ ദിവസവും കഴിച്ചുകൂട്ടുന്നു. എവിടെയാണു സമത്വം, എവിടെയാണു സാഹോദര്യം?

ലോകമെമ്പാടും രാജ്യങ്ങളുടെ മേലുള്ള കടന്നുകയറ്റങ്ങളും സാമ്രാജ്യത്വ യുദ്ധങ്ങളും മതത്തിന്റെയും ഭാഷയുടെയും വംശത്തിന്റെയും പേരിലുള്ള അതിക്രമങ്ങളും

*(ശേഷം 7–ാം പേജിൽ)*

# പാർലമെന്ററി ജനാധിപത്യം ലോകമെമ്പാടും തികഞ്ഞ ഇരട്ടത്താപ്പായും ഫാസിസ്റ്റ് സർവ്വാധിപത്യമായും മാറിയിരിക്കുന്നു

*(6–ാം പേജിൽ നിന്ന്)*

വർധിച്ചുകൊണ്ടിരിക്കുന്നു.ഇതാണ് മുതലാളിത്തം ഇന്ന് മുന്നോട്ടു വെക്കുന്ന 'സാഹോദര്യം'! തങ്ങൾക്ക് യാതൊരു നിയന്ത്രണങ്ങളും ഇല്ലാതെ കൊള്ളയടിക്കാനുള്ള സ്വാതന്ത്ര്യത്തെയാണ് 'സ്വാതന്ത്ര്യം' എന്നതുകൊണ്ട് അവർ വിവക്ഷിക്കുന്നത്. മറുവശത്ത് കോടിക്കണക്കിനു ചൂഷിത ജനത മുതലാളിത്തത്തിനു കീഴിൽ അടിമകളെ പോലെ കഴിയുന്നു. വ്യക്തിസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടുന്നു. വിയോജിപ്പുകളും പ്രതിഷേധ പ്രകടനങ്ങളും നിഷ്ഠൂരം അടിച്ചമർത്തപ്പെടുന്നു. ജനാധിപത്യം "ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ" എന്ന ജനാധിപത്യത്തെക്കുറിച്ചുള്ള മുദ്രാവാക്യം ഇന്ന് പാഠപുസ്തകങ്ങളിൽ മാത്രമേയുള്ളൂ. യഥാർത്ഥത്തിൽ ഇത് "പണക്കാരാൽ, പണക്കാർക്കു വേണ്ടി, പണക്കാരുടെ" ആധിപത്യമാണ്. ആരാണ് പണത്തിന്റെ ശക്തിയെ പ്രതിനിധീകരിക്കുന്നത്? സാമ്രാജ്യത്വ വാദികൾ, വൻകിട കുത്തകകൾ, ബഹുരാഷ്ട്ര കമ്പനികൾ- ഇവരാണ് എല്ലാം നിയന്ത്രിക്കുന്നത്. മാധ്യമങ്ങളും ഉദ്യോഗസ്ഥരുമെല്ലാം അവരുടെ നിയന്ത്രണത്തിലാണ്. അവർക്ക് കീഴിൽ ഒട്ടനവധി ക്രിമിനലുകളും ഉണ്ട്. ഈ പണ-മാദ്ധ്യമ-ഗുണ്ടാ-ഉദ്യോഗസ്ഥ ശക്തികളാണ് വോട്ടുൾപ്പെടെ എല്ലാത്തിനെയുംനിയന്ത്രിക്കുന്നത്.

## ബൂർഷ്വാ പാർട്ടികൾ ജനങ്ങളുടെ അന്തസ്സു നശിപ്പിച്ച് അവരെ യാചകരാക്കി മാറ്റുന്നു

തിരഞ്ഞെടുപ്പ് എന്നത് ഇന്ന് എല്ലാ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളിലും ഒരു വലിയ തട്ടിപ്പാണ്. ലോകമെമ്പാടും പാർലമെന്ററി ജനാധിപത്യം എന്നത് തികഞ്ഞ ഇരട്ടത്താപ്പായും ഫാസിസ്റ്റ് സർവ്വാധിപത്യമായും മാറിയിരിക്കുന്നു. നമ്മുടെ രാജ്യത്ത് തെരഞ്ഞെടുപ്പിൽ എന്താണു സംഭവിക്കുന്നത് എന്ന് നിങ്ങൾക്കറിയാമല്ലോ. തിരഞ്ഞെടുപ്പിന് കുറേക്കാലം മുന്നേ തന്നെ എല്ലാ രാഷ്ട്രീയ പാർട്ടികളും -ബിജെപി മുതൽ കോൺഗ്രസ്സും രാഷ്ട്രീയ ജനതാദളും തുടങ്ങി അകാലിദൾ, ഡിഎംകെ, എഐഎഡിഎംകെ, ടിഎംസി മുതലായ എല്ലാ പാർട്ടികളും തന്നെ- തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് വലിയതോതിൽ മുതൽമുടക്ക് നടത്തിത്തുടങ്ങും. കോടിക്കണക്കിന് ജനങ്ങൾ നമ്മുടെ നാട്ടിൽ ഭക്ഷണമില്ലാതെ കഴിയുന്നവരാണ്. വരുമാനമില്ല, തൊഴിലില്ല, കേറിക്കിടക്കാൻ ഒരു കൂര പോലും ഇല്ലാത്ത ശതകോടിക്കണക്കിന് മനുഷ്യർ. നൂറുകണക്കിന് പേർ ദിനംപ്രതി ആത്മഹത്യ ചെയ്യുന്നു. അത്രയും ദയനീയമാണ് കാര്യങ്ങൾ. ഭരിക്കുന്ന പാർട്ടികൾ ഈ പാവങ്ങൾക്ക് ഭിക്ഷ എന്ന പോലെ ഒന്നോ രണ്ടോ കിലോ അരിയോ ഗോതമ്പോ നൽകും. തിരഞ്ഞെടുപ്പിനു മുന്നോടിയായി അവർ ചില ജനപ്രിയ പദ്ധതികൾ പ്രഖ്യാപിക്കും: ആയുഷ്മാൻ ഭാരത്, ലക്ഷ്മി ഭണ്ഡാർ, കന്യാശ്രീ എന്നിങ്ങനെ. ഇതാണ് അവരുടെ മുതൽമുടക്ക്.കേന്ദ്രത്തിൽബിജെപിയാണെങ്കിൽ ബംഗാളിലെ ടിഎംസി പോലുള്ള മറ്റു മുതലാളിവർഗ്ഗ പാർട്ടികൾ എല്ലാവരും ഒന്നൊഴിയാതെ തിരഞ്ഞെടുപ്പിനെ സമീപിക്കുന്നത് ഇത്തരം മുതൽമുടക്കും ആയിട്ടാണ്. കാര്യമായ വിദ്യാഭ്യാസമോ രാഷ്ട്രീയ ബോധമോ ഇല്ലാത്ത, അതിനാൽ തന്നെ നിസ്സഹായരും നിരാലംബരുമായ, പട്ടിണിപ്പാവങ്ങൾക്ക് ഒരു പിടി അരി ലഭിക്കുമ്പോൾ അവർ സന്തുഷ്ടരാകും. തങ്ങൾ ഗവൺമെൻറിന്റെ ദയയ്ക്കുവേണ്ടി യാചിക്കേണ്ടവരല്ല എന്ന ബോധം അവർക്കില്ല. മറിച്ച്, ജോലി ലഭിക്കാനും വിദ്യ അഭ്യസിക്കാനും ആരോഗ്യ സംരക്ഷണത്തിനും ഭക്ഷണത്തിനും താമസത്തിനും വസ്ത്രത്തിനും ചോദ്യം ചെയ്യപ്പെടാനാവാത്ത അവകാശം അവർക്കുണ്ട്. അത് നൽകാൻ ഗവൺമെന്റുകൾ ബാധ്യസ്ഥരുമാണ്.

തങ്ങളുടെ പണം ഉപയോഗിച്ചാണ് ഗവൺമെന്റുകൾ പ്രവർത്തിക്കുന്നത് എന്ന കാര്യം അവർക്കറിയില്ല. അതുകൊണ്ടുതന്നെ ആ ആവശ്യങ്ങൾ ഉന്നയിക്കാനും അവർക്ക് കഴിയാറില്ല. സർക്കാർ അവരുടെ വിശാലമനസ്കതകൊണ്ട് തങ്ങൾക്കു ഭിക്ഷ നൽകുന്നു എന്നാണവർ കരുതുന്നത്. ഇതുപോലെ തങ്ങളെക്കുറിച്ച് യാതൊരു ആത്മാഭിമാനവുമില്ലാത്ത, ഒരു തരത്തിലുമുള്ള ബോധമോ യുക്തിചിന്തിയോ ഇല്ലാത്ത വെറും യാചക മനോഭാവം മാത്രമുള്ള ഒരു കൂട്ടമാക്കി നമ്മുടെ നാട്ടിലെ ജനങ്ങളെ മാറ്റുകയാണ് ബിജെപി, കോൺഗ്രസ്, ടിഎംസി പോലുള്ള രാഷ്ട്രീയ പാർട്ടികൾ. ഇതൊരു വലിയ ആപത്താണ്. ഈയിടെയായി കാണുന്ന മറ്റൊരു പ്രതിഭാസം, ഇങ്ങനെ തെരഞ്ഞെടുപ്പിനു മുൻപായി തങ്ങൾക്കും വല്ലതുമൊക്കെ ലഭിക്കുന്നതിൽ ജനങ്ങൾക്കു കൃതജ്ഞതയുള്ളതായി കാണുന്നു എന്നതാണ്. ഇങ്ങനെയൊക്കെയാണ് നമ്മുടെ തെരഞ്ഞെടുപ്പ്!

വോട്ടെടുപ്പിനു തൊട്ടുമുൻപ് പാവങ്ങൾ താമസിക്കുന്ന ചേരി പ്രദേശങ്ങളിലും മറ്റും പാർലമെൻററി പാർട്ടികൾ പണം വിതരണം ചെയ്യാറുണ്ടെന്ന് എല്ലാവർക്കും അറിയാം. പണം കൊടുത്ത് വോട്ട് വിലക്ക് വാങ്ങിക്കുന്നു. ഒന്നോ പത്തോ വോട്ടുകൾ അവർ ഇങ്ങനെ ആയിരക്കണക്കിന് രൂപ കൊടുത്ത് വാങ്ങിക്കും. ഈ പണം അത് വിതരണം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുടെ പണമാണോ? ഒരിക്കലുമല്ല. അത് അവർക്ക് ലഭിക്കുന്നത് ഈ നാട്ടിലെ കുത്തക മുത

### സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

ലാളിമാരുടെയും കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവെപ്പുകാരുടെയും ബഹുരാഷ്ട്ര കമ്പനികളുടെയും കൈയിൽ നിന്നാണ്. തെരഞ്ഞെടുപ്പിനു ശേഷവും തങ്ങളുടെ പിടിച്ചുപറിയും കൊള്ളയും കൂടുതൽ ഊർജ്ജസ്വലമായി തുടരാൻ വേണ്ടിയാണ് അവർ ഈ പണം പാർട്ടികൾക്കു നൽകുന്നത്. ഈ വമ്പൻ മുതലാളിമാരുടെ മൃഗീയ ചൂഷണത്തിന്റെയും കൊള്ളയുടെയും മാനേജർമാരാണ് രാഷ്ട്രീയ പാർട്ടികൾ. ഈ മുതലാളിമാർ തിരഞ്ഞെടുപ്പിനു മുൻപ് ലക്ഷങ്ങൾ ചെലവഴിച്ച് പിന്നീട് ജനങ്ങളെ പിഴിഞ്ഞൂറ്റി കോടികൾ കൈക്കലാക്കുന്നു. അവർ വില കൂട്ടിക്കൊണ്ടേയിരിക്കും. ഗവൺമെന്റ് മനസ്സുവെച്ചാൽ വിലക്കയറ്റം പിടിച്ചുനിർത്താൻ പറ്റേണ്ടതല്ലേ? ഇന്നത്തെ അതിഭീമമായ വിലക്കയറ്റത്തിന് ഉത്തരവാദികൾ കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകളാണ്.

അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിൽ വില കൂടിക്കൊണ്ടിരിക്കുന്നു എന്നത് വാസ്തവമാണ്. പക്ഷേ പെട്രോളും ഡീസലും വിൽക്കുന്നത് ക്രൂഡോയിൽ വാങ്ങി ശുദ്ധീകരിക്കുന്നതിന്റെ നിരക്കിൽ അല്ല. അതിനുമുകളിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ചുമത്തുന്ന അതിഭീമമായ നികുതിയും സെസ്സും കൂടെ ചേർന്നാണ് ഇന്ധനവില ഇത്രയും വർദ്ധിക്കുന്നത്. ബംഗാളിൽ കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നികുതിയുടെ അനുപാതം യഥാക്രമം 63 ശതമാനവും 37 ശതമാനവും ആണെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെയാണ് വിൽപ്പനവില ആകാശത്തോളം ഉയരുന്നത്. പെട്രോൾ വില കൂടുമ്പോൾ അതിന്റെ ഫലമായി സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിന്റെയും അത് വിതരണം ചെയ്യുന്നതിന്റെയും ചെലവ് കുത്തനെ കൂടുന്നു. ഇത് ഉൽപ്പന്നങ്ങൾക്ക് വീണ്ടും വില വർധിപ്പിക്കാൻ വമ്പൻ കുത്തകകൾക്ക് അവസരമൊരുക്കുന്നു. മാത്രവുമല്ല അവശ്യവസ്തുക്കൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കപ്പെട്ട ഉടനെതന്നെ കരിഞ്ചന്തക്കാരും പൂഴ്ത്തിവെപ്പുകാരും വൻവിതരണക്കാരും വാങ്ങി ശേഖരിക്കുന്നു. വിലക്കയറ്റം പിടിച്ചു നിർത്തണമെന്ന് ഗവൺമെന്റിന് ശരിക്കും താല്പര്യം ഉണ്ടെങ്കിൽ ഭക്ഷ്യവസ്തുക്കൾക്കും അവശ്യസാധനങ്ങൾക്കും സമ്പൂർണ്ണമായ പൊതുവിതരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.അവശ്യവസ്തുക്കൾ മുൻകൂട്ടി നിശ്ചയിക്കുന്ന വിലയ്ക്ക് അതുൽപ്പാദിപ്പിക്കുന്ന ഉത്പാദകരിൽ നിന്നും കാർഷികോല്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ടു വാങ്ങി അത് തങ്ങളുടെ സ്വന്തം വിതരണ ശൃംഖലയിലൂടെ ജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന വിലയ്ക്ക് നൽകട്ടെ. വിലക്കയറ്റം പിടിച്ചുനിർത്താൻ അതുവഴി സാധിക്കുമെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

> **ഫ്രഞ്ച് വിപ്ലവത്തിന്റെ കാലത്ത് ഉയർന്നുവന്ന 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മുദ്രാവാക്യം ഇന്ന് ക്രൂരമായ ഒരു ഫലിതം മാത്രമാണ് എന്ന് നമുക്കറിയാം. ഗുരുതരമായ സാമ്പത്തിക അസമത്വം മുതലാളിത്ത ലോകത്തെയാകമാനം ബാധിച്ചിരിക്കുന്നു. ആഗോള സമ്പത്തിന്റെ മുക്കാൽപങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് കേവലം ഒരു ശതമാനം വരുന്ന വൻകിട കുത്തകകളുടെ കൈയിലാണ്. ബാക്കിയുള്ള 99% ജനങ്ങളും ദാരിദ്ര്യത്തിലും ദുരിതത്തിലുമായി ജീവിതം തള്ളിനീക്കുന്നു.**

നമ്മുടെ പാർട്ടി മാത്രമാണ് ഈ ആവശ്യം നിരന്തരമായി ഉയർത്തിക്കൊണ്ടിരിക്കുന്നത്. മറ്റ് ഇടതു കക്ഷികൾ പോലും ഇതിനെതിരാണ്.

കാരണം അവരെല്ലാം കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പ്പുകാരുമായി ചങ്ങാത്തത്തിലാണ്. അത്തരക്കാരാണ് ഈ പാർട്ടികളുടെ തെരഞ്ഞെടുപ്പ് ചെലവുകൾ വഹിക്കുന്നത്. ഒരുവശത്ത് പത്രങ്ങളിലും ടിവിയിലും നിരന്തരമായി ഈ പാർട്ടിക്ക് അനുകൂലമായി വരുന്ന പ്രചാരണത്തിൽ ജനങ്ങൾ വശംവദരാകുന്നു. നമ്മുടെ നാട്ടിലെ ജനങ്ങൾ രാഷ്ട്രീയ ബോധമുള്ളവരോ സംഘടിതരോ അല്ല എന്ന് ആറ് പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിരുന്നു. തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ബൂർഷ്വാ മാധ്യമങ്ങൾ പാർട്ടികൾക്ക് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു. പാർട്ടികളാവട്ടെ കുത്തകകളിൽനിന്നും പണം വാങ്ങി അത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ഈ പ്രചാരണ കോലാഹലത്തിൽ കാറ്റിൽ പുൽക്കൊടികൾ എന്ന പോലെ ജനം ഒന്നാകെ അവർക്കനുകൂലമായി ചായുന്നു. ഇതാണ് ഇന്നത്തെതെരഞ്ഞെടുപ്പ്.ഇതൊരു പ്രഹസനമാണ്. ഏതു പാർട്ടിയാണ് കരുത്തുറ്റത്, ആരാണ് ഇത്തവണ ജയിക്കാൻ പോകുന്നത് എന്ന ഒരു ധാരണ മാധ്യമങ്ങൾ കൃത്രിമമായി സൃഷ്ടിക്കും. ഒരു പ്രത്യേക പാർട്ടിക്കോ മുന്നണിക്കോ വോട്ട് ചെയ്യാൻ അവർ ജനങ്ങളെ പരോക്ഷമായി പ്രേരിപ്പിക്കും. ചില സമയത്ത് അവർ ബിജെപിയെ ഉയർത്തിക്കാട്ടും മറ്റു സമയങ്ങളിൽ കോൺഗ്രസിനെയും. ബംഗാളിൽ ആവട്ടെ തങ്ങളുടെ താല്പര്യപ്രകാരം അവർ തരാതരം ടിഎംസിഎയോ സിപിഐ(എം)നെയോ ഉയർത്തിക്കാട്ടുന്നു. തങ്ങളുടെ നിത്യജീവിതം തള്ളി നീക്കാൻ കഷ്ടപ്പെടുന്ന, രാഷ്ട്രീയ ധാരണയില്ലാത്ത, സാധാരണജനം ഈ പ്രചരണത്തിൽ വീണുപോകുന്നു. ഒഴുക്കിൽപ്പെട്ട വൈക്കോൽ കറ്റ പോലെ പോലെ ജനം ഈ പ്രചരണത്തിൽ ഒലിച്ചുപോകുന്നു. ഒരു പ്രത്യേക പാർട്ടി അധികാരത്തിൽ വന്നാൽ ഒരുപക്ഷേ തങ്ങളുടെ ജീവിതം ഇപ്പോഴുള്ളതിനേക്കാൾ മെച്ചപ്പെട്ടുമെന്ന് അവർ മോഹിക്കുന്നു. എന്നാൽ അവരുടെ ഭരണം ഒരുതവണ അനുഭവിച്ചാൽ അവർ ഒരു ഗുണവും ഇല്ലാത്തവരാണെന്നും മറ്റേ കൂട്ടരെ ശ്രമിക്കാം എന്നും ഇതേ ജനം കരുതും. ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്. 1952 മുതൽ ഈ നാട്ടിൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നു. പലതവണ അധികാരം ഒരു പാർട്ടിയിൽ നിന്ന് മറ്റൊരു പാർട്ടിയിലേക്ക് മാറി. എന്നാൽ സാധാരണ ജനങ്ങൾക്ക് എന്തെങ്കിലും ഗുണം ഉണ്ടായോ? അവരുടെ ജീവിതത്തിലെ പ്രതിസന്ധിയും കഷ്ടപ്പാടും നാൾ കഴിയുംതോറും വർദ്ധിച്ചു വരികയാണ്. തെരഞ്ഞെടുപ്പിനു മുൻപ് ബൂർഷ്വാ നേതാക്കന്മാർ ജനങ്ങളെ സേവിക്കാൻ വലിയ താല്പര്യം ഉള്ളതായി നടിക്കും, ജനങ്ങൾക്ക് കപട വാഗ്ദാനങ്ങൾ നൽകും. എന്നാൽ തെരഞ്ഞെടുപ്പിന് ശേഷം അവയെല്ലാം ആവിയായിപ്പോകും. അതേക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ ഇത്തരം സൂത്രപ്പണികൾ തെരഞ്ഞെടുപ്പിൽ ജയിക്കാൻ ആവശ്യമാണെന്ന് പറയാൻ അവർക്ക് യാതൊരു ഉളുപ്പും ഉണ്ടാവില്ല.

തങ്ങൾ വഞ്ചിതരായതായി ജനങ്ങൾ തിരിച്ചറിയും, അവർ നിരാശരാകും. 'ലങ്കയിൽ പോകുന്നവരെല്ലാം രാവണൻമാർ ആകുന്നു' എന്ന പരിതപിക്കും. ഇതാണ് നമ്മുടെ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് സഖാവ് ശിബ്ദാസ് ഘോഷ് തെരഞ്ഞെടുപ്പും വിപ്ലവവും രണ്ടാണെന്ന് നമ്മോട് പറഞ്ഞത്. തെരഞ്ഞെടുപ്പിലൂടെ ഗവൺമെൻറിന്റെ മാറ്റാം. എന്നാൽ വിപ്ലവം ചൂഷണത്തിൽ അധിഷ്ഠിതമായ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയെ തന്നെ മാറ്റുന്നു. ചൂഷണത്തിൽ നിന്നും മുക്തരാവാൻ, നീറുന്ന ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് വേണ്ടത് വിപ്ലവമാണ്, തെരഞ്ഞെടുപ്പ് അല്ല. സഖാവ് ശിബ്ദാസ് ഘോഷിന്റെ ഈ പാഠമാണ് നമ്മുടെ പാർട്ടി പിന്തുടരുന്നത്.

*(അടുത്ത ലക്കത്തിൽ തുടരും)*

# ഗസ്റ്റ് അധ്യാപനം അഥവാ അനന്തമായ തൊഴിൽ ചൂഷണം

നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ മേഖല ഇന്ന് പ്രധാനമായും മുന്നോട്ടു പോകുന്നത് ഗസ്റ്റ് അധ്യാപകരുടെ സേവനം ഉപയോഗിച്ചാണ്. ഔദ്യോഗികമായ കണക്കുകൾ പ്രകാരം രാജ്യമെമ്പാടും ലക്ഷക്കണക്കിന് അധ്യാപക തസ്തികകൾ സ്കൂളുകളിലും കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഒഴിഞ്ഞു കിടക്കുന്നുണ്ട്. അംഗീകാരം കാത്തുനിൽക്കുന്ന നിരവധിതസ്തികകളുമുണ്ട്.എന്നാൽ ഈ തസ്തികകളിലൊന്നും നിയമനം നടത്തുവാൻ സർക്കാരുകൾ തയ്യാറാകുന്നില്ല. സ്ഥിരനിയമനത്തെ ഇല്ലാതാക്കുന്ന നയങ്ങളുടെ വക്താക്കളാണ് കക്ഷി ഭേദമന്യേ എല്ലാ സർക്കാരുകളും.

തൊണ്ണൂറുകളിൽ ലോകബാങ്കിന്റെ ഡിപിഇപി രംഗപ്രവേശം ചെയ്തതു തന്നെ അധ്യാപനത്തെയും അധ്യാപകന്റെ ആധികാരികതയെയും നിരാകരിക്കുന്ന വികലസിദ്ധാന്തങ്ങളുടെ അകമ്പടിയോടെയാണ്. കുട്ടി സ്വയം പഠിച്ചുകൊള്ളുമെന്നും ക്ലാസ് മുറികളുടെ സർവാധികാരവും കൈക്കലാക്കി വിദ്യാർത്ഥിയെ ഭരിക്കുന്ന മർദ്ദകരാണ് അധ്യാപകരെന്നുമാണ് ഡിപിഇപി മുന്നോട്ടു വെച്ച സങ്കല്പം. ഇത്തരത്തിൽ, അധ്യാപകരെന്നാൽ വെറും സഹായി (facilitator) മാത്രമാണെന്ന് ഡിപിഇപി പുനഃനിർവചിച്ചു. ഡിപിഇപിയുടെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ) പ്രോജക്ടും അധ്യാപനത്തെ നിരാകരിച്ചു. റൂസ ഫണ്ട് നൽകുന്നതിനായി ലോകബാങ്ക് മുന്നോട്ടു വെച്ച ഏഴ മുന്നുപാധിക ളിലൊന്ന് ഫാക്കൽട്ടികളുടെ നിയമനത്തിന്റെ പുനഃസംഘാടനത്തെ സംബന്ധിച്ചായിരുന്നു. യുജിസി ശമ്പളം വാങ്ങുന്ന, സേവന-വേതന വ്യവസ്ഥകളും ജനാധിപത്യ അവകാശങ്ങളുമുള്ള അധ്യാപകരെന്ന സങ്കൽപ്പത്തെ പൊളിച്ചടുക്കുകയെന്നത് റൂസയുടെ ലക്ഷ്യമായിരുന്നു.

2014ൽ എഐഡിഎസ്ഒ പ്രസിദ്ധീകരിച്ച "ജനാധിപത്യ വിദ്യാഭ്യാസം അവസാനിപ്പിക്കാൻ റൂസ" എന്ന പുസ്തകം ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു: "ഇന്ന് സ്ഥിര നിയമനത്തോടെ യുജിസി സ്കെയിലിൽ ശമ്പളം വാങ്ങുന്ന യൂണിവേഴ്സിറ്റി/കോളേജ് അധ്യാപകർ സ്വന്തമായി തയ്യാറാക്കിയ കോഴ്സുകളുമായി കോളേജ് മാർക്കറ്റിൽ കച്ചവടത്തിന് അവസരം കാത്ത് ക്യൂ നിൽക്കും." 2019 ഏപ്രിൽ 1ന് സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ പിജി വെയ്റ്റേജില്ലാതാക്കുകയും സിംഗിൾ ഫാക്കൽട്ടി എടുത്തു കളയുകയും ചെയ്തതോടെ മൂവായിരത്തിലധികം സ്ഥിരാധ്യാപക തസ്തികകൾ ഇല്ലാതായി. ദേശീയ വിദ്യാഭ്യാസ നയം 2020 സ്ഥിരാധ്യാപനം എന്ന സങ്കൽപ്പത്തെ തന്നെ പൂർണ്ണമായും നിരാകരിക്കുന്നു. ജനാധിപത്യ വിദ്യാഭ്യാസത്തിൽ നിന്നും കമ്പോള വിദ്യാഭ്യാസത്തിലേക്കുള്ള പൊളിച്ചെഴുത്താണ് ഈ വിദ്യാഭ്യാസനയങ്ങൾ എല്ലാം ലക്ഷ്യം വെയ്ക്കുന്നത്. വിദ്യാഭ്യാസ കമ്പോളത്തിൽ പരമാവധി കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്ന, തൊഴിൽ അവകാശങ്ങളും ജനാധിപത്യ ബോധവുമില്ലാത്ത ഫെസിലിറ്റേറ്റർമാരെയാണ് ആവശ്യം. അധ്യാപനത്തിന്റെ മൂല്യം കൊണ്ടുനടക്കേണ്ടുന്ന സാഹചര്യങ്ങൾ ഒന്നും ആവശ്യമില്ല. കരാർ അധ്യാപനം ദയാരഹിതമായ ചൂഷണത്തിന്റെ മേഖലയായി സ്ഥാപിക്കപ്പെട്ടതിന്റെ സാഹചര്യം ഇതാണ്.

നെറ്റും പിഎച്ച്ഡിയും പോസ്റ്റ് ഡോക്ടറൽ ഡിഗ്രിയുമുൾപ്പെടെ നിരവധി യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളാണ് ഇന്ന് ഗസ്റ്റ് അധ്യാപകരായി ജോലി ചെയ്യുന്നത്. യുജിസി യോഗ്യതയുള്ള കരാർ അധ്യാപകർക്ക് മണിക്കൂറിൽ 1500 രൂപ വീതം പരമാവധി 50,000 രൂപ വരെ പ്രതിഫലം നൽകണമെന്ന് 21.8.2018ൽ പ്രസിദ്ധീകരിച്ച യുജിസി സർക്കുലറിൽ പറയുന്നുണ്ട്. എന്നാൽ ഇന്ത്യയിലൊരിടത്തും ഈ പ്രതിഫലം നൽകുന്നില്ല. മാസം പതിനായിരം രൂപ മുതലാണ് ശമ്പളം ലഭിച്ചു വരുന്നത്. 43,750 രൂപയാണ് കേരളത്തിൽ പരമാവധി അംഗീകരിക്കപ്പെട്ട ശമ്പളം. ഇത് പലപ്പോഴും കടലാസിലൊതുങ്ങും. തുച്ഛമായ ശമ്പളം പോലും വാങ്ങിയെടുക്കുകയെന്നത് ഗസ്റ്റ് അധ്യാപകരെ സംബന്ധിച്ച് വലിയൊരു അധ്വാനമാണ്. കേരളത്തിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം ഗസ്റ്റ് അധ്യാപകരും കൊളിജിയേറ്റ് എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ഗസ്റ്റ് അധ്യാപക പാനലിൽ രജിസ്റ്റർ ചെയ്തവരും അവരവരുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സമർപ്പിച്ചവരുമായിരിക്കും. എന്നാൽ ഓരോ വർഷവും ജോലിക്ക് കയറുമ്പോൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, അപ്രൂവൽ തുടങ്ങി മാസങ്ങൾ നീളുന്ന ഒരു പ്രക്രിയയിലൂടെ ഇവർ കടന്നു പോകേണ്ടിവരും. ഇക്കാലമത്രയും ശമ്പളം ലഭിക്കുകയില്ല. മാസങ്ങൾ കഴിയുമ്പോൾ അപ്രൂവൽ നൽകാതെ, സർട്ടിഫിക്കറ്റിൽ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ശമ്പളം നിഷേധിക്കപ്പെടുന്നവരുമുണ്ടാകാം. ഓരോ മാസത്തെയും കൂലി വാങ്ങിയെടുക്കുകയെന്നത് നിരവധി പേപ്പർ വർക്കുകൾക്കും നൂലാമാലകൾക്കും ശേഷം മാത്രമാണ് സാധ്യമാകുന്നത്. കോളേജിലെ ക്ലർക്ക് മുതൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർ വരെയുള്ളവരുടെ സമയവും സൗകര്യവും അനുസരിച്ച് മാത്രമാണ് ഗസ്റ്റ് അധ്യാപകരുടെ കൂലി കനിഞ്ഞ് അനുവദിക്കപ്പെടുന്നത്. കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസെടുത്ത നിരവധി ഗസ്റ്റ് അധ്യാപകർക്ക് ഡേറ്റ ചാർജ് ചെയ്തതിന്റെ പണം പോലും കൊടുക്കാതെ പോയിട്ടുണ്ട്. ഗസ്റ്റ് അധ്യാപകരുടെ ശമ്പളം മുടങ്ങിയതിനെ സംബന്ധിച്ച് കഴിഞ്ഞ വർഷം നിയമസഭയിൽ പി.ടി.തോമസ് എംഎൽഎ ചോദിച്ച ചോദ്യങ്ങൾക്ക് സംസ്ഥാനത്ത് ഗസ്റ്റ് അധ്യാപകർക്ക് ആർക്കും ശമ്പളം മുടങ്ങിയിട്ടില്ല എന്നാണ് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ബിന്ദു മറുപടി നൽകിയത്. തൊട്ടടുത്ത ദിവസം രണ്ട് വർഷത്തോളം ശമ്പളം മുടങ്ങിയ ഇരുന്നൂറോളം അധ്യാപകരുടെ പരാതികൾ യുണൈറ്റഡ് ആക്ഷൻ ഗസ്റ്റ് ലെക്ചേഴ്സ് ഫോറം(UAGLF) മന്ത്രിക്കും കൊളിജിയേറ്റ് എജ്യുക്കേഷൻ ഡയറക്ടർക്കും സമർപ്പിച്ചു. ഈ വിഷയം മന്ത്രിയെ നേരിൽ കണ്ടു സംസാരിച്ചപ്പോൾ "എത്ര പറഞ്ഞാലും ഡിഡി ഓഫീസിലെ ഉദ്യോഗസ്ഥർ കേൾക്കില്ല, എന്തുചെയ്യും" എന്ന നിസംഗമായ മറുപടിയാണ് UAGLF നേതാക്കൾക്ക് ലഭിച്ചത്. തൊഴിലവകാശങ്ങൾ പോയിട്ട്, ചെയ്യുന്ന ജോലിയുടെ കൂലി പോലും ഗസ്റ്റ് അധ്യാപകർക്ക് നൽകാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണ് മന്ത്രിയുടെ പ്രതികരണം വ്യക്തമാക്കുന്നത്.




ഗവേഷകരുടെ തലയിൽ അധ്യാപനം കെട്ടിവെച്ചുകൊണ്ട് കരാർ അധ്യാപകരെ പിരിച്ചുവിടാനുള്ള കാലടി സംസ്കൃത സർവ്വകലാശാലയുടെ തീരുമാനത്തിനെതിരെ ജൂൺ 22ന് സിൻഡിക്കേറ്റ് യോഗത്തിലേക്ക് യുണൈറ്റഡ് ആക്ഷൻ ഗസ്റ്റ് ലക്ചേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഗസ്റ്റ് അധ്യാപകർ നടത്തിയ പ്രതിഷേധ മാർച്ച് പ്രൊഫ.കുസുമം ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

ഗസ്റ്റ് അധ്യാപകർ പലപ്പോഴും കോളേജുകളിൽ സ്ഥിരാധ്യാപകർക്ക് തുല്യമോ അതിനേക്കാളേറെയോ ജോലി ചെയ്യുന്നുണ്ട്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തവും ഗസ്റ്റ് അധ്യാപകരുടെ ചുമലിലുണ്ടാകാം. എന്നിരുന്നാലും പാഠ്യേതര പ്രവർത്തനങ്ങളുടെ ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് സ്റ്റഡി ലീവ് അനുവദിക്കുമ്പോഴും ഗസ്റ്റ് അധ്യാപകർക്ക് ശമ്പളം ഉണ്ടാകില്ല. ഒരു ദിവസം മൂന്നു മണിക്കൂറെങ്കിലും പഠിപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് അതിഥി അധ്യാപകർക്ക് ഒരു ദിവസത്തെ ശമ്പളത്തിന് അർഹതയുണ്ടാകുക. എന്നാൽ ചില വിഷയങ്ങളിൽ (പ്രത്യേകിച്ച് സിംഗിൾ ഫാക്കൽട്ടിയിൽ) ഒരു ദിവസം ഒരു മണിക്കൂർ മാത്രമാണ് ക്ലാസുണ്ടാകുക. എന്നാൽ ഈ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ കോളേജിൽ ഗസ്റ്റ് അധ്യാപകരുണ്ടാകണം. സ്ഥിരാധ്യാപകരുടെ എല്ലാ ജോലിയും ഗസ്റ്റ് അധ്യാപകരും ചെയ്യേണ്ടിവരും. പക്ഷെ റവന്യൂ നഷ്ടമെന്ന പേരിൽ മൂന്നു ദിവസം കൂടുമ്പോഴാണ് ഒരു ദിവസത്തെ ശമ്പളം അതിഥി അധ്യാപകർക്ക് ലഭിക്കുന്നത് (അതായത് മൂന്നു മണിക്കൂർ എന്ന കണക്കിൽ). ഒരു വർഷം ഒരു കോളേജിലും അടുത്ത വർഷം മറ്റേതെങ്കിലും കോളേജിലുമൊക്കെയായാണ് ബഹുഭൂരിപക്ഷം ഗസ്റ്റ് അധ്യാപകരുടെയും ജീവിതം. ഇക്കാലയളവിൽ എന്തെങ്കിലും കാരണത്താൽ ആദ്യത്തെ കോളേജിൽനിന്നും ശമ്പളം ലഭിക്കാതിരിക്കുകയോ ശമ്പളം ലഭിക്കുന്നതിൽ കാലതാമസം വരികയോ ചെയ്താലും ശമ്പള സോഫ്റ്റ്‌വെയറായ സ്പാർക്ക് ഓപ്പണായിരിക്കും. ഇതുമൂലം രണ്ടാമത്തെതിൽനിന്നും ശമ്പളം ലഭിക്കുന്നതിൽ സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടാകും. ചുരുക്കത്തിൽ ശമ്പളം വാങ്ങിയെടുക്കുകയെന്നത് അതിഥി അധ്യാപനത്തിലെ പ്രധാന പ്രഹേളികയായി തുടരും.

ചെയ്യുന്ന ജോലിക്ക് കൂലി ലഭിക്കാത്തപ്പോഴും മറ്റ് വഴികളൊന്നും മുന്നിൽ ഇല്ലായെന്നതിനാൽ നിശബ്ദമായി ഈ ചൂഷണം സഹിക്കുകയാണ് പതിറ്റാണ്ടുകളായി അതിഥി അധ്യാപകർ. നേരിടുന്ന ചൂഷണങ്ങൾക്കെതിരെ ഒരു അക്ഷരം എതിർത്തു പറഞ്ഞാൽ ജോലിയും കൂലിയും നഷ്ടപ്പെടുമെന്ന സാഹചര്യവുമുണ്ട്. ജോലിക്കും കൂലിക്കും വേണ്ടി വായ്മൂടിക്കെട്ടുവാൻ ഗസ്റ്റ് അധ്യാപകരെ നിർബന്ധിതമാക്കുന്നുവെന്ന് സാരം. ശമ്പളം മാത്രമല്ല, പ്രസവാവധി പോലെയുള്ള ആനുകൂല്യങ്ങൾക്കും ഗസ്റ്റ് അധ്യാപകർക്ക് അർഹതയില്ലെന്നാണ് സർക്കാർ ഭാഷ്യം. അതുപോലെ കരാർ അധ്യാപകർക്ക് ജോലി ചെയ്യുന്ന സമയത്തോ കാമ്പസിലോ എന്തെങ്കിലും അപകടമുണ്ടായാൽപോലും യാതൊരു പരിരക്ഷയ്ക്കും ആനുകൂല്യങ്ങൾക്കും അർഹതയില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് അതിഥി തൊഴിലാളികളെന്ന ഓമനപ്പേര് നൽകി ചൂഷണം ചെയ്യുന്നതിന് തുല്യമാണ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അതിഥി അധ്യാപകരുടെ ഗതിയെന്നതാണ് വാസ്തവം. ഈ അവസ്ഥയിലും കരാർ അധ്യാപനരംഗത്ത് തുടരുവാൻ ഉദ്യോഗാർത്ഥികളെ പ്രേരിപ്പിക്കുന്നത് പഠിച്ച വിഷയത്തോടുള്ള താത്പര്യവും ഈ തൊഴിലിനോടുള്ള സമർപ്പണവും സ്ഥിരം തൊഴിൽ വിദൂരമായ ഒരു സ്വപ്നമാണെന്ന യാഥാർത്ഥ്യബോധവുമാണ്.

എന്നാൽ അവശേഷിക്കുന്ന ഈ മരുപ്പച്ചയിൽനിന്നും കരാർ അധ്യാപകരെ ആട്ടിയോടിക്കാനുള്ള ശ്രമം കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞു. 2019 ജൂണിൽ, കോവിഡ് കാലത്തെ ഓൺലൈൻ ക്ലാസുകളുടെ നടത്തിപ്പിന് ഒരു സ്ഥിരാധ്യപകനെങ്കിലുമുള്ള ഡിപ്പാർട്ട്മെന്റിൽ കരാർ അധ്യാപകർ ആവശ്യമില്ലായെന്നതും വിവിധ കോളേജുകളിലെ ഓൺലൈൻ ക്ലാസുകൾ പങ്കിട്ടെടുക്കാമെന്നുമുള്ള നിർദ്ദേശം വലിയൊരു വിഭാഗം കരാർ അധ്യാപകരുടെയും തൊഴിൽ നഷ്ടമാകുന്നതിലേക്ക് കൊണ്ടെത്തിച്ചു. റൂസ പ്രോജക്ട് മുന്നോട്ടു വെച്ച ക്ലസ്റ്റർ ഓഫ് കോളേജ് എന്ന സങ്കൽപ്പം തന്നെയായിരുന്നു ഈ ഉത്തരവിന് ആധാരം. ദേശീയ വിദ്യാഭ്യാസ നയം 2020 പിന്തുടരുന്നതും പരമാവധി അധ്യാപകരുടെ എണ്ണം കുറയ്ക്കുകയെന്നതാണ്.

ഈയടുത്ത കാലത്ത് കാലടി സംസ്കൃത സർവ്വകലാശാലയിൽ ഗവേഷക വിദ്യാർത്ഥികളെ ടീച്ചിംഗ് അസിസ്റ്റന്റ് എന്ന പേരിൽ നിയമിക്കാനുള്ള തീരുമാനവും പരമാവധി അധ്യാപക തസ്തികകൾ ഇല്ലാതാക്കുകയെന്ന ലക്ഷ്യം പേറുന്നതാണ്. ഗവേഷണത്തിന്റെയും അധ്യാപനത്തിന്റെയും താത്പര്യങ്ങൾക്ക് വിരുദ്ധമായ ഈ നീക്കത്തിലൂടെ ആദ്യ ഘട്ടത്തിൽ കരാർ അധ്യാപക തസ്തികകളും ക്രമേണ സ്ഥിരാധ്യാപക തസ്തികകളുമില്ലാതാകും. കൂലിയില്ലാത്ത ജോലി എന്ന നിലയിൽ ഗവേഷകർ അധ്യാപനത്തിന് നിർബന്ധിതമാകും. ഈ വിഷയത്തിൽ ഗവേഷകരുടെയും കരാർ അധ്യാപകരുടെയും പ്രതിഷേധമുണ്ടായപ്പോൾ ഈ തീരുമാനത്തിൽ നിന്നും പിന്നോട്ടു പോകുവാൻ സർവ്വകലാശാല നിർബന്ധിതമായി. നിലവിലുള്ള കരാർ അധ്യാപകർക്ക് ആർക്കും തൊഴിൽ നഷ്ടപ്പെടില്ല എന്ന ഉറപ്പ് നൽകേണ്ട സാഹചര്യമുണ്ടായി. അതേസമയം സിപിഐ(എം) അനുകൂല ഗവേഷക സംഘടനയായ AKRSA ഗവേഷകരുടെയും സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെയും താത്പര്യങ്ങളെ വഞ്ചിച്ചുകൊണ്ട് യൂണിവേഴ്സിറ്റി അധികൃതരോട് സന്ധി ചെയ്തു. AKRSAയുമായി ചർച്ച ചെയ്ത് ആശങ്കകൾ പരിഹരിച്ചുവെന്ന് പറഞ്ഞുകൊണ്ട് ഗവേഷകരെ ടീച്ചിംഗ് അസിസ്റ്റന്റായി നിയമിക്കാനുള്ള തീരുമാനം നട

(ശേഷം 9-ാം പേജിൽ)

# സിൽവർലൈൻ വിരുദ്ധ പ്രക്ഷോഭം: ഉദാത്തമായ ജനകീയ സമരത്തിന്റെ മാതൃക

**കേ**രളത്തിന്റെ മണ്ണിലെ പ്രക്ഷോഭ വേദിയിൽ ജനാധിപത്യപരമായ സംഘടിതപ്രവർത്തനത്തിന്റെ പുതുചരിത്രം രചിക്കുകയാണ് കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമരം. തിരുവനന്തപുരം മുതൽ കാസർകോഡുവരെ സാധാരണജനങ്ങൾ ഒരൊറ്റ മനുഷ്യനെപ്പോലെ സിൽവർലൈൻ പദ്ധതിക്കെതിരെ നിവർന്നുനിന്നു പൊരുതുന്നു. നിർദ്ദിഷ്ട പദ്ധതി കടന്നുപോകുന്ന ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ള നിസ്സഹായരായ മനുഷ്യർ തുടക്കം കുറിച്ച പ്രക്ഷോഭം ഇന്ന് കേരളത്തിന്റെ മന:സ്സാക്ഷി ഏറ്റെടുത്തിരിക്കുന്നു. ജനാധിപത്യവിശ്വാസികൾക്ക് ഉൾപ്പുളകം സൃഷ്ടിക്കുന്ന അനുഭവമായി, ജനാധിപത്യപ്രക്ഷോഭത്തിന്റെ ഉദാത്തമാതൃകയായി സിൽവർലൈൻ വിരുദ്ധ ജനകീയ സമരം മാറിക്കഴിഞ്ഞു.

പദ്ധതിക്കെതിരെയുള്ള ചെറുത്തുനിൽപ്പ് ദിനചര്യയായി സ്വീകരിച്ചുകൊണ്ട് ജനങ്ങൾ കരളുറപ്പോടെ ഇന്ന് നിലകൊള്ളുകയാണ്. സങ്കുചിതലക്ഷ്യങ്ങൾക്കുവേണ്ടി ആട്ടിത്തെളിച്ചുകൊണ്ടുവരുന്ന പാർട്ടി അണികളുടെ, മുൻകൂർ തയ്യാറാക്കിയ തിരക്കഥ പ്രകാരമുള്ള അനുഷ്ഠാനമായിരുന്നില്ല ഈ ചെറുത്തുനിൽപ്പ്. അതിരടയാളക്കല്ലുകൾ സ്ഥാപിക്കാൻ കെ റെയിൽ വിരുദ്ധ പോരാളികൾ അധികാരികളെ അനുവദിച്ചില്ല. എവിടെയെങ്കിലും അധികാരമുഷ്കിന്റെ ബലത്തിൽ കല്ലുകൾ സ്ഥാപിക്കപ്പെട്ടോ അവിടെയെല്ലാം അവർ അവ പിഴുതെറിഞ്ഞു. ഒരു പദ്ധതിക്കുവേണ്ടി സർക്കാരിന്റെ മുദ്രകുത്തിയ സർവ്വേക്കല്ലുകൾ ആരെയും കൂസാതെ ജനങ്ങൾ പിഴുതെറിയുക; അത്തരമൊരു സമരരീതി കേരളം ആദ്യമായി ദർശിക്കുകയായിരുന്നു. പ്രക്ഷോഭരംഗത്ത് അണിനിരന്നവരിൽ ഏറിയ പങ്കും സ്ത്രീകളായിരുന്നു. എല്ലായിടത്തും ഒരേമുദ്രാവക്യങ്ങൾ ഉയർത്തപ്പെട്ടു. തെരുവിൽ പോലീസിന്റെആക്രോശങ്ങളെസധൈര്യം നേരിട്ട കെ റെയിൽ പ്രക്ഷോഭകർ, ഇതിനുമുമ്പ് ഒരു സമരപ്രവർത്തനത്തിന്റെയും ഭാഗമായിരുന്നവരല്ല. എന്തിന് ഒരു തെരുവ് പ്രസംഗം കേൾക്കാൻപോലും പോയിട്ടുള്ളവർ ആയിരുന്നില്ല. സാധാരണ ജീവിതം നയിച്ചിരുന്ന വീട്ടമ്മമാർ, വീടുകൾക്കുള്ളിൽ സ്വസ്ഥമായി കഴിഞ്ഞിരുന്ന ഗൃഹനാഥന്മാർ, ചെറുപ്പക്കാർ, വിദ്യാർത്ഥികൾ ഇവരെല്ലാമാണ് ഈ പ്രക്ഷോഭത്തിന്റെ നായകരായി മാറിയത്. അവരെങ്ങിനെ സമരസംഘാടകരായി? പോലീസിന്റെ അതിക്രമങ്ങളെ ശിരസ്സുയർത്തി നിന്ന് നേരിടുന്നവരായി അവർ എങ്ങിനെ വാർക്കപ്പെട്ടു? നിർഭയരായി ജയിലിൽ പോകാൻ അവർ എങ്ങിനെ സന്നദ്ധരായി? തെരുവിലൂടെ വലിച്ചിഴയ്ക്കപ്പെട്ടിട്ടും അവർ അപമാനിതരായില്ല. മരണം വരെയും ഈ പ്രക്ഷോഭരംഗത്ത് ഉറച്ചുനിൽക്കുമെന്ന് അവർ ലോകത്തോട് വിളിച്ചുപറഞ്ഞു. സമരത്തിന്റെ കുത്തകപ്പാട്ടം എടുത്തിട്ടുള്ള ഭരണകക്ഷിയുടെ നേതാക്കന്മാർ, അവർക്കുപുറത്ത് ഒരു സമരം വളർന്നുവരുമെന്ന് സ്വപ്നേപി പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ജനങ്ങൾ അവരുടെ കണക്കുകൂട്ടലുകളെ തകർത്തുകളഞ്ഞു. കല്ല് പിഴുതാൽ പല്ല് പിഴുതുമെന്നുൾപ്പടെ സമനില തെറ്റി അവർ നടത്തിയ ജല്പനങ്ങളെ ജനങ്ങൾ അവജ്ഞയോടെ തള്ളിക്കളഞ്ഞു.ഈപ്രക്ഷോഭകാരികൾക്ക് ലഭിച്ച ഊർജ്ജത്തിന്റെ ഉറവിടമെന്താണ്? അനിതരസാധാരണമായ ഈ പ്രക്ഷോഭം ഇന്നു കാണുന്ന രൂപത്തിൽ വികസിച്ചുവന്നതിന്റെ പ്രക്രിയ മനസ്സിലാക്കേണ്ടത്, നാളെകളിൽ നാടിന്റെ ഭാവി നിർണ്ണയിക്കുന്ന വിപുലമായ ജനകീയമുന്നേറ്റങ്ങൾ വളർത്തിയെടുക്കാൻ അവശ്യമാണ്.

## ജനകീയ സമിതിയുടെ പിറവി പ്രക്ഷോഭത്തിന്റെ സംസ്ഥാനതല കുതിപ്പിന് അസ്തിവാരമൊരുക്കി

സിൽവർലൈൻ പദ്ധതിയെക്കുറിച്ചുള്ള സൂചനകൾ വന്നുതുടങ്ങിയ നാൾ മുതൽ പദ്ധതിയുടെ വിശദാംശങ്ങൾ വിവരാവകാശ നിയമം ഉൾപ്പടെയുള്ള മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുവാനുള്ള പരിശ്രമങ്ങൾ സാമൂഹ്യപ്രവർത്തകരായ ചില വ്യക്തികൾ ആരംഭിച്ചിരുന്നു. പദ്ധതിയെ സംബന്ധിച്ച് അങ്ങിനെ പുറത്തുവന്ന വിവരങ്ങളോരോന്നും ഞെട്ടിക്കുന്നവയായിരുന്നു. അതോടൊപ്പംതന്നെ ജനങ്ങൾ സംഘംചേരലും ആരംഭിച്ചു. കോഴിക്കോട് ജില്ലയിലെ കാട്ടിലപ്പീടിക, കോട്ടയം ജില്ലയിലെ മുളക്കുളം, പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്വതന്ത്രമായി ജനങ്ങളുടെ സമരസമിതകൾ നിലവിൽവന്നു. അവയുടെ ആഭിമുഖ്യത്തിൽപ്രതിഷേധപ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെട്ടു. ഇപ്രകാരം തുടക്കംകുറിച്ച പ്രക്ഷോഭങ്ങളെയും വിവിധ ജില്ലകളിൽ മുളപൊട്ടിവന്ന പ്രതിഷേധങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് കേരളസംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാനതല കൺവൻഷൻ വിളിച്ചുചേർത്തു. സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിനും ജാതി -മത ചിന്തകൾക്കും എല്ലാത്തരം വിഭാഗീയതകൾക്കും ഭിന്നതകൾക്കുമുപരിയായി ജനങ്ങളുടെ സമരം വളർത്തിയെടുക്കണമെന്ന ഉറച്ചതീരുമാനം കൺവൻഷൻ ഐകകണ്ഠേന കൈക്കൊണ്ടു. ജനങ്ങളുടെ വിലപ്പെട്ട സമരൈക്യം വളർത്തിയെടുക്കുന്നതിൽ രാഷ്ട്രീയവിശ്വാസപ്രമാണങ്ങളോ മതാഭിമുഖ്യങ്ങളോ സ്വാർത്ഥതാൽപ്പര്യങ്ങളോ തടസ്സമാകരുത് എന്ന് കൺവൻഷൻ സ്വീകരിച്ച തത്വമാണ് നാമിന്നു കാണുന്ന അസാധാരണമായ കെ റെയിൽ വിരുദ്ധ ജനകീയമുന്നേറ്റത്തിന്റെ അടിസ്ഥാനശില. ഈ തത്വത്തെ ആധാരമാക്കിക്കൊണ്ട്, എം.പി.ബാബുരാജ് ചെയർമാനായും എസ്.രാജീവൻ ജനറൽ കൺവീനറായും സംസ്ഥാനത്തിന്റെ സമരചരിത്രത്തിലെ അനിഷേധ്യസമരസംഘടനയായ സംസ്ഥാന കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിക്ക് കൺവൻഷൻ രൂപം നൽകി.




സിൽവർ ലൈൻ പദ്ധാതി സമ്പൂർണമായി പിൻവലിച്ച് സർക്കാർ ഉത്തരവിടുക, സമരം ചെയ്തവർക്കെതിരെയെടുത്ത കേസുകൾ മുഴുവൻ റദ്ദാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂൺ 22ന് കളക്രേറ്ററിലേക്ക് നടത്തിയ ബഹുജന മാർച്ച്.

## ഉയർന്ന മൂല്യങ്ങളും ജനാധിപത്യ പ്രവർത്തനശൈലിയും കെട്ടുറപ്പുള്ള പ്രക്ഷോഭത്തെ വാർത്തെടുത്തു

രണ്ടുവർഷത്തിനിടയിൽ വ്യത്യസ്ത ഘട്ടങ്ങളിൽ ജില്ലകളിൽ രൂപംകൊണ്ട സമരസംഘടനയുടെ പ്രതിനിധികളെന്ന നിലയിൽ നിരവധി ജനകീയനേതാക്കളും സമരത്തിന്റെ മഹത്തായ ലക്ഷ്യത്തെ സ്വയം ഉൾക്കൊണ്ട, കളങ്കരഹിതമായ പൊതുപ്രവർത്തനത്തിന്റെ പാരമ്പര്യമുള്ള വ്യക്തിത്വങ്ങളും സമരനേതൃത്വത്തിലേക്ക് ഉൾച്ചേർക്കപ്പെട്ടു. രാഷ്ട്രീയമായി വ്യത്യസ്തധ്രുവങ്ങളിൽ നിലകൊള്ളുന്ന സംസ്ഥാനത്തെ ഏറ്റവും പ്രമുഖ രാഷ്ട്രീയനേതാക്കളെയും വ്യക്തിത്വങ്ങളെയും സിൽവർ ലൈൻ പിൻവലിക്കുക എന്ന ഒരൊറ്റ ഡിമാന്റിൻമേൽ ഒരുമിപ്പിക്കാനും ജനാധിപത്യപരമായ അവരുടെ കടമകൾ നിർവ്വഹിക്കാൻ സാഹചര്യം സൃഷ്ടിക്കാനും സംസ്ഥാനസമിതിക്കു കഴിഞ്ഞത് പ്രക്ഷോഭത്തെ വലിയ അളവിൽ മുന്നോട്ടുകൊണ്ടുപോകാനിടയാക്കി.

ഏവരുടെയും അഭിപ്രായങ്ങളെ ആദരവോടെ സമീപിക്കുന്നതിലും ഹൃദ്യമായ ചർച്ചകളിലൂടെ ഏകാഭിപ്രായത്തിൽ എത്തിച്ചേരുന്നതിലും സമിതിക്കുള്ളിൽ പരിപാലിച്ചിട്ടുള്ള ആരോഗ്യകരമായ ജനാധിപത്യഅന്തരീക്ഷംപ്രക്ഷോഭത്തിന് അസാധാരണമായ കെട്ടുറപ്പും ഐക്യവും നൽകി. സദുദ്ദേശത്തോടെചൂണ്ടിക്കാണിക്കപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും സന്തോഷപൂർവ്വം സ്വീകരിച്ചും ഏതൊരു വ്യക്തിയുടെയും പ്രക്ഷോഭ വിജയത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ ഉൾക്കൊണ്ടും മാതൃകാപരമായ ജനാധിപത്യപ്രവർത്തനത്തിന്റെ പാതയിൽ ജനകീയ സമിതി മുന്നേറി. അങ്ങിനെ സങ്കുചിതമായ രാഷ്ട്രീയ കിടമൽസരമോ അനഭിലഷണീയമായ സ്പർദ്ധകളോ വ്യക്തി മാൽസര്യങ്ങളോ ഇല്ലാത്ത, ജനതാൽപ്പര്യത്തിന്റെ പക്ഷത്ത് അചഞ്ചലമായി നിലയുറപ്പിച്ചിട്ടുള്ള ഒരു സമരസംഘടനയെ വാർത്തെടുത്തു. ജാതിക്കും മതത്തിനും അതീതമായി സംസ്ഥാനമെമ്പാടും സമരപ്രവർത്തകർക്കിടയിൽ വിടർന്നുവന്നിട്ടുള്ള അസാധാരണമായ സമര സാഹോദര്യവും സ്നേഹവായ്പ്പും ആരെയും അതിശയിപ്പിക്കുന്ന ഒന്നാണ്. വിദൂരജില്ലകളിലെ പ്രവർത്തകർ പോലും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കലർപ്പില്ലാതെ നിലനിർത്തുന്ന പരസ്പരാദരവും ഊഷ്മളതയും ഈ പ്രക്ഷോഭത്തിന്റെ തനിമയായി നിരവധി പേർ വിലയിരുത്തുന്നു. വർഗ്ഗീയതയും മതാന്ധതയും

(ശേഷം 10–ാം പേജിൽ)

## ഗസ്റ്റ് അധ്യാപനം...

(8–ാം പേജിൽ നിന്ന്)

പ്പിലാക്കുവാൻ വൈസ് ചാൻസലർ ജൂലൈ ഒന്നിന് ഉത്തരവിറക്കി. ഇതൊരു മുന്നറിയിപ്പാണ്. കേരളത്തിലെ സർവ്വകലാശാലകളിലും കലാലയങ്ങളിലും ഗവേഷകരെ പഠിപ്പിക്കാൻ നിയോഗിച്ചുകൊണ്ടു നിലനിൽക്കുന്ന തൊഴിലവസരങ്ങൾ കൂടി ഇല്ലാതാക്കാമെന്ന ലക്ഷ്യമാണ് കാലടി സർവ്വകലാശാലയിൽ നടപ്പിലാകുന്നത്. ഈ നീക്കത്തിലൂടെ കഴിഞ്ഞ ഇരുപതു വർഷത്തിലധികം സർവ്വകലാശാലയിൽ കരാർ അധ്യാപകരായി ജോലി ചെയ്തവരുടെ അവസരങ്ങൾപോലും പ്രതിസന്ധിയിലായി. കഴിഞ്ഞ ഇരുപതു വർഷം കരാർ അധ്യാപനം നടത്തേണ്ടിവരുന്നുവെന്നാൽ അതിനർത്ഥം അവിടെ അധ്യാപകരുടെ ആവശ്യമുണ്ടായിരുന്നിട്ടും സ്ഥിരാധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടില്ലായെന്നതാണ്. അതായത് സ്ഥിരാധ്യാപക നിയമനം നടത്തുവാൻ തയ്യാറാകാതെ കരാർ അധ്യാപനത്തിന് നിർബന്ധിക്കുകയും ഇപ്പോൾ തൽസ്ഥാനത്ത് ഗവേഷകരെ ഉപയോഗിച്ചുകൊണ്ടു കരാർ അധ്യാപനത്തിന്റെ സാധ്യതപോലുമില്ലാതാക്കുകയും ചെയ്യുന്നു.

മൃഗീയ ചൂഷണത്തിനെതിരെ സംഘടിതമായി പ്രതിഷേധിക്കുകയെന്നതാണ് അതിഥി അധ്യാപകർക്ക് മുന്നിലുള്ള ഒരേയൊരു മാർഗ്ഗം. എന്നാൽ കരാർ അധ്യാപകർ സംഘടിക്കുകയാണെങ്കിൽ ജോലി ചെയ്യുവാനുള്ള അവസരം നഷ്ടപ്പെടുമെന്ന ഭീഷണി പലപ്പോഴും ഉണ്ടാകുന്നുണ്ട്. ഈയടുത്ത് ഇലഞ്ഞി കോളേജിൽ സംഘടിക്കാനോ സമരം ചെയ്യാനോ പാടില്ലെന്ന വ്യവസ്ഥയോടെ കോളേജ് അധികൃതർ ബോണ്ട് എഴുതി വാങ്ങുകയും ചെയ്തു. ജനാധിപത്യ വിരുദ്ധമായ ഈ ബോണ്ടിനെതിരെ UAGLF ശക്തമായി പ്രതിഷേധ രംഗത്തേക്ക് വന്നതിനെതുടർന്ന് ഈ ബോണ്ട് പിൻവലിക്കുവാൻ കോളേജ് മാനേജ്മെന്റ് നിർബന്ധിതമായി. സംഘടിക്കുകയെന്നത് മാത്രമാണ് ഗസ്റ്റ് അധ്യാപകർക്ക് മുന്നിലുള്ള ഒരേയൊരു മാർഗ്ഗം എന്നതിന് ദൃഷ്ടാന്തമാണ് ആ സംഭവം.

ഇന്ന് ദേശീയ തലത്തിൽ "തുല്യ ജോലിക്ക് തുല്യ വേതനം" തുടങ്ങിയ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് ഗസ്റ്റ് അധ്യാപകർ സംഘടിക്കുകയാണ്. മെയ് 8ന് ഡൽഹിയിൽവെച്ചുനടന്ന കരാർ അധ്യാപകരുടെ ദേശീയ സമ്മേളനത്തിലൂടെ ഓൾ ഇന്ത്യാ കോളേജ് ആന്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ (നോൺ റെഗുലർ) (AICUTA-NR) രൂപംകൊണ്ടു. കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷമായി പ്രവർത്തിച്ചുവരുന്ന യുണൈറ്റഡ് ആക്ഷൻ ഗസ്റ്റ് ലെക്ചേഴ്സ് ഫോറം (UAGLF) ഈ അഖിലേന്ത്യാ പ്രസ്ഥാനവുമായി അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുകയാണ്. ഇത്തരമൊരു സമരസംഘടന ശക്തി പ്രാപിച്ചു വരുന്നതിലൂടെ മാത്രമാണ് അതിഥി അധ്യാപകർക്ക് മാന്യമായ തൊ ഴിൽ സാഹചര്യം സൃഷ്ടിക്കപ്പെടുക. ആത്യന്തികമായി ഈ സമരരംഗം വിദ്യാഭ്യാസ വിരുദ്ധമായ എല്ലാ നീക്കങ്ങൾക്കുമെതിരായ സമരശക്തിക്ക് കരുത്തേകും. ■

# സിൽവർലൈൻ: പദ്ധതി പിൻവലിച്ച് ഉത്തരവിറക്കുന്നതുവരെ പ്രക്ഷോഭം തുടരും

(9-ാം പേജിൽ നിന്ന്)

ഇരുട്ട് സൃഷ്ടിക്കുന്ന വേദനാകരമായ സാഹചര്യത്തെ പ്രതിരോധിക്കാൻ കെ റെയിൽ വിരുദ്ധ പ്രക്ഷോഭങ്ങൾ പോലുള്ള ജനകീയമുന്നേറ്റങ്ങൾക്കേ കഴിയൂ എന്ന് ഇത് അടിവരയിടുന്നു. വർഗ്ഗീയതക്കെതിരെ വാചാരി മുഴക്കുന്ന കപടഇടതുപക്ഷം, ഈ ജനകീയ മുന്നേറ്റത്തെ തകർക്കാൻ ശ്രമിക്കുന്നതുവഴി കെ റെയിൽ വിരുദ്ധ പ്രക്ഷോഭം സൃഷ്ടിക്കുന്ന പ്രതീക്ഷാനിർഭരമായ സാമൂഹ്യസാഹചര്യത്തെയും ജനൈക്യത്തെയും ഇല്ലാതാക്കാനാണ് പണിപ്പെടുന്നത്.

## സ്വന്തം സമരസമിതികളെയും നേതൃത്വത്തെയും സൃഷ്ടിച്ച പ്രക്ഷോഭം

താഴേത്തലങ്ങളിൽ സമരോപകരണങ്ങളെന്ന നിലയിൽ ജനങ്ങളുടെ സ്വന്തം സമരസമിതികൾക്ക് രൂപംനൽകിയും അവിടങ്ങളിൽ സ്വന്തം നേതൃത്വത്തെ സ്ഥാപിച്ചെടുത്തുംകൊണ്ടുമാത്രമേ പ്രക്ഷോഭത്തിന് ബലത്ത അസ്തിവാരമൊരുക്കാൻ കഴിയൂ എന്ന് കൃത്യമായി സംസ്ഥാനനേതൃത്വം വിലയിരുത്തി. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി സമരസമിതിക്ക് ഘടകങ്ങൾ ഇല്ലാതിരുന്ന മേഖലകളിലേക്കും സമീപജില്ലകളിലേക്കും നിരവധിയായ സമരപ്രവർത്തകരെ നിയോഗിച്ചുകൊണ്ട് ബൃഹത്തായൊരുപ്രവർത്തനംസംസ്ഥാന സമിതി ആസൂത്രണം ചെയ്ത് നടപ്പാക്കി. ഇന്നോളം കേരളത്തിന്റെ ചരിത്രത്തിൽ നടന്നിട്ടില്ലാത്തവിധമുള്ള ജനകീയസമരസംഘാടനമാണ് ഇതിലൂടെ നിർവ്വഹിക്കപ്പെട്ടത്. കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി എന്ന സമരപ്രസ്ഥാനം, മാലയിൽ മുത്തെന്നതുപോലെ ജനങ്ങളെ ചേർത്തും കോർത്തുമെടുത്തു. ഏതെങ്കിലും പ്രത്യേക മതത്തിന്റെയോ ജാതിയുടെയോ കക്ഷിരാഷ്ട്രീയത്തിന്റെയോ അടിസ്ഥാനത്തിലല്ലാതെ സ്ത്രീപുരുഷ ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളും ഒരുമിച്ചു, കൈകോർത്തു. സമീപകാല കേരളത്തെ സംബന്ധിച്ചിടത്തോളം നവ്യവും ഹൃദ്യവുമായ അനുഭവമാണ് ഇതെന്നു പറയാതെവയ്യ. ജനകീയ പ്രതിരോധ സമിതിയുടെ നൂറുകണക്കിന് പ്രവർത്തകരുടെ സേവനവും ഈ പ്രവർത്തനത്തിൽ ലഭിക്കുകയുണ്ടായി. തിരുവനന്തപുരം മുതൽ കാസർകോഡുവരെ പതിനൊന്നു ജില്ലകളിലായി മുന്നൂറോളം യൂണിറ്റുകൾ രൂപീകരിച്ച് ജനങ്ങളുടെ യഥാർത്ഥ സമരസംഘടന കെട്ടിപ്പടുക്കാൻ കൃത്യതയാർന്ന ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞു. പന്ത്രണ്ട് ജില്ലകളിലും ഐക്യദാർഢ്യ സമിതികളും രൂപീകരിക്കപ്പെട്ടു. കെ റെയിൽ വിരുദ്ധ പ്രക്ഷോഭത്തിന്റെ യഥാർത്ഥ ശക്തി കുടികൊള്ളുന്നത് സംസ്ഥാനമെമ്പാടും രൂപംകൊണ്ടിട്ടുള്ള ഈ പ്രാദേശികഘടകങ്ങളിലാണ്. ജനാധിപത്യത്തിൽ ജനങ്ങളാണ് അപ്രതിരോധ്യശക്തിഎന്ന് വീണ്ടും തെളിയിക്കപ്പെടുന്നു.

## അരലക്ഷം പ്രവർത്തകർക്ക് പാഠശാലയായി മാറിയ ജനകീയ സമരം

സിൽവർലൈൻ പദ്ധതിയുടെ വിശദാംശങ്ങളെയും അതു സൃഷ്ടിക്കുന്ന വിനാശത്തെയും സംബന്ധിച്ച് ശാസ്ത്രീയമായ ധാരണ നൽകുന്നതിനായി ജനകീയ സമിതി സംസ്ഥാനമെമ്പാടും അതിവിപുലമായ പഠനപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ജനാധിപത്യപ്രക്ഷോഭത്തിന്റെ ഉയർന്ന മൂല്യങ്ങളും നീതിബോധവും ജനങ്ങൾക്ക് പകരുന്ന പ്രവർത്തനങ്ങളും ഇതോടൊപ്പം നടന്നു. പദ്ധതിയെയോ പ്രക്ഷോഭത്തെയോ സംബന്ധിച്ച് ഏതുചോദ്യം ഉയർന്നാലും അതിനു വ്യക്തതയാർന്ന മറുപടി നൽകാൻ താഴേത്തലങ്ങളിലുള്ള ഒരു സമരപ്രവർത്തകനെപ്പോലും സജ്ജമാക്കുന്ന അതിബൃഹത്തായ ഒരു പാഠശാലയായി കെ റെയിൽ സിൽവർലൈൻ വിരുദ്ധ പ്രക്ഷോഭം മാറി. ജനകീയസമരങ്ങളുടെ ചരിത്രത്തിൽ ഇത്രയും വിപുലമായ നിലയിൽ ജനങ്ങളെ ആശയപരമായി തയ്യാറെടുപ്പിക്കുന്ന ഒരു ദൗത്യം ഒരു പക്ഷേ സംസ്ഥാനത്ത് ആദ്യമായിട്ടാകാം. ജില്ലാതല കൺവൻഷനുകളും പ്രവർത്തക യോഗങ്ങളും പ്രാദേശിക യൂണിറ്റുകളുടെ നിരന്തരമായ യോഗങ്ങൾ, നൂറുകണക്കിന് ചർച്ചകൾ, എണ്ണമറ്റ ഗൃഹസദസ്സുകൾ തെരുവ് യോഗങ്ങൾ, ചെറുതും വലുതുമായ പ്രചാരണജാഥകൾ സംസ്ഥാനമെമ്പാടും നടന്നു. ജനപക്ഷത്ത് നിലയുറപ്പിച്ചിട്ടുള്ള സാമൂഹ്യവ്യക്തിത്വങ്ങൾ, പാരിസ്ഥിതിക രംഗത്തെ ശാസ്ത്രജ്ഞർ, എൻജിനീയർമാർ, സാമ്പത്തികവിദഗ്ദർ, മാധ്യമപ്രവർത്തകർ തുടങ്ങി ഒട്ടനവധി പ്രതിഭകൾ ജനങ്ങൾക്ക് അറിവ് പകരാനുള്ള മഹത്തായ ഈ ദൗത്യത്തിൽ നേതൃത്വം വഹിച്ചു.

## സമരത്തിന്റെ ഡിമാന്റും സമരനിലപാടുകളും വസ്തുനിഷ്ഠമായി നിർണ്ണയിച്ചു

സമരം അഭിമുഖീകരിക്കുന്ന രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ട് സമരത്തിന്റെ ഏറ്റവും ശരിയായ ഘട്ടങ്ങൾ നിർണ്ണയിക്കുന്നതിലും അവ നടപ്പാക്കുന്നതിനായി സുഘടിതവും ചിട്ടയാർന്നതുമായ പ്രവത്തനങ്ങൾ ആവിഷ്കരിക്കുന്നതിലും പിറവികൊണ്ട ദിനം മുതൽ ഇന്നുവരെ സംസ്ഥാനസമിതി കൈവരിച്ച വിജയമാണ് പ്രക്ഷോഭത്തെ ഇന്നുകാണുന്ന മാനത്തിലേക്ക് വളർത്തിയത്. പ്രാരംഭഘട്ടത്തിൽ സിൽവർലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ബഹുഭൂരിപക്ഷം സാധാരണമനുഷ്യരും ഈ പദ്ധതിയുടെ അപകടം തിരിച്ചറിഞ്ഞിട്ടില്ല എന്നു വിലയിരുത്തിയ സംസ്ഥാനസമിതി, പ്രക്ഷോഭത്തിന്റെ ആവശ്യകതയും സന്ദേശവും ജനങ്ങൾക്കിടയിൽപ്രചരിപ്പിക്കാനായി 2020 ജനുവരിയിലും ഫെബ്രുവരിയിലുമായി 16 ദിവസത്തെ പ്രചാരണജാഥ സംഘടിപ്പിച്ചു. പ്രാരംഭദിനങ്ങളിലെ ദുഷ്കരമായ സാഹചര്യത്തിൽ നിരവധി ക്ലേശങ്ങളെ നേരിട്ടുകൊണ്ടാണെങ്കിലും അത്തരമൊരു പ്രവർത്തനം ഇഛാശക്തിയോടെ ആവിഷ്കരിക്കാൻ കഴിഞ്ഞത്, വലിയൊരുവിഭാഗം ഇരകളെയും പദ്ധതിയുടെ അപകടം ബോധ്യപ്പെടുത്തുക, സംസ്ഥാനമെമ്പാടും ഉയർന്നുവന്നുകൊണ്ടിരുന്ന ചെറുപ്രതിഷേധങ്ങളെ കോർത്തിണക്കുക എന്നീ അതിപ്രധാനമായ ദൗത്യങ്ങൾ നിറവേറ്റാനിടനൽകി. സമരരംഗത്തെ സർവ്വശക്തിയെയും സമാഹരിച്ചുകൊണ്ട് തുടർന്ന് 2021 ഒക്ടോബർ 27ന് സംഘടിപ്പിക്കപ്പെട്ട സെക്രട്ടേറിയറ്റ് മാർച്ച് മാധ്യമങ്ങളെയും രാഷ്ട്രീയനേതാക്കളെയും ഈ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയപ്രാധാന്യം ബോധ്യപ്പെടുത്തിയ ഒന്നായി മാറി. ആർക്കും അവഗണിക്കാനാവാത്ത, ജനാധിപത്യകേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഒന്നാണ് കെ റെയിൽ വിരുദ്ധ പ്രക്ഷോഭമെന്ന് പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തി. ഭരണപക്ഷത്തുള്ളവരൊഴികെയുള്ള മുഴുവൻ കക്ഷികളുടെയും നേതാക്കൾ, അവിടെയെത്തത്തക്കവിധമുള്ള സാമൂഹ്യസാഹചര്യം സെക്രട്ടേറിയറ്റ് മാർച്ച് സൃഷ്ടിച്ചു. അതിരടയാളക്കല്ലുകൾ സ്ഥാപിച്ചാൽ അവ പിഴുതെറിയുമെന്ന് മാർച്ചിൽ അണിനിരന്ന ആയിരങ്ങൾ ഒറ്റക്കെട്ടായി പ്രതിജ്ഞ ചെയ്തു. അളവറ്റ ആത്മവിശ്വാസത്തോടെ അവിടെ നിന്നു മടങ്ങിപ്പോയ ജനങ്ങൾ സമരസംഘടനയില്ലാത്തസ്ഥലങ്ങളിലെല്ലാം പുതിയ യൂണിറ്റുകൾ രൂപീകരിക്കാൻ മുൻകൈയെടുത്തു. പ്രക്ഷോഭം ഉയർന്ന പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചു.

യാതൊരു ഔദ്യോഗിക അറിയിപ്പും നൽകാതെ, രാപകൽ ഭേദമില്ലാതെ അടുക്കളയിലും മുറ്റത്തും പറമ്പിലും മഞ്ഞക്കുറ്റിയുമായി സാമൂഹ്യാഘാത പഠനത്തിനെന്ന പേരിൽ വൻ പോലീസ് അകമ്പടിയോടെ ധിക്കാരപൂർവ്വം കയറുന്ന കെ റെയിൽ സംഘത്തെ ചെറുത്തുപരാജയപ്പെടുത്തണമെന്ന സംസ്ഥാനസമിതിയുടെ തീരുമാനം സംസ്ഥാനത്തെ മുഴുവൻ യൂണിറ്റുകളും ഒറ്റക്കെട്ടായി നടപ്പാക്കി. സംസ്ഥാനനേതാക്കൾ രാപകൽ വിശ്രമമില്ലാതെ കേരളമെമ്പാടും ഓടിനടന്ന് പ്രാദേശിക – ജില്ലാ ഘടകങ്ങളുടെ യോഗങ്ങളിൽ ജനങ്ങളെ സമരസജ്ജരാക്കി. പോലീസ് നടത്തിയ പൊറുക്കാനാവാത്ത അതിക്രമങ്ങളിൽ പ്രതിഷേധിക്കാനും ചെറുത്തുനിൽപ്പിന്റെ ആഹ്വാനത്തെ ദൃഢനിശ്ചയത്തോടെ സ്വീകരിക്കാൻ സമരപ്രവർത്തകരെ കൂടുതൽ വീറോടെ സജ്ജമാക്കാനും സംസ്ഥാന സമരജാഥ 2022 മാർച്ച് 1 മുതൽ 24 വരെ സംഘടിപ്പിക്കാൻ സമിതി സമയോചിതമായി തീരുമാനിച്ചു. ചെറുത്തുനിൽപ്പ് മേഖലകളിൽ ആത്മവിശ്വാസം പകർന്നുകൊണ്ടുള്ള 25 ദിവസം നീണ്ടുനിന്ന സമരജാഥയുടെ പ്രയാണം എത്ര വലിയ പ്രതിസന്ധികളെയും നേരിട്ടുകൊണ്ട് അടിയുറച്ചുനിൽക്കാൻ ജനങ്ങളെ പ്രാപ്തരാക്കി. സമരജാഥയുടെ സമാപനത്തിൽ സെക്രട്ടേറിയറ്റ് നടയിൽ ആയിരങ്ങൾ പങ്കെടുത്തു.

കണ്ണൂരിൽമുഖ്യമന്ത്രിയുടെമണ്ഡലത്തിൽ ധർമ്മടത്ത് കല്ലിടലിനെ ചെറുത്തുപരാജയപ്പെടുത്തിയത്, കേരളത്തിൽ ഒരിടത്തും പദ്ധതി പ്രവർത്തനങ്ങൾ ജനങ്ങൾ അനുവദിക്കില്ല എന്നതിന്റെ ഉറന്ന പ്രഖ്യാപനമായി മാറി. അതോടെ താൽക്കാലികമായെങ്കിലും കല്ലിടൽ നിർത്തിവയ്ക്കാൻ സർക്കാർ നിർബ്ബന്ധിതമായി. കെ റെയിൽ പദ്ധതിയുടെ നടത്തിപ്പുകാർക്ക് വോട്ടില്ലഎന്ന് പ്രഖ്യാപിച്ചുകൊണ്ട് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ സംസ്ഥാന സമിതി കൈക്കൊണ്ട നിലപാട് ജനങ്ങൾ സഹർഷം സ്വാഗതം ചെയ്തു. ഇടുങ്ങിയ താൽപ്പര്യങ്ങളാൽ സ്വാധീനിക്കപ്പെടാതെ, ജനങ്ങളുടെ ഉത്തമ താൽപ്പര്യം മാത്രം മുൻനിർത്തി, സമരത്തിന്റെ മുമ്പിലെ ആവശ്യകതകൾ വസ്തുനിഷ്ഠമായി വിലയിരുത്തി, ജനാധിപത്യ പ്രക്രിയ അവലംബിച്ചുകൊണ്ട്, മുന്നോട്ടുപോകാൻ കഴിഞ്ഞതിനാലാണ് സിൽവർലൈൻ വിരുദ്ധ സമരത്തിന് സംസ്ഥാനത്തെ ഒന്നാകെയുള്ള ജനങ്ങളുടെ പിന്തുണ കൈവരിക്കാൻ കഴിഞ്ഞത്. കർമ്മോൽസുകതയും പ്രായോഗിക അനുഭവസമ്പത്തും സത്യസന്ധതയും ആത്മാർത്ഥതയും ഇച്ഛാശക്തിയുമുള്ള നേതൃത്വമാണ്, പ്രലോഭനങ്ങൾക്കോ ഭീഷണികൾക്കോ വഴങ്ങാത്ത നേതൃത്വമാണ് ജനാധിപത്യപ്രക്ഷോഭങ്ങളുടെ മുന്നേറ്റത്തിന് അനിവാര്യമായും വേണ്ടുന്നത്.




സമരക്കാർക്കുനേരെയെടുത്ത കള്ളക്കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി കോട്ടയം ജില്ലാ കമ്മിറ്റി ജൂൺ 24ന് നടത്തിയ എസ്പി ഓഫീസ് മാർച്ചിൽ ജില്ലാ രക്ഷാധികാരിയും എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറിയുമായ മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

## പ്രതീക്ഷ പകരുന്ന ജനാധിപത്യ പ്രക്ഷോഭങ്ങൾ

സംഘടിക്കുകയും പോരടിക്കുകയും ചെയ്യാതെ ഒരു വിഭാഗം ജനങ്ങൾക്കും ജീവിതത്തിൽ പിടിച്ചുനിൽക്കാനാകില്ല എന്നത് നിത്യേന തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പുതിയ അവകാശങ്ങൾ നേടിയെടുക്കുക എന്നതിനുമപ്പുറത്ത് പരിമിതമെങ്കിലും നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ നിലനിർത്തുക എന്നതുതന്നെ വലിയ പ്രയത്നം ആവശ്യമായ ദൗത്യമായിരിക്കുന്നു. അവ്വിധമൊരു പ്രക്ഷോഭണമാണ് സിൽവർലൈൻ വിരുദ്ധസമരം. കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് തങ്ങളുടെ കിടപ്പാടം നഷ്ടപ്പെടാതിരിക്കണമെങ്കിൽ സമരരംഗത്തിറങ്ങിയേ മതിയാകൂ എന്നതായിരുന്നു സാഹചര്യം.

ജനാധിപത്യപ്രക്ഷോഭങ്ങളാണ് സമൂഹത്തിന്റെ മുന്നോട്ടുള്ള വഴി എന്നും ജനങ്ങളുടെ നിലനിൽപ്പിന്റെ സമ്പ്രദായം തന്നെ അനീതിയോട് കീഴടങ്ങാതെ സമരത്തിലായിരിക്കുക എന്നതാണ് എന്നും ഓർമ്മപ്പെടുത്തിക്കൊണ്ട്, സമരത്തിന്റെ പുത്തൻ ഏടുകൾ രചിച്ചുകൊണ്ട് ചെങ്ങറയും, പ്ലാച്ചിമടയും, വിളപ്പിൽശാലയും, മൂലമ്പിള്ളിയും കരിമണൽ ഖനനവിരുദ്ധ സമരവും പുത്തൻ പ്രതീക്ഷയായി ഉയർന്നുവന്നു. ദേശീയതലത്തിൽ നന്ദിഗ്രാം പ്രക്ഷോഭവും പൗരത്വനിയമഭേദഗതിക്കെതിരെ നടന്ന സമരവും കർഷകരുടെ ഐതിഹാസിക സമരവുമെല്ലാം ജനങ്ങൾക്ക് പുത്തൻ പ്രതീക്ഷയും ആവേശവും പ്രത്യാശയുമായി. അതിന്റെ കൃത്യമായ തുടർച്ചയാണ് കെ റെയിൽ സിൽവർലൈൻ വിരുദ്ധ സമരം. ജനങ്ങൾക്കിടയിൽ കക്ഷിരാഷ്ട്രീയത്തിനോ ജാതിമത സങ്കുചിതത്വങ്ങൾക്കോ പ്രസക്തിയില്ല എന്നത് ദൈനംദിന ജീവിതാനുഭവങ്ങൾ തെളിയിക്കുന്നു. ഭരണകൂടത്തിന്റെയും ഭരണവർഗ്ഗത്തിന്റെയും നിഷ്ഠുരവും ക്രൂരവുമായ കുത്തകാനുകൂല നയങ്ങൾക്കെതിരെ പണിയെടുക്കുന്നവൻ സാധാരണക്കാരൻ ഒറ്റക്കെട്ടായി നിൽക്കേണ്ടിയിരിക്കുന്നു എന്നതാണ് അനുഭവങ്ങളിൽനിന്നും നാം എടുക്കേണ്ട പാഠം. അധികാരികളുടെ മുഷ്കും കുത്തകകളോടുള്ള കൂറും തെല്ലൊന്നുമല്ല സാധാരണക്കാരനെ ക്ലേശിപ്പിക്കുന്നതും ഞെരുക്കുന്നതും. അധികാരത്തിന്റെ ദണ്ഡിന് എക്കാലവും മനുഷ്യന്റെ മുന്നേറ്റങ്ങളെ തടഞ്ഞുനിർത്താനാകില്ല. വിലക്കുകളെ ഉല്ലംഘിച്ച് മനുഷ്യസമൂഹം മുന്നേറും. അത് നിയതിയുടെ നിയമം. ഇന്നു നാം കാണുന്ന മനുഷ്യസമൂഹം അതിന്റെ സാക്ഷ്യപത്രമാണ്. ■

# ഗ്യാൻവാപി മസ്ജിദിന്റെയും മറ്റ് ഇസ്ലാമിക മന്ദിരങ്ങളുടെയും പേരിൽ ഉയർത്തുന്ന കപട വിവാദങ്ങൾ

ഉണരുന്ന ഹിന്ദുത്വയുടെ പേരിൽ നിർബാധമുള്ള വർഗീയ അതിക്രമങ്ങളുടെ പരമ്പരതന്നെ രാജ്യത്തുടനീളം ചോരപ്പാടുകൾ വീഴ്ത്തിക്കൊണ്ടും നിസ്സഹായരായ ജനങ്ങളെ ചവിട്ടിയരച്ചുകൊണ്ടും പടരുന്നത് അങ്ങേയറ്റം വിഷമത്തോടെ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിനു പുറമെയാണ്, അയോധ്യ, വാരണാസി, ഗ്യാൻവാപി, മധുര ഷാഹി ഈദ്ഗാഹ്, ടിപ്പു സുൽത്താൻ മസ്ജിദ്, കുത്തബ് മിനാർ, താജ്മഹൽ, അജ്മീർ ഷരീഫ് എന്നിങ്ങനെ എല്ലാ മസ്ജിദുകളും ഇസ്ലാമിക സ്മാരകങ്ങളും, ഹിന്ദു ക്ഷേത്രങ്ങൾ തകർത്തുകൊണ്ട് നിർമ്മിച്ചതാണെന്ന തെറ്റായ വാദമുയർത്തുന്നത്.

രാജ്യത്ത് പശുസംരക്ഷണത്തിന്റെയും ലവ് ജിഹാദിന്റെയും പേരിൽ മതന്യൂനപക്ഷങ്ങൾക്കെതിരെ കൊലപാതകമടക്കമുള്ള ആക്രമണങ്ങളുണ്ടാകുന്നു. കൂടാതെ പ്രകോപനം സൃഷ്ടിക്കുന്നതിനായി മസ്ജിദിൽ വാങ്ക് വിളിക്കുമ്പോൾ മൈക്കിലൂടെ ഹനുമാൻ ചാലിസ ചൊല്ലുക, മതഘോഷയാത്രകളിൽ മാരകായുധങ്ങൾ കൊണ്ടുനടക്കുക, ന്യൂനപക്ഷ മേഖലകളിലൂടെ ഘോഷയാത്ര കടന്നുപോകുമ്പോൾ അവർക്കെതിരായി വെറുപ്പിന്റെ മുദ്രാവാക്യങ്ങൾ മുഴക്കുക, ഘോഷയാത്രകളെ ആക്രമിച്ചതായി ആരോപിക്കുക - തുടങ്ങിയവയൊക്കെ നടത്തുന്നു. ഇതിനൊക്കെ പുറമേ, അയോദ്ധ്യ, വാരാണാസി, ഗ്യാൻവാപി, മധുരഷാഹി ഈദ്ഗാഹ്, ടിപ്പു സുൽത്താൻ മസ്ജിദ്, ഡൽഹിയിലെ കുത്തബ് മിനാർ, ആഗ്രയിലെ താജ്മഹൽ, അജ്മീർ ഷരീഫ് എന്നിങ്ങനെ എല്ലാ മസ്ജിദുകളും ഇസ്ലാമിക സ്മാരകങ്ങളും ഹിന്ദു ക്ഷേത്രങ്ങൾ തകർത്തുകൊണ്ട് നിർമ്മിച്ചതാണെന്ന തെറ്റായ വാദമുയർത്തുന്നു. വർഗീയ ഹിന്ദുത്വ വികാരത്തെ ആളിക്കത്തിക്കുവാനും ന്യൂനപക്ഷ സമുദായത്തിലെ പൗരന്മാരെ ഭീതിയിലാഴ്ത്താനും സഹോദരതുല്യം കഴിയുന്നവർക്കിടയിൽ കലഹമുണ്ടാക്കാനും അന്തരീക്ഷത്തിൽ എപ്പോഴും സമ്മർദ്ദം നിറയ്ക്കാനുമൊക്കെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഹിന്ദുത്വ സംഘടനകളുടെ ഈ ന്യൂനപക്ഷ വിരുദ്ധ പ്രഹരങ്ങൾ.

മറുവശത്ത് ന്യൂനപക്ഷ മതമൗലികവാദത്തിന് അതിന്റെ ഹീനമായ തലയുയർത്താനും, സംഘപരിവാറിന് സന്തോഷമേകിക്കൊണ്ട് ആ വിഭാഗത്തിലെ ചെറുപ്പക്കാരെ തങ്ങളുടെ കെണിയിൽപ്പെടുത്താനും വഴിയൊരുക്കുന്നു. ഹിന്ദു വർഗീയ വികാരത്തെ കൂടുതൽ ആളിക്കത്തിക്കുന്നതിന് ഇത് സംഘപരിവാറിനെ സഹായിക്കുന്നു. മതമൗലികവാദപരമായ മുദ്രാവാക്യങ്ങളുയർത്തി മുസ്ലീം വോട്ടുകൾ കൈക്കലാക്കുന്ന ചില അവസരവാദികളായ ന്യൂനപക്ഷ നേതാക്കളുണ്ട്. പ്രതിപക്ഷത്തിന്റെ, ജാതി-മതാധിഷ്ഠിതമായ തെരഞ്ഞെടുപ്പ് സമവാക്യങ്ങളെ തകിടം മറിച്ചുകൊണ്ട്, കൂടുതൽ വർഗീയ ധ്രുവീകരണത്തിലൂടെ ഹിന്ദു വോട്ടുകൾ കരസ്ഥമാക്കി തെരഞ്ഞെടുപ്പുകൾ ജയിക്കാൻ ഇക്കൂട്ടർ ആർഎസ്എസ്-ബിജെപിയെ സഹായിക്കുന്നു. അതായത്, ഇതെല്ലാംതന്നെ സംഘപരിവാറിന്റെ ഭാഗത്തുനിന്നുള്ള ആസൂത്രിത നീക്കങ്ങളല്ലാതെ മറ്റൊന്നുമല്ല. വർഗീയഭ്രാന്തിന് തിരികൊളുത്തിക്കൊണ്ട്, അധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യത്തെയും സാഹോദര്യത്തെയും തകർക്കാനും അതുവഴി കൊളോണിയൽ ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം കൗശലപൂർവ്വം നടപ്പാക്കിയ "വിഭജിച്ച് ഭരിക്കുക" എന്ന കുപ്രസിദ്ധ നയം പിന്തുടരാനുമാണ് അവർ ശ്രമിക്കുന്നത്. നമ്മുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം സമ്മാനിച്ചിട്ടുള്ള വൈവിധ്യങ്ങളുടെ ഈ നാടിനെ ഒരു 'ഹിന്ദു രാഷ്ട്രം' അഥവാ കാവിക്കൊടി ഉയർത്തുന്ന രാജ്യമായി മാറ്റുന്നതിനുള്ള ഹീനലക്ഷ്യത്തോടെ കെട്ടഴിച്ചുവിടുന്ന, വളരെ ആസൂത്രിതമായി ചിട്ടപ്പെടുത്തിയ ഭീതിയുടെ തേർവാഴ്ചയാണിത്. ഇത്, ഇന്ത്യയുടെ നവോത്ഥാനത്തിന്റെയും, നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെയും പൊരുളിന് പൂർണമായും എതിരാണ്. വാസ്തവത്തിൽ ഇത്, ബിജെപി വിശ്വസ്ത സേവകരായിരിക്കുന്ന ഭരണ മുതലാളിവർഗ്ഗത്തിന്റെ ബൃഹത്തായ രൂപകൽപ്പനയാണ്. ഇപ്പോൾ അവരത് നടപ്പാക്കാൻ തുനിയുന്നു.

## അയോദ്ധ്യ വിധിയെ പരാമർശിക്കുമ്പോൾ

രാമജന്മഭൂമി-ബാബറി മസ്ജിദ് വിഷയത്തിലെ സുപ്രീംകോടതി വിധി ബിജെപിയെയും സംഘപരിവാറിനെയും ആഹ്ലാദത്തിലാക്കിയിരുന്നു. കാരണം, ബാബറി മസ്ജിദ് മാത്രമല്ല, ഇസ്ലാമിക പേരുവഹിക്കുന്ന മറ്റ് മസ്ജിദുകളെയും ആരാധനാലയങ്ങളെയും നിർമ്മിതികളെയും തകർക്കുന്ന തങ്ങളുടെ ക്രിമിനൽ ചെയ്തികൾക്ക് നിയമപരമായ സാധൂകരണമാണ് അവർ കണ്ടത്. എന്നാൽ, യുക്തിഭദ്രമായ മനസ്സുള്ള, രാജ്യത്തെ നിയമവ്യവസ്ഥയോട് ആദരവുള്ള ഏതൊരാൾക്കും ഈ വിധി അസംബന്ധമായേ തോന്നൂ. കാരണം, വർഗീയത നിറം പകർന്ന തർക്കം അതുകൊണ്ടുതന്നെ മതേതര മൂല്യങ്ങൾക്ക് നിരക്കുന്നതായിരുന്നില്ല. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും, ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ ആർക്കിയോളജി വിഭാഗവും മറ്റു പലരും ഇന്നത്തെ അയോദ്ധ്യയിലും മറ്റ് പലയിടങ്ങളിലും നടത്തിയ എണ്ണമറ്റ ഉദ്ഖനനങ്ങൾ ഒന്നും തന്നെ കണ്ടെത്തിയിരുന്നില്ല. രാമായണത്തിൽ പരാമർശിക്കുന്നതുപോലെയുള്ള നഗരപശ്ചാത്തലവുമായി ബന്ധപ്പെട്ട വസ്തുക്കളോ അവശിഷ്ടമോ, അത്രയും പഴക്കമുള്ള യാതൊന്നുമോ കണ്ടെത്തുകയുണ്ടായില്ല. രാമന്റെയോ, ഇതിഹാസ പ്രധാനമായ അയോദ്ധ്യയുടെയോ ചരിത്രപരമായ നിലനിൽപ്പ് ചൂണ്ടിക്കാട്ടുന്ന നാണയങ്ങളോ മുദ്രകളോപോലും കുഴിച്ചെടുക്കാനായിരുന്നില്ല. അതുകൊണ്ട് ഇങ്ങനെയൊരു വിധി ലോകത്തെ ഞെട്ടിച്ചു. കാരണം ജനാധിപത്യ നീതിനിർവ്വഹണത്തിന്റെ ചരിത്രത്തിലൊരിടത്തും നിയമത്തിനും ചരിത്രപരമായ തെളിവുകൾക്കുമീതെ മതവിശ്വാസത്തെ പ്രതിഷ്ഠിച്ചിട്ടില്ല. കൂടാതെ, ആരാധനാസ്ഥലങ്ങൾ സംബന്ധിച്ച നിയമം, 1991 പ്രകാരം ഒരു ആരാധനാസ്ഥലത്തെ, അത് 1947 ആഗസ്റ്റ് 15ന് നിലനിന്നിരുന്നതിൽനിന്നും പരിവർത്തനപ്പെടുത്തുന്നതിനെ തടയുകയും, അതിന്റെ ആസ്വഭാവത്തെ നിലനിർത്തുന്നതിനും നിർബന്ധിതമാക്കുകയും ചെയ്യുന്നു. അയോദ്ധ്യ വിധി പ്രസ്താവിച്ചപ്പോൾ, സുപ്രീം കോടതി ഈ നിയമത്തെ പരാമർശിക്കുകയും, അത് ഭരണഘടനയുടെ മതേതര മൂല്യങ്ങളെ വ്യക്തമാക്കുന്നതായും അതിൽനിന്നുള്ള വ്യതിചലനം കർശനമായി തടയേണ്ടതാണെന്നും വ്യക്തമാക്കി. എന്നിട്ടും സ്വന്തം വാക്കുകൾക്ക് വിരുദ്ധമായ വിധിയാണ് കോടതി പുറപ്പെടുവിച്ചത്. മറ്റൊരു രീതിയിലും സുപ്രീംകോടതി വിധി വിചിത്രമാകുന്നുണ്ട്. തങ്ങളുടെ മസ്ജിദിൽ നിന്നും മുസ്ലീങ്ങളെ നിയമവിരുദ്ധമായും ബലമായുമാണ് പുറത്താക്കിയതെന്നും, 1998ലെ പള്ളിതകർക്കൽ കുറ്റമായും കോടതി അംഗീകരിക്കുന്നുണ്ട്. പക്ഷേ എന്നിട്ടും, ആ കുറ്റത്തിന് ഇപ്പോഴും വിചാരണ നേരിടുന്നവർക്കുതന്നെ ആ സ്ഥലം കോടതി വിട്ടുകൊടുത്തിരിക്കുന്നു. 1949ൽ രാത്രിയിലെ ഇരുളിന്റെ മറവിൽ നടന്ന ഒരു ഹീനമായ നീക്കത്തിലൂടെയാണ് ബാബറി മസ്ജിദിന് ഉള്ളിലേക്ക് വിഗ്രഹങ്ങൾ ഒളിച്ചുകടത്തിയത്. അതിനെ ഒരു കുറ്റമായി പരമോന്നത കോടതിതന്നെ കണ്ടെത്തിയതാണ്. 73 വർഷങ്ങൾക്കുശേഷം നീതിന്യായവ്യവസ്ഥയുടെ മേൽനോട്ടത്തിൽ, സുപ്രീംകോടതി നോക്കിനിൽക്കെ പട്ടാപ്പകൽ മറ്റൊരു തെറ്റ് ചെയ്യുകയാണ്.

സ്വാഭാവികമായും, ജനാധിപത്യ-മതേതര മനസ്സുള്ള വിവേകമതികളായ ജനങ്ങളിൽ, പ്രത്യേകിച്ചും ന്യായാധിപന്മാരുടെയടക്കംഉള്ളിൽജുഡീഷ്യറിയുടെതന്നെ നിഷ്പക്ഷതയെ സംബന്ധിച്ച സംശയങ്ങളാണ് ഈ വിധി സൃഷ്ടിച്ചത്, പ്രഗൽഭനായ ഒരു ന്യായാധിപൻ ഈ വിധിയെ ഒരു 'കുറ്റകൃത്യം' എന്നുവിളിക്കാൻപോലും മടികാണിച്ചില്ല. മാർക്സിസ്റ്റുകളെന്ന നിലയിൽ, നമ്മുടെ പാർട്ടിയും ഈ വിധിയെ കാണുന്നത്, നിയമത്തിന്റെയും നീതിശാസ്ത്രത്തിന്റെയും ധാർമ്മികതയുടെയും എല്ലാ ചട്ടങ്ങളെയും പൂർണമായി നിഷേധിക്കുന്ന ഒന്നായാണ്. പക്ഷെ വ്യക്തമായ കാരണങ്ങൾ കൊണ്ടുതന്നെ, ആർഎസ്എസ്-ബിജെപി-സംഘപരിവാർ ശക്തികൾ ആഹ്ലാദിച്ചു. അയോദ്ധ്യ ഒരു തുടക്കം മാത്രം, കാശിയും മഥുരയും ബാക്കിയുണ്ടെന്ന് പ്രഖ്യാപിക്കാൻ അവരൊട്ടും അമാന്തിച്ചില്ല. വിവിധ നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ അവസരത്തിൽ ബിജെപി ദുർഭരണത്തിനെതിരായുള്ള അതൃപ്തി വളരുമ്പോൾ, അയോദ്ധ്യ വിധിവന്ന് രണ്ടര വർഷത്തിനുള്ളിൽത്തന്നെ, വാരണാസിയിലെ വിശ്വനാഥ ക്ഷേത്രത്തിന്റെ ഭൂമിയിലാണ് ഗ്യാൻവാപി മസ്ജിദ് നിർമ്മിച്ചിരിക്കുന്നതെന്നും, മഥുര ഈദ്ഗാഹ് 'കൃഷ്ണഭഗവാന്റേത്' ആണെന്നുമുള്ള അവകാശവാദങ്ങൾ മുഴങ്ങിത്തുടങ്ങി. ബാബറി മസ്ജിദ് നിർമ്മിച്ച ഭൂമിയുടെ ഉടമസ്ഥൻ 'രാംലാല' ആണെന്ന അവകാശവാദം നമ്മൾ ഓർക്കണം.

## ഗ്യാൻവാപി മസ്ജിദിനെ സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ

2019 ഡിസംബറിൽ, വാരണാസിയിൽനിന്നുള്ള വക്കീലായ വിജയ്ശങ്കർ രസ്തോഗി, നിർമ്മിതി നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് കീഴ്ക്കോടതിയിൽ പരാതി നൽകുകയുണ്ടായി. പുരാവസ്തു സർവ്വേയും ആവശ്യപ്പെട്ടിരുന്നു. 2021 ഏപ്രിലിൽ, പഴയ ക്ഷേത്രത്തിനുള്ളിലെ ശൃംഗാർ ഗൗരിമാതാവും മറ്റ് ദേവതകൾക്കും നിത്യപൂജയും മറ്റ് വഴിപാടുകളും നടത്തി ദർശനം നേടാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അഞ്ച് സ്ത്രീകൾ പരാതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ(എഎസ്ഐ)യോട് അവിടെ സർവ്വേ നടത്താനും റിപ്പോർട്ട് സമർപ്പിക്കാനും വാരണാസി കോടതി ഉത്തരവിട്ടു. കാശി വിശ്വനാഥ് ക്ഷേത്രത്തോട് ചേർന്ന പടിഞ്ഞാറേ മതിലിൽ ദേവതയുടെ രൂപം നിലനിൽക്കുന്നു എന്നാണ് പരാതിക്കാർ അവകാശപ്പെട്ടത്. 2022ൽ മാർച്ചിൽ സ്ഥലം പരിശോധിക്കുവാൻവേണ്ടി ഒരു കോർട്ട് കമ്മീഷണറെ നിയോഗിച്ച കോടതിയുത്തരവിനെതിരെ മസ്ജിദിന്റെ രക്ഷാധികാരികൾ സമർപ്പിച്ച പരാതി അലഹബാദ് ഹൈക്കോടതി തള്ളി. യാതൊരു തടസ്സവുമില്ലാതെ സർവ്വെ നടന്നു. കാശി വിശ്വനാഥ ക്ഷേത്രത്തെ തകർത്ത് മുഗൾ ചക്രവർത്തി ഔറംഗസീബാണ് 16-ാം നൂറ്റാണ്ടിൽ മസ്ജിദ് പണിഞ്ഞതെന്ന് ആരോപിച്ചുള്ള ഗ്യാൻവാപി മസ്ജിദ്-കാശി വിശ്വനാഥ ക്ഷേത്രം കേസിൽ അനവധി പരാതികളാണ് സുപ്രീം കോടതിയിലും അലഹബാദ് ഹൈക്കോടതിയിലും വാരണാസി കോടതിയിലും ഫയൽ ചെയ്യപ്പെട്ടത്.

അവസാനം, 2022 മേയ് 13ന് കേസ് സുപ്രീംകോടതി മുമ്പാകെയെത്തി. ആരാധനാലയത്തിൽ വീഡിയോ സർവ്വെ തുടരുന്നതിന് വാരണാസി കോടതി നിർദ്ദേശിച്ച് ദിവസങ്ങൾക്കകമായിരുന്നു ഇത്. ഗ്യാൻവാപി മസ്ജിദിന്റെ വീഡിയോ സർവ്വേക്ക് താല്ക്കാലിക സ്റ്റേ നൽകാൻ സുപ്രീംകോടതി വിസമ്മതിച്ചു. എന്നാൽ കോടതി പറഞ്ഞത്, സീൽചെയ്യലും മസ്ജിദിൽ നിസ്ക്കാരം നിരോധിക്കാനാകില്ല എന്നാണ്. കനത്ത സുരക്ഷയിൽ മൂന്ന് ദിവസത്തെ സർവ്വെ നടത്തുകയുണ്ടായി. മേയ് 16ന് വാരാണാസിയിലെ പ്രാദേശിക കോടതി, ഗ്യാൻവാപി മസ്ജിദ് കോംപ്ലക്സിലെ സ്ഥലം മുദ്രവെച്ച് പൂട്ടാൻ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ, ഹിന്ദുത്വ വർഗീയവാദികൾ അവകാശപ്പെട്ടത് കോടതി നിയോഗിച്ച വീഡിയോ സർവ്വെയിൽ വസുഖാന(ശുചിയാക്കുന്നതിനുള്ള ടാങ്ക്)യിൽ ഒരു ശിവലിംഗം കണ്ടെത്തിയെന്നാണ്. മേയ് 20ന്, ഗ്യാൻവാപി കോംപ്ലക്സിൽ പ്രാർത്ഥിക്കാൻ അനുവാദം നൽകണമെന്ന ഹിന്ദുത്വ പാർട്ടികളുടെ കേസ് സിവിൽ കോർട്ടിൽ നിന്നും വാരണാസി ജില്ലാ ജഡ്ജിയുടെ കോടതിയിലേക്ക് സുപ്രീം കോടതി മാറ്റുകയുണ്ടായി.

## തെളിവുകൾ

ഗ്യാൻവാപി മസ്ജിദിലെ വസുഖാനയിൽ ശിവലിംഗം കണ്ടെത്തിയെന്ന ഹിന്ദുത്വ അവകാശവാദങ്ങളെ തകർക്കുന്ന വെളിപ്പെടുത്തൽ, തൊട്ടുചേർന്നുള്ള കാശി വിശ്വനാഥ് ക്ഷേത്രത്തിലെ മഹന്തായ രാജേന്ദ്ര തിവാരി പറഞ്ഞത്, ആ നിർമ്മിതി യഥാർത്ഥത്തിൽ ഒരു ജലധാരയാണ് അല്ലാതെ ശിവലിംഗമല്ല എന്നാണ്. ആജ്തക് എന്ന ഹിന്ദി ടിവി ന്യൂസ് ചാനലിന് നൽകിയ അഭിമുഖത്തിൽ തിവാരി പറഞ്ഞത്, "*കുട്ടിയായിരിക്കുമ്പോൾതൊട്ടേ ഞാനീ കുളം കാണുന്നതാണ്, കാരണം ഞങ്ങൾ അവിടെപോയി കളിക്കുമായിരുന്നു. ഏതൊരു കൽനിർമ്മിതിയെയും ശിവലിംഗമെന്ന് വിളിക്കുന്നത് ശരിയല്ല.*" വാസ്തവത്തിൽ, കഴിഞ്ഞ ഫെബ്രുവരിയിൽ പ്രധാനമ

(ശേഷം 12–ാം പേജിൽ)

# കലാപങ്ങളെന്ന പേരിൽ നടക്കുന്നത് ഭരണകൂടത്തിന്റെ സഹായത്തോടെ മതന്യൂനപക്ഷങ്ങൾക്ക് മേലെയുള്ള ആസൂത്രിത അക്രമങ്ങൾ

*(11–ാം പേജിൽ നിന്ന്)*

ന്ത്രി വലിയ കോലാഹലത്തോടെ ഉദ്ഘാടനം ചെയ്ത കാശി-വിശ്വനാഥ് ഇടനാഴിയുടെ നിർമ്മാണത്തിനായി യഥാർത്ഥ ശിവലിംഗങ്ങൾ തകർക്കുന്നതിനെക്കുറിച്ചായിരുന്നു അദ്ദേഹം കൂടുതൽ വിഷമിച്ചത്. അദ്ദേഹം ചോദിച്ചത്: "*ഇടനാഴിയുടെ വീതികൂട്ടൽ നടന്നുകൊണ്ടിരിക്കേ കരുണേശ്വർ മഹാദേവ്, അമൃതേശ്വർ മഹാദേവ്, അഭിമുക്തേശ്വർ മഹാദേവ്, ചണ്ഡി-ചണ്ഡേശ്വർ മഹാദേവ് തുടങ്ങിയ ശിവലിംഗങ്ങൾ തകർക്കപ്പെട്ടു. ഇവയെല്ലാം കാശിയിലെ പ്രധാന പ്രതിഷ്ഠകളാണ്. പഞ്ചവിനായകരായ ദുർമുഖ് വിനായക്, സുമുഖ് വിനായക്, മുഖ് വിനായക്, ജൗ വിനായക്, സിദ്ധി വിനായക് എന്നിവരുടെ പ്രതിമകളും തകർത്ത് അവരുടെ മൂലസ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്തിരിക്കുന്നു. പക്ഷെ ഒരാളും ഇതിനെക്കുറിച്ച് സംസാരിക്കില്ല.*" വാസ്തവത്തിൽ ശിവലിംഗത്തെ അശുദ്ധമാക്കുന്നതിനായി മുസ്ലീങ്ങൾ തിരികെ കുളത്തിലേക്ക് തുപ്പുന്നുവെന്ന കിംവദന്തിയും ആ ഹിന്ദുപുരോഹിതൻ തള്ളിക്കളഞ്ഞു. ആരും അങ്ങനെ ചെയ്യില്ലെന്നും അവർ വസുവിനായി വെള്ളമെടുത്ത് കൈകഴുകാറേയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

കാശി വിശ്വനാഥ ക്ഷേത്രത്തിലെ പൂജകരുടെ ഭാഗമായ മറ്റൊരു സന്ന്യാസി മഹന്ത് ഗണേഷ്ശങ്കർ വെളിപ്പെടുത്തുന്നത്, അദ്ദേഹത്തിന്റെ അറിവിൽ ആ നിർമ്മിതി ഒരു ജലധാരയാണെന്നാണ്. "*ഞങ്ങൾ അത് കുട്ടിക്കാലംതൊട്ടേ കാണുന്നു. ജലധാരകൾ പലരൂപത്തിൽ വരാം, അവ ജലാശയത്തിന്റെ മധ്യത്തിലാണ് ഉണ്ടാവുക. ചിലപ്പോൾ അവയ്ക്ക് കരിങ്കൽ അടിത്തറയുണ്ടാകാം. എന്റെ അറിവിൽ അതൊരു ജലധാരയാണ്, അല്ലാതെ ഹിന്ദുത്വ പരാതിക്കാർ അവകാശപ്പെട്ടതുപോലെ ശിവലിംഗമല്ല.*" ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, മസ്ജിദിന്റെ നിയമവിരുദ്ധ കൈയേറ്റം തെളിയിക്കാനായി ഹിന്ദുത്വവാദികൾ തിരക്കിട്ട് ഓടിനടക്കുമ്പോൾ, മസ്ജിദിന്റെ ഭൂമിയിൽനിന്നും ഒന്നരലക്ഷം ചതുരശ്രഅടിയിലധികം വരുന്ന സ്ഥലമാണ് യുപി സർക്കാർ ആവശ്യപ്പെട്ടപ്പോൾ മസ്ജിദ് കമ്മിറ്റി വിട്ടുനൽകിയത്. എന്നിട്ടും ഹിന്ദുത്വ ക്യാമ്പ് ആവശ്യപ്പെടുന്നത് മസ്ജിദ് പരിസരത്ത് മുസ്ലീങ്ങൾ പ്രവേശിക്കുന്നത് നിരോധിക്കണമെന്നാണ്. വാസ്തവത്തിൽ ഇതിനായി ഒരു പരാതി വാരണാസി കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു.

ഹിന്ദുത്വ പരാതിക്കാർ അവകാശപ്പെടുന്നത്, ഏറ്റവും ആദ്യത്തെ വിശ്വേശ്വർ ക്ഷേത്രം പതിനൊന്നാം നൂറ്റാണ്ടിൽ ഒരു ഹരിചന്ദ്ര പണികഴിപ്പിച്ചതാണെന്നാണ്. എന്നാൽ വാദം ചരിത്രഗവേഷണത്തിൽ നിന്നല്ല കേട്ടുകേൾവിയിൽനിന്നാണ് വരുന്നത്. ഇപ്പോൾ അവർ വീണ്ടും അവകാശപ്പെടുന്നത്, "ചരിത്രകാരന്മാർ ഉറപ്പിക്കുന്നത് 1669 ഏപ്രിൽ 9ന് വാരണാസിയിലെ ആദിവിശ്വേശ്വർ(കാശി വിശ്വനാഥ്) ക്ഷേത്രം തകർക്കുന്നതിനുള്ള ഫർമാൻ മുഗൾ ചക്രവർത്തി ഔറംഗസീബ് പുറപ്പെടുവിച്ചിരുന്നു" എന്നാണ്. എന്നാൽ യഥാർത്ഥ ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ നമുക്കുകാണാം, ആദ്യകാല വിശ്വേശ്വർ ക്ഷേത്രം 1194ൽ മുഹമ്മദ് ഗോറിയുടെ ഭരണകാലത്ത് കുത്തബുദ്ദീൻ ഐബക്കാണ് നശിപ്പിച്ചത് എന്ന്. 1500കളിൽ മുഗൾ ചക്രവർത്തിയായിരുന്ന അക്ബറുടെ ഉദാരഭരണകാലത്ത് ക്ഷേത്രങ്ങൾ നിർമ്മിക്കാൻ അനുവദിച്ചിരുന്നു എന്നുമാത്രമല്ല, പലപ്പോഴും പുനർനിർമ്മാണങ്ങൾക്ക് സാമ്പത്തിക സഹായവും ലഭിച്ചിരുന്നു. വാസ്തവത്തൽ അക്ബറുടെ സഖ്യകക്ഷികളായിരുന്ന രാജസ്ഥാനിലെ ഹിന്ദു രജപുത്രർ ബനാറസ് ഘാട്ടുകളുടെയും ക്ഷേത്രങ്ങളുടെയും നിർമ്മാണത്തിൽ മുഗൾ കാലഘട്ടത്തിന്റെ ഈ സമയത്തു തന്നെ സജീവമായി പങ്കെടുത്തിരുന്നു. ഈ ചരിത്രം നിസ്സാരമായി വിസ്മരിക്കുന്നു.

## മഥുര ഈദ്ഗാഹ്, കുത്തബ് മിനാർ, ടിപ്പു സുൽത്താൻ മസ്ജിദ്, അജ്മീർ ഷരീഫ് എന്നിവയുടെമേലെ ഉയർത്തുന്ന അവകാശ വാദങ്ങൾ

ഇവിടെ ഓർക്കേണ്ട മറ്റൊരു കാര്യം, കുറച്ചുമാസം മുമ്പ് ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾക്കിടയിൽ അന്നത്തെ ബിജെപി ഉപമുഖ്യമന്ത്രി കേശവ്പ്രസാദ് മൗര്യ ട്വീറ്റ് ചെയ്തത്, അയോദ്ധ്യയിലും കാശിയിലും വമ്പൻ ക്ഷേത്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു, സമാനമായൊരു മഹാക്ഷേത്രം മഥുരയിലും പണിയാൻ പാർട്ടി തയ്യാറെടുക്കുകയാണെന്നാണ്. ബിജെപി സർക്കാരിലെ ഉന്നത നേതാക്കളെടുക്കുന്ന ഈ നിലപാട്, 17-ാം നൂറ്റാണ്ടിൽ മുഗൾ ഭരണാധികാരിയായ ഔറംഗസീബ് ക്ഷേത്രഭൂമിയിൽ മസ്ജിദ് പണിഞ്ഞു എന്ന് വിശ്വസിക്കപ്പെടുന്ന വാരണാസിയിലെയും മഥുരയിലെയും ഭൂമി തിരിച്ചുപിടിക്കണമെന്ന പഴയ സംഘപരിവാർ പ്രചാരണത്തോട് ഒത്തുപോകുന്നതാണ്. മഥുര ഈദാഗാഹ് സംബന്ധിച്ച വസ്തുതയെന്താണ്? നേരത്തെ മഥുരയിലെ കൃഷ്ണജന്മഭൂമി സംബന്ധിച്ച് തർക്കങ്ങളൊന്നും ഉണ്ടായിരുന്നില്ല. മഥുര ക്ഷേത്രം ഈദ്ഗാഹുമായി ഒരു 'വിശുദ്ധ വാതിൽ' വഴി ബന്ധിക്കപ്പെട്ടിരുന്നു. തലമുറകളായി മഥുര ക്ഷേത്രത്തിനുള്ളിലെ ഭഗവാൻ കൃഷ്ണന്റെ വിഗ്രഹമടക്കമുള്ള പ്രതിഷ്ഠകൾക്കായി വസ്ത്രങ്ങൾ തുന്നുന്നതും തലപ്പാവുകളുണ്ടാക്കുന്നതും മുസ്ലീം വനിതകളായിരുന്നു. രാമനവമിക്ക് ഭഗവാൻ കൃഷ്ണനെ സംബന്ധിക്കുന്ന കീർത്തനം തന്റെ മികച്ച ആലാപന ശൈലിയിൽ പാടി ഏവരെയും ആഹ്ലാദഭരിതരാക്കുന്നത് ഒരു വൃദ്ധ മുസ്ലീം ഗായകനാണ്. ഗജനി മഹമൂദും പിന്നീട് സിക്കന്ദർ ലോധിയും 1098 എഡിയിൽ മഥുര കൊള്ളയടിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഔറംഗസീബ് ചക്രവർത്തിയുടെ ഭരണകാലത്ത് തകർക്കപ്പെട്ട ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളിൽനിന്നാണ് ഈദ്ഗാഹ് നിർമ്മിച്ചതെന്നാണ് ഹിന്ദുത്വ സംഘടനകൾ പ്രചരിപ്പിക്കുന്നത്.

അക്ബർ ചക്രവർത്തിയാണ് ഗോവിന്ദ് മോഹൻ ക്ഷേത്രം നിർമ്മിക്കാനായി 135 ബിഗ ഭൂമി നൽകിയത്. അദ്ദേഹത്തിന്റെ പേരക്കുട്ടിയായ ഔറംഗസീബ് ആ ഭൂമി തിരിച്ചുപിടിക്കുകയോ ക്ഷേത്രം തകർക്കുകയോ ചെയ്തിട്ടില്ല. ഗോപിനാഥ്, മദൻമോഹൻ ക്ഷേത്രങ്ങളും അദ്ദേഹം തൊട്ടിട്ടില്ല. മറിച്ച്, 1697ലും 1707ലും ക്ഷേത്രങ്ങൾ മുന്നേ അവർക്കുണ്ടായിരുന്ന ഭൂമിക്ക് തുടർന്നും ഉടമസ്ഥരായിരിക്കും എന്ന് രണ്ടുവട്ടം വിളംബരം ചെയ്യുകയാണുണ്ടായത്. മദൻമോഹൻ ക്ഷേത്രത്തിലെ പൂജാരി, ജാട്ട് കലാപത്തിനിടെ അക്ബറുടെ സമയത്ത് കൽപ്പിച്ച വസ്തുദാനത്തിന്റെ രേഖ നഷ്ടമായെന്ന് അപേക്ഷിച്ചപ്പോൾ പുതിയതായി ഭൂമി അളന്ന് രേഖ നൽകാൻ ഔറംഗസീബ് ഉത്തരവിട്ടു. 1593ൽ മഥുരയിൽ മയിലുകളെ വേട്ടയാടുന്നത് അക്ബർ നിരോധിച്ചിരുന്നു. അവിടെ വളർത്തുന്ന പശുക്കൾക്ക് അദ്ദേഹം നികുതിയൊഴിവാക്കിയിരുന്നു. ഈ നയങ്ങളൊക്കെ ഔറംഗസീബും അംഗീകരിക്കുകയും, കാലിമേയ്ക്കുന്ന ഭൂമിയിൽ മറ്റ് തടസങ്ങളൊന്നും സൃഷ്ടിക്കത്തെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഔറംഗസീബിന്റെ സഹോദരൻ സ്വർണ്ണം പൂശിയ കേശബ്ദേവ് ക്ഷേത്രം ജാട്ട് കലാപത്തിന്റെ കേന്ദ്രമായിരുന്നു. കലാപം അടിച്ചമർത്തിയപ്പോൾ ക്ഷേത്രം ഔറംഗസീബ് നശിപ്പിച്ചിരുന്നു. അതിന് മതവുമായി ബന്ധമില്ല.

ഗ്യാൻവാപി മസ്ജിദ് സർവ്വേക്കുശേഷം, ഡൽഹിയിലെ കുത്തബ് മിനാറിനുമേലാണ് മറ്റൊരു വിവാദം ആളിക്കത്തിക്കുന്നത്. അവിടെ ഹിന്ദുദൈവങ്ങളുടെ വിഗ്രഹങ്ങൾ കിട്ടിയെന്നും ആ നിർമ്മിതി ഹിന്ദു ചക്രവർത്തിയായിരുന്ന വിക്രമാദിത്യന്റേതാണ്, അല്ലാതെ കുത്തബ് ഉദ്ദിൻ ഐബക്കിന്റേതല്ല എന്നാണ് ഹിന്ദുത്വ വാദികൾ അവകാശപ്പെടുന്നത്. വിശ്വഹിന്ദു പരിഷത്ത് വക്താവ് വിനോദ് ബൻസാൽ അവകാശപ്പെട്ടത് കുത്തബ് മിനാർ യഥാർത്ഥത്തിൽ വിഷ്ണുസ്തംഭമാണ് എന്നും, 27 ഹിന്ദു-ജൈന ക്ഷേത്രങ്ങൾ പൊളിച്ച് കിട്ടിയ സാമഗ്രികൾ കൊണ്ടാണ് അത് നിർമ്മിച്ചിരിക്കുന്നതെന്നുമാണ്. ഏവരെയും നിരാശപ്പെടുത്തിക്കൊണ്ട് ബിജെപി സർക്കാരിന്റെ സാംസ്കാരിക മന്ത്രാലയം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് അവിടെ ഖനനം നടത്താനും കുത്തബ് മിനാറിലെ വിഗ്രഹങ്ങളെക്കുറിച്ച് പഠിക്കാനുമാണ് ആവശ്യപ്പെട്ടത്. ഇപ്പോൾ എഎസ്ഐ ഒരു സത്യവാങ്മൂലത്തിലൂടെ കോടതിയെ അറിയിച്ചിരിക്കുന്നത് കുത്തബ് മിനാർ 1914 മുതൽ സംരക്ഷിക്കപ്പെടുകയാണെന്നാണ്. ഇപ്പോൾ അതിന്റെ നിർമ്മിതി മാറ്റാനോ അവിടെ പൂജ നടത്തുന്നത് അംഗീകരിക്കാനോ സാധ്യമല്ല. മറ്റൊരു സംഘപരിവാർ സംഘടനയായ നരേന്ദ്രമോദി വിചാർ മഞ്ച്, കർണാടകയിലെ മാണ്ഡ്യ ജില്ലാ ഭരണകൂടത്തോട് ശ്രീരംഗപട്ടണത്തെ ജുമാമസ്ജിദിനുള്ളിൽ പ്രാർത്ഥിക്കാൻ ഹിന്ദുക്കൾക്ക് അനുമതി നൽകണമെന്ന് അപേക്ഷിച്ചിരിക്കുകയാണ്. ഇത് 1782ൽ ടിപ്പു സുൽത്താന്റെ ഭരണകാലത്ത് നിർമ്മിച്ചതും എഎസ്ഐ ഒരു പൈതൃകസ്വത്തായി സംരക്ഷിക്കുകയും ചെയ്യുന്ന ഇടമാണ്. മസ്ജിദിനുള്ളിൽ ഒരിക്കൽ ഒരു ഹനുമാൻ ക്ഷേത്രം ഉണ്ടായിരുന്നുവെന്നാണ് ഹിന്ദുത്വ സംഘടന അവകാശപ്പെടുന്നത്. മെക്ക കഴിഞ്ഞാൽ മുസ്ലീങ്ങളുടെ ഏറ്റവും വലിയ രണ്ടാമത്തെ തീർത്ഥാടന കേന്ദ്രമായ അജ്മീറിലെ സൂഫി സന്യാസി മൊയ്നുദ്ദീൻ ചിഷ്ടിയുടെ ഖബറിടം ഒരിക്കൽ ഒരു ക്ഷേത്രമായിരുന്നു എന്നുപറഞ്ഞുകൊണ്ട് എഎസ്ഐയുടെ സർവ്വെ ആവശ്യപ്പെട്ടിരിക്കുകയാണ് മറ്റൊരു ഹിന്ദുത്വ സംഘടന. ഇത്തരം തലതിരിഞ്ഞ അവകാശവാദങ്ങൾ ഇനിയും കൂടുതൽ വരാം.

## സ്വാമി വിവേകാനന്ദനും ക്ഷേത്രം-മസ്ജിദ് വിവാദങ്ങളും

തങ്ങളുടെ ഹിന്ദുസ്വത്വം കാണിക്കുന്നതിനായി ബിജെപിയും സംഘപരിവാറും സ്ഥിരം സ്വാമി വിവേകാനന്ദന്റെ ചിത്രം ഉപയോഗിക്കാറുണ്ട്. വിവേകാനന്ദനാകട്ടെ, ദശലക്ഷങ്ങൾ പട്ടിണികിടന്നു മരിക്കുമ്പോൾ നടത്തുന്ന ക്ഷേത്രനിർമ്മാണത്തെയും വിഗ്രഹങ്ങൾ ആഭരണങ്ങൾ ചാർത്തി അലങ്കരിക്കുന്നതിനെയും കഠിനമായി അപലപിച്ചിരുന്നു. തകർക്കലിന്റെ പ്രവൃത്തികളെയും അദ്ദേഹം ശക്തമായി തള്ളിപ്പറഞ്ഞിരുന്നു. "നശീകരണത്തിന്റെ പരിഷ്കർത്താക്കളെക്കൊണ്ട് ലോകത്തിന് യാതൊരു ഉപയോഗവുമില്ല. കാശിയിലെയും വൃന്ദാവനത്തിലെയും ക്ഷേത്രങ്ങളുടെ വാതിലുകൾ തുറക്കാനും അടയ്ക്കാനുമായി ഒരു കോടി രൂപയാണ് ചെലവിടുന്നത്. ഇപ്പോൾ പ്രതിഷ്ഠ വസ്ത്രം മാറുന്നു, ആഹാരം കഴിക്കുന്നു, അല്ലെങ്കിൽ അനാഥരായ കുട്ടികളുടെ പൂർവികർക്കുള്ള പിണ്ഡം നേദിക്കുന്നു. ജീവനുള്ള ദൈവങ്ങളാകട്ടെ ഭക്ഷണമില്ലാതെ വിദ്യാഭ്യാസമില്ലാതെ എല്ലാക്കാലവും ഒടുങ്ങുന്നു... ഹാനികരമായ ഒരു അസുഖം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. രാജ്യം മുഴുവൻ ഒരു വിശാലമായ ഭ്രാന്താലയമായി മാറിയിരിക്കുന്നു."(വിവേകാനന്ദൻ സന്ദേശങ്ങളും കൃതികളും)

ആർക്കെങ്കിലും വിശ്വാസിയായി മാറണമെങ്കിൽ, അയാൾക്ക് കൃഷ്ണൻ മഥുരയിലാണോ ജനിച്ചത്, ഗീതോപദേശം നൽകിയപ്പോൾ കൃഷ്ണൻ എവിടെ, എന്തുചെയ്യുകയായിരുന്നു എന്നിവയൊന്നും അറിയേണ്ട ആവശ്യംതന്നെയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. വിശ്വാസികളായ ഹിന്ദുക്കളുടെ മുന്നിൽ വിവേകാനന്ദന്റെ വീക്ഷണം അടിസ്ഥാനരഹിതവും മണ്ടത്തരവുമായിരുന്നു എന്നു പറയാൻ ബിജെപി-സംഘപരിവാർ എന്നു പറയുന്നവർക്ക് ധൈര്യമുണ്ടോ?

## മുസ്ലീം രാജാക്കന്മാരെയും ആക്രമണകാരികളെയും ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നത് മൗലികവാദമാണ്

ജഗന്നാഥ ക്ഷേത്രം പഴയ ബുദ്ധക്ഷേത്രമായിരുന്നു എന്ന് വിവേകാനന്ദൻതന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. അതും മറ്റുപലതും കൈയടക്കുകയും വീണ്ടും ഹൈന്ദവികമാക്കുകയും ചെയ്തു എന്ന് അദ്ദേഹം പറഞ്ഞു. ഇതിന്റെ പേരിൽ ആരെങ്കിലും കോപാകുലരായോ, ഇല്ല. കാരണം, ഈ സത്യം അവസരവാദ വിഭജന രാഷ്ട്രീയത്തിനോ വരുമാനമുണ്ടാക്കാനോ തലക്കെട്ടുകളോ രാഷ്ട്രീയ സ്വാധീനമോ തെരഞ്ഞെടുപ്പുനേട്ടമോ ഉണ്ടാക്കിയെടുക്കാനോ സഹായിക്കുന്നില്ല. മുസ്ലീം അക്രമകാരികൾക്കും ചക്രവർത്തിമാർക്കുമെതിരെ ശ്ബദമുയർത്തുന്നതാണ് കൂടുതൽ നേട്ടമുണ്ടാക്കുക. പക്ഷെ, ഹിന്ദു, ജൈന, ബുദ്ധ, സിഖ് തുടങ്ങിയ എല്ലാ ഭരണാധികാരികളും ചെയ്തിട്ടുള്ള കൊള്ളരുതായ്മകളും വളരെയധികമാണെന്ന് ചരിത്രം പറയുന്നു. കൂടുതൽ പ്രശസ്തരായവർ കൂടുതൽ കൊലയും കൊള്ളയും നടത്തിയവർ തന്നെയായിരുന്നു. എല്ലാ ജാതിയിലും മതത്തിലുംപെട്ട ഭരണാധികാരികളുടെ കൊടിയ പാപങ്ങളുടെ പലസംഭവങ്ങളും സത്യം തേടുന്നവർക്ക് കാണാനാകും. തിളങ്ങുന്ന ചരിത്രപുരുഷന്മാരെത്തന്നെ ക്രൂശിക്കപ്പെടേണ്ട വില്ലന്മാരായും ചരിത്രത്തിൽ കാണാം. ഒന്നിനുപിറകെ ഒന്നായി ക്ഷേത്രങ്ങൾ നശിപ്പിച്ച് ശ്രീകോവിലിൽ ഒളിപ്പിച്ച സ്വർണ്ണവും വിലകൂടിയ

*(ശേഷം 13–ാം പേജിൽ)*

# പ്രബുദ്ധരായ ജനങ്ങൾ വിജ്ഞാനവും ചിന്താശേഷിയും ഉപയോഗപ്പെടുത്തി ചരിത്ര നിഷേധങ്ങളെയും വർഗ്ഗീയ അജണ്ടയെയും ചെറുക്കണം

*(12–ാം പേജിൽ നിന്ന്)*

ആഭരണങ്ങളും കൊള്ളയടിച്ച ഹിന്ദു രാജാക്കന്മാരുണ്ട്. അപ്പോൾ മുസ്ലീം ഭരണാധികാരികളുടെ മാത്രം തെറ്റുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് മതഭ്രാന്താണ്. സത്യമല്ല. രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും മതവിശ്വാസം തന്നെയായിരുന്നു സാധാരണ ജനങ്ങളുടേതും എന്ന് കരുതുന്നതും അതുപോലെ തെറ്റാണ്. ഔറംഗസീബിന്റെ തെറ്റുകൾക്ക് എല്ലാ മുസ്ലീങ്ങളും ഉത്തരവാദികളാണോ? എങ്കിൽ ബംഗാളിലും ഗുജറാത്തിലും മറാത്തയിലെ കൊള്ളക്കാർ ചെയ്ത ക്രൂരതകൾക്ക് എല്ലാ മഹാരാഷ്ട്രക്കാർക്കുംനേരെ ആരെങ്കിലും വിരൽചൂണ്ടുമോ ?

## ഇല്ലാത്ത പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നതിനു പിന്നിൽ വ്യക്തമായ ആസൂത്രണമുണ്ട്

ഇവിടെവ്യക്തമായഒരുചോദ്യം ഉയരുന്നു: നൂറ്റാണ്ടുകളായി സാധാരണക്കാരായ മുസ്ലീങ്ങൾ പ്രാർത്ഥനകൾ നടത്തിയ വസ്തുക്കൾ പെട്ടെന്ന് ഹിന്ദുഭൂമിയായി 'കണ്ടെത്തി' തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നതിനുപിന്നിൽ എന്തെങ്കിലും യുക്തിയുണ്ടോ? ഇന്ന് ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുപോലെ നേരിടുന്ന നീറുന്ന പ്രശ്നങ്ങളിലെന്തിനോടെങ്കിലും ഇത്തരം അവകാശങ്ങൾക്കും കോലാഹലങ്ങൾക്കും ബന്ധമുണ്ടോ? പിന്നെ എന്തിനാണ് ഇത്തരം അനാവശ്യ വിഷയങ്ങൾ കുത്തിപ്പൊക്കുന്നത്? ഉത്തരം ഏറെ അകലെയല്ല. ആർഎസ്എസ്-ബിജെപി-സംഘപരിവാറിന്റെ ഇന്ധനം ഇതാണ്. ജീവിതത്തിന്റെ എല്ലാ നീറുന്ന പ്രശ്നങ്ങളുടെയും സ്രഷ്ടാക്കൾ ഭരിക്കുന്ന മുതലാളിത്തമാണെന്ന വസ്തുതകൾ മറച്ചുവെക്കാനല്ലേ, അവരുടെ ആശിർവാദത്തോടെ ഭരണത്തിലേറിയ ഹിന്ദുത്വക്കൂട്ടം, ക്ഷേത്രത്തിന്റെയും മസ്ജിദിന്റെയും പേരിലുള്ള സംഘർഷങ്ങൾ സൃഷ്ടിച്ച് അതിനെ കേന്ദ്രവിഷയമാക്കി ഉയർത്തിക്കാട്ടി മുന്നോട്ട് പോകുന്നത്? ഇതുതന്നെയാണ് സംഭവിക്കുന്നത്.

'മോദി സർക്കാർ–പുതിയ ഇന്ത്യയുടെ ശില്പികൾ' എന്ന ഒരു ശീർഷകഗാനം ബിജെപി പുറത്തിറക്കുകയുണ്ടായി. അയോദ്ധ്യയിലെ രാമക്ഷേത്ര നിർമ്മാണവും വാരണാസിയിലെ കാശി വിശ്വനാഥ ഇടനാഴിയുമാണ് ഇതിൽ പ്രമുഖമായി ഉയർത്തിക്കാട്ടുന്നത്. മഥുരയിൽ വരാൻപോകുന്ന കൃഷ്ണജന്മഭൂമി ക്ഷേത്രത്തിന്റെയും ദൃശ്യം ഇതിലുണ്ട്. ഭരിക്കുന്ന കുത്തകകളുടെ വ്യക്തമായ പിന്തുണയോടെ കഴിഞ്ഞ ദശകത്തിൽ ഹിന്ദുത്വ മതഭ്രാന്തന്മാർക്കുണ്ടായ വമ്പിച്ച ഉയർച്ച കണക്കിലെടുക്കുമ്പോൾ, തങ്ങളുടെ ചരിത്ര നിർമ്മിതികളും ആരാധനാലയങ്ങളും നശിപ്പിക്കപ്പെട്ടുമോ എന്ന ഭയക്കാൻ ഇന്ത്യയിലെ മുസ്ലീങ്ങൾക്കെല്ലാം കാരണങ്ങളുമുണ്ട് എന്നുപറയുന്നത് തെറ്റല്ല.

## 1991ലെ ആരാധനാലയങ്ങളെ സംബന്ധിച്ച നിയമം

ഈ സാഹചര്യത്തിൽ, രാം മന്ദിർ പ്രക്ഷോഭത്തിന്റെ കാലത്ത് പി.വി.നരസിംഹറാവുവിന്റെ കോൺഗ്രസ് സർക്കാർ പാസാക്കിയ ആരാധനാ സ്ഥലങ്ങളെ സംബന്ധിച്ച നിയമത്തെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. ഈ നിയമത്തിന്റെ ഉദ്ദേശ്യം, 1947 ആഗസ്റ്റ് 15ന് ഒരു ആരാധനാ സ്ഥലത്തിന്റെ മതപരമായ സ്വഭാവം എങ്ങനെയായിരുന്നോ അത് അതുപോലെ നിലനിർത്തുക എന്നതാണ്. ഈ ലക്ഷ്യത്തിനുണ്ടായിരുന്ന ഒരേയൊരു അപവാദം ബാബറി മസ്ജിദ് തർക്കമായിരുന്നു. നിയമത്തിന്റെ മൂന്നാം ഭാഗത്തിൽ പറയുന്നു:"ഏതെങ്കിലും മതത്തിന്റെയോ വിഭാഗത്തിന്റെയോ ആരാധനാ സ്ഥലത്തെ, അതേ മതത്തിന്റെ മറ്റൊരു വിഭാഗത്തിന്റെയോ മറ്റൊരു മതത്തിന്റെയോ ആരാധനാസ്ഥലമാക്കി മാറ്റാൻ പാടുള്ളതല്ല." നിയമത്തിന്റെ ആറാം ഭാഗം വ്യക്തമാക്കുന്നത്:"ഭാഗം മൂന്നിന്റെ ചട്ടങ്ങളെ ലംഘിക്കുന്നയാൾക്ക് മൂന്നു വർഷം വരെ തടവും പിഴയും ചുമത്തി ശിക്ഷിക്കാവുന്നതാണ്." ഈ നിയമത്തിന്റെ 4(1) വകുപ്പ് പ്രഖ്യാപിക്കുന്നത്:"1947 ആഗസ്റ്റ് 15ന് നിലനിന്ന ഒരു ആരാധനാസ്ഥലത്തിന്റെ മതസ്വഭാവം അങ്ങനെതന്നെ തുടരണം." വകുപ്പ് 4(2) അനുസരിച്ച് ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും ആരാധനാ സ്ഥലത്തിന്റെ മതപരമായ സ്വഭാവം മാറ്റുന്നതുമായി ബന്ധപ്പെട്ട കേസുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവയൊഴികെ ആ സ്വഭാവത്തിലുള്ള മറ്റൊരു കേസും പുതുതായി ഒരു കോടതിയിലും സ്വീകരിക്കാൻ പാടുള്ളതല്ല. നിയമത്തിന്റെ 3–ാം വകുപ്പിൽ പറയുന്ന സ്വഭാവമാറ്റം എന്താണ് എന്ന് വകുപ്പ് 2(ബി) യിൽ വ്യാഖ്യാനിക്കുന്നുണ്ട്; അതായത് എന്തു തരത്തിലുള്ള മാറ്റവും ഇതിന്റെ പരിധിയിൽ വരും.

അതനുസരിച്ച്, വാരണാസി കോടതിയിൽ അഞ്ച് ഹിന്ദു സ്ത്രീകൾ നൽകിയ, ഗ്യാൻവാപി മസ്ജിദിൽ ദൃശ്യമോ അദൃശ്യമോ ആയ പ്രതിഷ്ഠകൾക്ക് പൂജ നടത്തി ആരാധിക്കാനുള്ള അവകാശം ഹിന്ദുക്കൾക്ക് നൽകണമെന്ന പരാതി അംഗീകരിക്കപ്പെട്ടാൽ അതിനർത്ഥം, 1947 ആഗസ്റ്റ് 15ന് നിലവിലുണ്ടായിരുന്ന ഗ്യാൻവാപി മസ്ജിദിന്റെ സ്വഭാവത്തിന് മാറ്റം വരുത്തുന്നു എന്നാണ്. വ്യക്തമായും ഇത് നിയമത്തിന്റെ മൂന്നാം ഭാഗത്തിന് എതിരാണ്. അതുകൊണ്ടു തന്നെ പരാതി നിലനിൽക്കില്ല എന്നുമാത്രമല്ല, പരാതിക്കാർ ശിക്ഷാർഹരുമാണ്. പക്ഷെ, ഫാസിസ്റ്റ് ഏകാധിപത്യം പിടിമുറുക്കുമ്പോൾ നീതിന്യായ സംവിധാനവും ഭരണാധികാരികളുടെ താല്പര്യങ്ങൾക്കും കൽപ്പനകൾക്കും വിധേയരാക്കപ്പെടുന്നു.

മേൽപ്പറഞ്ഞ നിയമം ഇപ്പോൾ ബിജെപി, സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുകയാണ്. നിയമത്തിന്റെ 2, 3, 4 വകുപ്പുകളുടെ ഭരണഘടനാ സാധുതയെ അവരുടെ വക്താവ് ചോദ്യം ചെയ്യുന്നു. ഭരണഘടനയുടെ 14, 15, 21, 25, 26, 29 എന്നീ വകുപ്പുകളുടെ ലംഘനവും മതേതര മൂല്യങ്ങൾക്ക് എതിരുമാണ് ഈ നിയമം എന്നാണ് അവരുടെ ഹർജിയിൽ ആരോപിക്കുന്നത്. പരമോന്നത കോടതിയുടെ മൂന്നംഗ ബെഞ്ച്, 2021 മാർച്ച് 26ന് ഈ പരാതിയിൽ നോട്ടീസ് അയയ്ക്കുകയുണ്ടായി. എന്നാൽ സുപ്രീംകോടതിയുടെ തന്നെ വിശാല ബെഞ്ച്, 2019ൽ തന്നെ, ബാബറി മസ്ജിദ് തർക്കം കൈകാര്യം ചെയ്യുന്ന വേളയിൽ ഈ നിയമത്തിന്റെ ഭരണഘടനാ സാധുത അംഗീകരിച്ചതാണ്. അന്ന് കോടതി പറഞ്ഞത്, ഈ നിയമം പുറപ്പെടുവിക്കുന്നതിലൂടെ സർക്കാർ, എല്ലാ മതങ്ങളുടെയും തുല്യതയും മതേതരത്വവും ഉയർത്തിപ്പിടിക്കുന്നതിനുള്ള തങ്ങളുടെ ഭരണഘടനാപരമായ കടമയും ഉത്തരവാദിത്തവും പ്രയോഗത്തിൽ കൊണ്ടുവന്നു എന്നാണ്. എന്നിട്ടും ആ നിയമത്തിന്റെ പുനഃപരിശോധന നടക്കുന്നു. നിയമത്തിന്റെ ചില വകുപ്പുകൾ ചോദ്യംചെയ്തുകൊണ്ടുള്ള പുതിയ പരാതി കഴിഞ്ഞ മേയിൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. കാരണം, ഈ നിയമം റദ്ദാക്കിയാലല്ലാതെ ബിജെപിക്കും സംഘപരിവാറിനും തങ്ങളുടെ ഹീനമായ അജണ്ടയുമായി മുന്നോട്ടു പോകാനാവില്ല.

## ചിന്തിക്കുന്ന ജനങ്ങൾ സത്യത്തെ മുറികെപ്പിടിക്കുന്നതിലൂടെയേ ഈ ഹീനമായ പദ്ധതി തുറന്നുകാട്ടാനാകൂ

ന്യൂനപക്ഷ സമുദായത്തിനു നേരെയുള്ള വെറുപ്പും അക്രമവും ഇപ്പോൾ വർദ്ധിക്കുന്നതും, ക്ഷേത്രം-മസ്ജിദ് പോലെയുള്ള കപട പ്രശ്നങ്ങൾക്കുമേൽ ആസൂത്രിതമായ അമിത പ്രചാരം, ചരിത്രത്തിന്റെ വളച്ചൊടിക്കലും വ്യാജചരിത്ര നിർമ്മിതിയും, ഹിന്ദുത്വ മേധാവിത്വത്തിൽ ഊന്നിയുള്ള വ്യാജ അവകാശവാദങ്ങൾക്ക് ജുഡീഷ്യൽ അംഗീകാരം നേടാനുള്ള ശ്രമങ്ങൾ - ഇതെല്ലാം മതത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കി ഹിന്ദു ഭൂരിപക്ഷത്തിന്റെ വോട്ടുകൾ സ്വന്തമാക്കി അധികാരമുറപ്പിക്കാൻ മാത്രമല്ല. ജനജീവിതത്തെ നീറ്റുന്ന പ്രശ്നങ്ങളായ തീവ്രവിലക്കയറ്റം, വർദ്ധിക്കുന്ന തൊഴിലില്ലായ്മ, വളരുന്ന ദാരിദ്ര്യം, മതിയായ വിദ്യാഭ്യാസത്തിന്റെയും ആരോഗ്യസംവിധാനങ്ങളുടെയും ലഭ്യതക്കുറവ്, പെരുകുന്ന കുറ്റകൃത്യങ്ങളും അഴിമതിയും, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ വളർച്ച – ഇതിനൊക്കെയെതിരെ പുകയുന്ന ജനരോഷത്തിൽനിന്നും ജനങ്ങളുടെ സംഘടിത പ്രക്ഷോഭം ഉയർന്നുവരുന്നതിനെ തകിടംമറിക്കുക എന്ന ലക്ഷ്യവും ഈ നീക്കങ്ങൾക്കുപിന്നിലുണ്ട്.

നിസ്സഹായരും ദരിദ്രരുമായ ബഹുജനങ്ങളുടെ രക്തവും മാംസവും പങ്കിടാനാണ് ഇവരുടെ വർഗ്ഗീയ ദംഷ്ട്രകൾ കാത്തിരിക്കുന്നത്. സമാധാനപരമായി ജീവിച്ചുപോന്ന അയൽക്കൂട്ടങ്ങളിൽ ചോരപ്പുഴയൊഴുക്കാൻ മാത്രമല്ല ഈ വർഗ്ഗീയവാദികൾ ശ്രമിക്കുന്നത്. ഇതുവരെ സമാധാനത്തിൽ പുലർന്ന ആ അയൽക്കൂട്ടങ്ങളിൽ തുടർന്നു താമസിക്കാൻ കഴിയാത്തവണ്ണം ഭയത്തിന്റെ വിത്തുകളും അവർ വിതയ്ക്കുന്നു. ചില സ്ഥലങ്ങളിൽ സംഭവിക്കുന്നു എന്നു പറയപ്പെടുന്ന കലാപങ്ങൾ വാസ്തവത്തിൽ കലാപങ്ങളല്ല. മറിച്ച് ചിലപ്പോഴൊക്കെ വർഗീയ ഹിന്ദുത്വയെ താലോലിക്കുന്ന ഭരണകൂടത്തിന്റെകൂടി സഹായത്തോടെ മതന്യൂനപക്ഷങ്ങൾക്കുമേലെയുള്ള ആസൂത്രിത അക്രമങ്ങളാണ്. അതായത്, ഒരു ഫാസിസ്റ്റ് ഏകാധിപത്യ ഭരണത്തിൽ മനുഷ്യരാശിക്കെതിരെയുള്ള കുറ്റങ്ങൾ, വ്യാജ മതവികാരത്തിന്റെ മുഖംമൂടിയണിഞ്ഞുകൊണ്ട്, ആസൂത്രിതമായ പിന്തിരിപ്പൻ മുന്നേറ്റത്തിൽ രാഷ്ട്രീയബോധമില്ലാത്ത ബഹുജനങ്ങളെ ആകർഷിച്ചുകൊണ്ടാണ് നടപ്പാക്കുക. അതുകൊണ്ട്, രാജ്യത്തിന്റെ ഐക്യത്തിനു തന്നെ ഗുരുതര ഭീഷണി ഉയർത്തുന്ന, മനുഷ്യബോധത്തിനും നാഗരികതയ്ക്കുംമേലെ ആളിക്കത്തിച്ച വൈകാരികതയ്ക്കു മേൽക്കോയ്മ നൽകുന്ന ആർഎസ്എസിന്റെയും ബിജെപിയുടെയും കൊടിയ വർഗീയ അജണ്ടയ്ക്കെതിരെ ഒറ്റക്കെട്ടായ ശബ്ദം ഉയരേണ്ടതുണ്ട്.

ജനാധിപത്യ ബോധമുള്ള ശരിയായി ചിന്തിക്കുന്ന ചരിത്രകാരന്മാരും ന്യായാധിപരും സാമൂഹ്യ ശാസ്ത്രജ്ഞരും മറ്റ് ബുദ്ധിജീവികളുമടക്കം എല്ലാ വ്യക്തികളോടും ഇപ്പോഴത്തെ സാമൂഹ്യആവശ്യകത മനസ്സിലാക്കി, തങ്ങളുടെ വിജ്ഞാനവും ചിന്താശേഷിയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പൊള്ളയായ അവകാശവാദങ്ങളെയും ചരിത്ര നിഷേധങ്ങളെയും ആർഎസ്എസിന്റെയും ബിജെപിയുടെയും കെടിയ ഹിന്ദു വർഗീയതയിൽനിന്നുവരുന്ന മനപൂർവ്വം തിരികൊളുത്തുന്ന സാമൂഹ്യ ആക്രമങ്ങളെയും തുറന്നുകാട്ടണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.■

# പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമരസമിതി സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തി

**കേ**രള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകളിൽ ബിരുദത്തിനും പി.ജി കോഴ്സുകൾക്കും പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തുക, പാരലൽ കോളേജുകളെ ഇല്ലാതാക്കരുത് എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് പാരലൽ വിദ്യാഭ്യാസ സംരക്ഷണ സംയുക്ത സമിതി സെക്രട്ടേറിയേറ്റ് മാർച്ചും ധർണ്ണയും നടത്തി. കേരള സർവ്വകലാശാല ഓഫീസിന് മുന്നിൽ നിന്ന് ആരംഭിച്ച അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മാർച്ച് പാരലൽ കോളേജ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. ആർ അശോക് കുമാർ ഫ്ലാഗ് ഓഫ് ചെയ്തു.

ധർണ്ണ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു. പാരലൽ വിദ്യാഭ്യാസ സംരക്ഷണ സംയുക്ത സമിതി ജനറൽ കൺവീനർ പി.സി അനിൽ അധ്യക്ഷത വഹിച്ചു.



സെക്രട്ടേറിയറ്റ് ധർണയിൽ അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ പ്രസംഗിക്കുന്നു.

അഖിലേന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മറ്റി കൺവീനർ എം. ഷാജർഖാൻ, പാരലൽ കോളേജ് അസോസിയേഷൻ നേതാക്കളായ, ടി.മോഹനൻ, കെ.പി ഗോപാലകൃഷ്ണൻ, അനുപമാ മുരളീധര കുറുപ്പ്, എസ് പ്രേമചന്ദ്രൻ, സ്റ്റീഫൻസൻ മാത്യു, എ.ജെ പ്രദീപ്, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി അഡ്വ. ആർ. അപർണ, പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമിതി കൺവീനർ എ. ഷൈജു, പാരലൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ നേതാക്കളായ പി.പി സാബു, സന്തോഷ്കുമാർ, കെ ശശാങ്കൻ, എന്നിവർ പ്രസംഗിച്ചു. ■

# റഷ്യ-യുക്രൈൻ യുദ്ധം: പാശ്ചാത്യ ആയുധനിർമ്മാതാക്കൾക്ക് ഒരു സുവർണ്ണാവസരം

**റഷ്യയും യുക്രൈനും തമ്മിൽ നടക്കുന്ന വിനാശകരമായ യുദ്ധം മാസങ്ങൾ പിന്നിടുകയാണ്. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. അനേകായിരങ്ങൾക്ക് പരിക്കേറ്റു. ദശലക്ഷക്കണക്കിന് ആളുകൾ അഭയാർത്ഥികളായി അയൽരാജ്യങ്ങളിലേക്ക് പലായനം ചെയ്തു. ആശുപത്രികളും സ്കൂളുകളും ഉൾപ്പെടെ നിരവധി നഗരങ്ങളും പട്ടണങ്ങളും ഗ്രാമങ്ങളും സാമ്രാജ്യത്വ റഷ്യയുടെ ആക്രമണത്തിൽ നശിപ്പിക്കപ്പെട്ടു. ഇരുവശത്തുമുള്ള ആയിരക്കണക്കിന് സൈനികർക്ക് ജീവൻ നഷ്ടപ്പെട്ടു. ദിനംപ്രതി, പത്രങ്ങളും ഇലക്ട്രോണിക് മാദ്ധ്യമങ്ങളും അവിടെയുള്ള നിരാലംബരായ ജനങ്ങളുടെ വേദനാജനകമായ അവസ്ഥയാണ് ഉയർത്തിക്കാട്ടുന്നത്. യുദ്ധം മൂലം പല രാജ്യങ്ങളും ഇന്ധന, ഭക്ഷ്യ പ്രതിസന്ധി നേരിടുന്നു.**

യുദ്ധം തുടങ്ങിവെച്ച റഷ്യ, പഴയ സോവിയറ്റ് യൂണിയനിൽപ്പെടുന്ന രാജ്യങ്ങളിൽ അതിന്റെ ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. അതേസമയം അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ സാമ്രാജ്യത്വ രാജ്യങ്ങൾ യുക്രൈനെ ബലിയാടായി ഉപയോഗിച്ച് റഷ്യയുടെ അതിർത്തികളിലേക്ക് നാറ്റോയുടെ യുദ്ധയന്ത്രം വികസിപ്പിക്കാൻ ആഗ്രഹിക്കുന്നു. സമ്പദ്‌വ്യവസ്ഥയെ സൈനികവൽക്കരിച്ചുകൊണ്ട് നിൽക്കുന്ന സാമ്രാജ്യത്വ രാജ്യങ്ങൾക്ക്, ഒരു ലോകമഹായുദ്ധം അല്ലെങ്കിൽപോലും പ്രാദേശികമോ ഭാഗികമോ ആയ യുദ്ധങ്ങൾ നടത്താതെ നിലനിൽക്കാനാവില്ലെന്നത് നമ്മൾ കണ്ടുകഴിഞ്ഞതാണ്.

## യുദ്ധ വ്യാപാരികൾ ഭീമമായ സമ്പത്ത് ഉണ്ടാക്കുന്നു

എന്നാൽ ഈ മാരകമായ യുദ്ധത്തിന് മറ്റൊരു വശമുണ്ട്, 'യുദ്ധത്തിന്റെ ബിസിനസ്സ്'. പല വ്യാവസായിക സ്രാവുകളും ആയുധ നിർമ്മാതാക്കളും കരാറുകാരും എണ്ണക്കച്ചവടക്കാരും ഇക്കാലത്ത് വൻ ലാഭം നേടുകയും അവരുടെ സമ്പത്ത് കുന്നുകൂട്ടുകയും ചെയ്യുന്നു. ഒന്നാം ലോകമഹായുദ്ധം മുതൽ, ചെറിയതോ വലിയതോ ആയ എല്ലാ യുദ്ധങ്ങളിലും, ഈ 'മരണത്തിന്റെ വ്യാപാരികൾ' വലിയ ലാഭം സമാഹരിച്ചു. മേജർ ജനറൽ സ്മെഡ്‌ലി ബട്‌ലർ തന്റെ 'വാർ ഈസ് എ റാക്കറ്റ് ' എന്ന പുസ്തകത്തിൽ ഒന്നാം ലോകമഹായുദ്ധകാലത്ത് യുഎസ് കമ്പനികളുടെ യുദ്ധത്തിലൂടെ ആർജ്ജിച്ച ലാഭത്തെ വിമർശിച്ചു. ചില കമ്പനികളും കോർപ്പറേഷനുകളും തങ്ങളുടെ വരുമാനവും ലാഭവും പതിനേഴ മടങ്ങ് വരെ വർദ്ധിപ്പിച്ചതിനെക്കുറിച്ച് അദ്ദേഹം എഴുതി.

ഈ പുസ്തകത്തിൽ, ബട്‌ലർ എഴുതി, "യുദ്ധത്തിന് നിങ്ങളുടെ അങ്കിൾ സാമിന് 52,000,000,000 ഡോളർ ചിലവായതായി സ്ഥിതിവിവരക്കണക്ക വിദഗ്ദ്ധർ(സ്റ്റാറ്റിസ്റ്റിഷ്യൻസ്), സാമ്പത്തിക വിദഗ്ദ്ധർ, ഗവേഷകർ എന്നിവർ കണക്കാക്കിയിട്ടുണ്ട്. ഈ തുകയിൽ 39,000,000,000 ഡോളർ യുദ്ധകാലത്ത് ചെലവഴിച്ചു. ഈ ചെലവ് 16,000,000,000 ഡോളർ ലാഭം നൽകി". ഒപെൽ, ഐബിഎം തുടങ്ങിയ കമ്പനികൾ ഫാസിസ്റ്റ് ഹിറ്റ്‌ലർ ഭരണകൂടത്തിനൊപ്പം പ്രവർത്തിച്ച് ലാഭം വർധിപ്പിച്ചു. ഐബിഎമ്മിന്റെ കാര്യത്തിൽ, അവർ യഹൂദന്മാരെ എണ്ണാനും തരംതിരിക്കാനും തിരഞ്ഞെടുക്കാനും ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തു. ഈ സാങ്കേതികവിദ്യകൾ, കാര്യക്ഷമമായ രീതിയിൽ സ്വത്ത് കണ്ടുകെട്ടൽ, താമസസ്ഥലങ്ങളുടെ (ഗെറ്റോ) ഏകീകരണം, നാടുകടത്തൽ, അടിമവേല, ഉന്മൂലനം എന്നിവയ്ക്കായി യഹൂദന്മാരെ ലക്ഷ്യമിടുന്നവയായിരുന്നു.

അമേരിക്കൻ സാമ്രാജ്യത്വവാദികൾ വിയറ്റ്നാം യുദ്ധസമയത്ത് ആ രാജ്യത്തിന്റെ ഓരോ ഇഞ്ചിലും ബോംബെറിഞ്ഞു. തെക്കൻ വിയറ്റ്നാമിൽ നിരവധി പുതിയ തുറമുഖങ്ങളും താവളങ്ങളും വിമാനത്താവളങ്ങളും നിർമ്മിക്കുതിന് ടെക്സാസ് ആസ്ഥാനമായുള്ള ബ്രൗ &റൂട്ട് കമ്പനിക്ക് വൻതോതിൽ എഞ്ചിനീയറിംഗ് കരാറുകൾ ലഭിച്ചു. മറ്റൊരു അമേരിക്കൻ കമ്പനിയായ ബെൽ ഹെലികോപ്റ്ററും ഒരുവലിയഗുണഭോക്താവായിരുന്നു. യുഎസിന്റെയും സഖ്യകക്ഷികളുടെയും സേനകൾ ചെലവഴിച്ച അധിക ഇന്ധന എണ്ണ, ഗ്യാസോലിൻ, ഡീസൽ, ജെറ്റ് ഇന്ധനം എന്നിവയിൽ നിന്ന് യുഎസ് ആസ്ഥാനമായുള്ള എണ്ണക്കമ്പനികൾക്കും വളരെയധികം പ്രയോജനം ലഭിച്ചു. നിരവധി വിശകലന വിദഗ്ധരും, രാഷ്ട്രീയ നിരീക്ഷകരും ചൂണ്ടിക്കാണിച്ചതുപോലെ, ഒരു സൈനിക സംഘർഷം ഉണ്ടാകുമ്പോഴെല്ലാം, യുഎസ് സൈനിക-വ്യാവസായിക സമുച്ചയം സമ്പത്ത് വാരിക്കൂട്ടി. അഫ്ഗാനിസ്ഥാൻ യുദ്ധസമയത്ത്, പ്രതിരോധ മേഖലയിലെ കമ്പനി ഓഹരികൾ ഓഹരി വിപണിയുടെ ശരാശരിയെക്കാൾ 58% ഉയർന്നു. 2021ലെ അഫ്ഗാനിസ്ഥാന്റെ താലിബാൻ ഏറ്റെടുക്കൽ അമേരിക്കയുടെ പരാജയമായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, പ്രബലരായ വ്യവസായ സ്ഥാപനങ്ങൾക്കും, പ്രതിരോധ കരാറുകാർക്കും, ഇത് അസാധാരണമായ വിജയമായി മാറിയെന്ന് രാഷ്ട്രീയ സാമ്പത്തിക വിശകലന വിദഗ്ധർ പറയുന്നു.

## യുഎസിലെ സ്വകാര്യ ആയുധ നിർമ്മാതാക്കൾ അമിത സമ്പത്തിൽ ആറാടുകയാണ്

എല്ലാ സാമ്രാജ്യത്വ യുദ്ധങ്ങളിലെയും പോലെ, ഈ യുദ്ധത്തിലും പാശ്ചാത്യ ആയുധ നിർമ്മാണ കമ്പനികൾ ബില്യൺ കണക്കിന് ഡോളർ സമ്പാദിക്കാൻ പരസ്പരം മത്സരിക്കുകയാണ്. അമേരിക്കയും അതിന്റെ യൂറോപ്യൻ സഖ്യകക്ഷികളും റഷ്യൻ അധിനിവേശത്തെ അപലപിച്ചിട്ടുണ്ടെങ്കിലും, കൂടുതൽ ആയുധങ്ങൾ വിതരണം ചെയ്യാൻ തങ്ങളെ പ്രാപ്തരാക്കുന്നതിന് ഇത് കൂടുതൽ തുടരണമെന്ന് അവർ ആഗ്രഹിക്കുന്നു. അന്താരാഷ്ട്ര ആയുധവ്യാപാരത്തെക്കുറിച്ചുള്ള വിദഗ്ധനായ വില്യം ഹാർട്ടുങ് ചൂണ്ടിക്കാണിക്കുന്നത് "ഈ യുദ്ധങ്ങൾ വ്യവസായത്തിന് ഒരു സുവർണ്ണാവസരമാണ്" എന്നാണ്. സ്റ്റിംഗർ, ജാവലിൻ (ടാങ്ക് വിരുദ്ധ മിസൈൽ), സ്റ്റോമർ മിസൈൽ സംവിധാനങ്ങൾ തുടങ്ങിയ യുക്രെയിൻ യുദ്ധത്തിൽ ഉപയോഗിക്കുന്ന ഒട്ടുമിക്ക ആയുധങ്ങളും യുഎസ്എയിലാണ് നിർമ്മിക്കുതെന്ന് ലോകത്തിന് അറിയാം. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ രാജ്യങ്ങൾ, പ്രത്യേകിച്ച് അവരുടെ ആയുധ വ്യാപാരികൾ, നാറ്റോയുടെ വിപുലീകരണത്തിൽനിന്നും യുക്രൈനിനെതിരായ റഷ്യൻ ആക്രമണത്തിൽ നിന്നും സൂപ്പർ ലാഭം കൊയ്യുകയാണ്. ന്യൂയോർക്ക് ടൈംസ് 2020 ഏപ്രിൽ 20ന് റിപ്പോർട്ട് ചെയ്തതുപോലെ, ബോയിംഗ് ഡിഫൻസ് സ്പേസ്&സെക്യൂരിറ്റി, എൽ3ഹാരിസ് ടെക്നോളജീസ്, റേതിയോൺ ടെക്നോളജീസ്, ബിഎഇ സിസ്റ്റംസ്, ലോക്ക്ഹീഡ് മാർട്ടിൻ കോർപ്പറേഷൻ, ഹണ്ടിംഗ്ടൺ ഇംഗൽസ് ഇൻഡസ്ട്രീസ്, ജനറൽ ഡൈനാമിക്സ്, നോർത്ത്റോപ്പ് ഗ്രമ്മൻ എന്നിങ്ങനെ എട്ട് പ്രധാന ആയുധ നിർമ്മാതാക്കളുടെ ഉന്നത ഉദ്യോഗസ്ഥരുമായി പെന്റഗൺ ഒരു രഹസ്യയോഗം സംഘടിപ്പിച്ചു. റേതിയോൺ കമ്പനിയും ലോക്ക്ഹീഡ് മാർട്ടിൻ കോർപ്പറേഷനും, ജാവലിൻ (ആന്റി ടാങ്ക് മിസൈൽ), സ്റ്റിംഗർ (ആന്റി എയർക്രാഫ്റ്റ് മിസൈൽ) പോലുള്ള അത്യാധുനിക സൈനിക ഹാർഡ്‌വെയർ നിർമ്മിക്കുന്നു. ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ, ആയുധ നിർമ്മാതാക്കളെ ഇനിപ്പറയുന്ന വിവരം ധരിപ്പിച്ചതായി പെന്റഗൺ ഉദ്യോഗസ്ഥർ അറിയിച്ചു. "യുക്രൈനിന്റെ മുൻഗണനയർഹിക്കുന്ന സുരക്ഷാ സഹായ അഭ്യർത്ഥനകൾ നിറവേറ്റുന്നതിനായി ബൈഡൻ അഡ്മിനിസ്ട്രേഷൻ 24 മണിക്കൂറും പ്രവർത്തിക്കുന്നു, ലഭ്യമാകുമ്പോൾ യുഎസ് സ്റ്റോക്കുകളിൽ നിന്ന് ആയുധങ്ങൾ എടുക്കുന്നു, വേഗത്തിൽ യുക്രെയിനിലെത്തിക്കാനായി വ്യവസായത്തിൽ നിന്ന് നേരിട്ട് വാങ്ങുന്നു, സഖ്യകക്ഷികളുടെയും പങ്കാളികളുടെയും സംവിധാനങ്ങൾ യുക്രൈനിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമാണെങ്കിൽ അവരിൽ നിന്നും ആയുധങ്ങൾ കൈമാറ്റം ചെയ്യുതിനുള്ള മാർഗ്ഗങ്ങൾ സുഗമമാക്കുന്നു."

വാസ്തവത്തിൽ, ബൈഡൻ ഭരണകൂടം ഇതിനകം 3.2 ബില്യൺ ഡോളർ ആയുധ സഹായത്തിനായി യുക്രൈനിന് ചെലവഴിച്ചു. വീണ്ടും, കഴിഞ്ഞ മെയ് 19ന് യുഎസ് കോൺഗ്രസ് യുക്രൈനെ സഹായിക്കുന്നതിന് 40 ബില്യൺ ഡോളർ അനുവദിച്ചു. ഈ സഹായം വലിയതോതിൽ നിലവിലുള്ള ശേഖരത്തിൽ നിന്നുള്ള ആയുധങ്ങളോ സ്വകാര്യ ആയുധ നിർമ്മാണ കമ്പനികളിൽ നിന്നുള്ള വ്യാപാരമോ അല്ലാതെ മറ്റൊന്നുമല്ല. യുഎസിലും യൂറോപ്പിലും പ്രതിരോധ നിർമാണം പ്രാഥമികമായി സ്വകാര്യ കമ്പനികളുടെ കൈകളിലാണ്. ഒരു സർക്കാർ സൈനിക സഹായം പ്രഖ്യാപിക്കുമ്പോൾ, സ്വീകരിക്കുന്ന രാജ്യത്തിന് ആയുധം നൽകുന്ന പ്രതിരോധ നിർമ്മാതാക്കൾക്ക് പണം നൽകുമെന്നതാണ് ഒരു മുൻവ്യവസ്ഥ. യുദ്ധം തുടരുകയും ആയുധ വിതരണം വർധിപ്പിക്കുകയും ചെയ്യുമ്പോൾ, ഈ ആയുധ നിർമ്മാണ കമ്പനികളുടെ ഓഹരി വില പലമടങ്ങ് കുതിച്ചുയരുന്നു. കഴിഞ്ഞ മാർച്ചിൽ, ലോക്ക്ഹീഡ് മാർട്ടിൻ കോർപ്പറേഷന്റെ ഓഹരി മൂല്യം 16% ഉയർന്നു. അതുപോലെ, ജനറൽ ഡൈനാമിക്സ് 12%, റേതിയോൺ ടെക്നോളജീസ് 8%, നോർത്ത്റോപ്പ് ഗ്രമ്മൻ 22% എന്നിങ്ങനെ ഉയർന്നു. യുദ്ധത്തെക്കുറിച്ച്, ഒരു വിരമിച്ച ഇന്ത്യൻ മേജർ ജനറൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു, " യുദ്ധത്തിൽ നിന്ന് ലാഭമുണ്ടാക്കുക എന്നതാണ് അമേരിക്കയെപ്പോലുള്ള രാജ്യങ്ങൾ ചെയ്യുന്നത്. രണ്ടാം ലോകമഹായുദ്ധസമയത്തും അവർ ചെയ്തത് ഇതുതന്നെയാണ്. അവർ റഷ്യയെയും ജർമ്മനിയെയും തമ്മിലടിപ്പിച്ചു. 25 ദശലക്ഷം റഷ്യക്കാർ മരിച്ചു. ജർമ്മനിയുടെ മരണസംഖ്യ 7 ദശലക്ഷമായിരുന്നു. ആയുധങ്ങളും വെടിക്കോപ്പുകളും വിതരണം ചെയ്തവർ അമിത ലാഭം കൊയ്തു."

## സമ്പദ്‌വ്യവസ്ഥയുടെയും ആയുധ വ്യാപാരത്തിന്റെയും വർദ്ധിച്ച സൈനിക വൽക്കരണം

അടുത്തിടെ അനുവദിച്ച 40 ബില്യൺ ഡോളറിന്റെ യുക്രൈൻ സഹായ പാക്കേജിൽ നിന്ന് വൻ ലാഭം കൊയ്യാൻ പോകുന്ന മുൻനിര ആയുധ കമ്പനികളിൽ, 20 യുഎസ് കോൺഗ്രസ് അംഗങ്ങൾ വ്യക്തിപരമായി നിക്ഷേപിച്ചു എന്നതാണ് യുദ്ധത്തിന്റെ മറ്റൊരു വെളിപ്പെടുത്തുന്ന വസ്തുത. യുഎസ് നിയമനിർമ്മാണ സഭയിലെ റിപ്പബ്ലിക്കൻ, ഡെമോക്രാറ്റിക് അംഗങ്ങൾ പലരും പ്രതിരോധ കമ്പനികളിൽ വൻതോതിൽ നിക്ഷേപം നടത്തിയതായി റിപ്പോർട്ടുണ്ട്. ഈ പാത പിന്തുടർന്ന്, അമേരിക്കയുടെ മറ്റ് യൂറോപ്യൻ സഖ്യകക്ഷികളും യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ തങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ സൈനികവൽക്കരിക്കുന്നു. സ്റ്റോർമേഴ്സ് എന്നറിയപ്പെടുന്ന കവചിത മിസൈൽ ലോഞ്ചറുകളുടെ ശക്തി പ്രദർശിപ്പിക്കുന്നതിനായി, ബ്രിട്ടീഷ് സർക്കാർ പ്രതിരോധ വ്യവസായ ഉദ്യോഗസ്ഥരുമായും, യുക്രൈനിൽ നിന്നുള്ള പ്രതിനിധികളുമായും കൂടിക്കാഴ്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. യുക്രൈനിലേക്ക് ആയുധങ്ങൾ അയക്കാൻ ബ്രിട്ടൺ ഇപ്പോൾ സമ്മതിച്ചതായാണ് റിപ്പോർട്ട്. ജർമ്മനി തങ്ങളുടെ മുഴുവൻ സൈന്യത്തെയും പുനർനിർമ്മിക്കാൻ ശ്രമിക്കുന്നു, കൂടാതെ മുപ്പത്തിയഞ്ചോളം ലോകത്തിലെ ഏറ്റവും ആധുനിക യുദ്ധവിമാനങ്ങളായ എ35 യുദ്ധവിമാനങ്ങൾക്കായി യുഎസ് നിർമ്മാതാക്കളായ ലോക്ഹീഡ് മാർട്ടിന് ഇതിനകം ഓർഡർ നൽകിയിട്ടുണ്ട്. സൈനിക ചെലവ് ഒറ്റത്തവണയായി 113 ബില്യൺ ഡോളർ വർദ്ധിപ്പിക്കുമെന്നും വാർഷിക ബജറ്റിന്റെ 2 ശതമാനം ആയുധ ചെലവുകൾക്കായി നീക്കിവയ്ക്കുമെന്നും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ് പറഞ്ഞതിന് പിന്നാലെയാണ് ഈ നീക്കം.

മനുഷ്യരെ കൊന്നൊടുക്കിയും, നാഗരികത നശിപ്പിച്ചും വൻ ലാഭം കൂട്ടിവെയ്ക്കുന്നത്, ചില രക്തദാഹികളായ പിശാചുക്കളുടെ ലാഭക്കൊതികൾകൊണ്ട് മാത്രമല്ല. ഇന്നത്തെ ജീർണിച്ച മുതലാളിത്ത - സാമ്രാജ്യത്വ വ്യവസ്ഥിതിയുടെ അനിവാര്യമായ പരിണതഫലമാണത്. നവംബർ വിപ്ലവത്തിന്റെ ശില്പി, മഹാനായ ലെനിൻ പണ്ടേ പറഞ്ഞു, "സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുന്നു." ലാഭം പരമാവധിയാക്കുക എന്നതാണ് ഈ വ്യവസ്ഥിതിയിൽ ഉൽപ്പാദനത്തിനു പിന്നിലെ ഏക ലക്ഷ്യം. മുതലാളിത്ത-സാമ്രാജ്യത്വ സമ്പദ്‌വ്യവസ്ഥയിലെ പ്രതിസന്ധിയുടെ അനിവാര്യമായ അനന്തരഫലമായി, ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുകയും വിപണി പ്രതിസന്ധിയിലാകുകയും ചെയ്യുന്നു. അതിനാൽ, കൃത്രിമ വിപണി സൃഷ്ടിക്കുന്നതിനായി, മുതലാളിത്ത - സാമ്രാജ്യത്വവാദികൾ സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണത്തെക്കൂടുതലായി അവലംബിക്കുന്നു. മഹാനായ സ്റ്റാലിൻ പഠിപ്പിച്ചത് "യുദ്ധങ്ങളുടെ അനിവാര്യത ഇല്ലാതാക്കാൻ സാമ്രാജ്യത്വത്തെ

(ശേഷം 15–ാം പേജിൽ)

**മരുന്ന് ക്ഷാമം പരിഹരിക്കുക...**




സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം അടിയന്തരമായി പരിഹരിക്കുക, ആവശ്യത്തിന് ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും സ്ഥിരമായി നിയമിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കോട്ടയം ജനറൽ ആശുപത്രിയുടെ മുന്നിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗം പ്രൊഫ.പി.എൻ.തങ്കച്ചൻ പ്രസംഗിക്കുന്നു.

## വിഴിഞ്ഞം അദാനി തുറമുഖത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കണം

**വി**ഴിഞ്ഞം അദാനി തുറമുഖത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മത്സ്യത്തൊഴിലാളി-കർഷക സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ, ശംഖുംമുഖത്തെ അദാനി എയർ പോർട്ട് ജംഗ്ഷനിൽ അനിശ്ചിതകാല സത്യഗ്രഹം തുടരുകയാണ്. സമരത്തിന്റെ 29–ാം ദിവസത്തെ സത്യഗ്രഹത്തിന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാ കമ്മിറ്റി നേതൃത്വം നൽകി. ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ.ബിജു ഉദ്ഘാടനം ചെയ്തു. ജി.ആർ.സുഭാഷ്, ഗോവിന്ദ് ശശി, എമിൽ ബിജു, സമരസമിതി നേതാക്കളായ ആന്റോ ഏലിയാസ്, ബെഞ്ചമിൻ, വലേറിയൻ ഐസക് എന്നിവർ പ്രസംഗിച്ചു. പി.എസ്.ഗോപകുമാർ, എ.സബൂറ, ദുരിതാശ്വാസ ക്യാമ്പ് നിവാസികളും കെഎസ്എംടിഎഫ് അംഗങ്ങളുമായ മേരി മേട്ടിൽ, സിൽവ മേരി, ബ്രിജിറ്റ് ഗോമസ്, ആന്റണി, സ്റ്റെല്ല ആന്റണി എന്നിവർ സത്യഗ്രഹമനുഷ്ഠിച്ചു. ■




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ.ബിജു 29–ാം ദിവസത്തെ സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്യുന്നു.

## ആവിക്കൽതോട് സമരത്തിന് നേരെയുള്ള പോലീസ് അതിക്രമത്തിൽ പ്രതിഷേധിക്കുക

**കോ**ഴിക്കോട് ആവിക്കൽതോട് മാലിന്യ നിർമാർജന പ്ലാന്റിനെതിരെ സ്ഥലവാസികൾ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിനുനേരെ പോലീസ് നടത്തിയ അതിക്രമത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. മാലിന്യ നിർമാർജ്ജന പ്ലാന്റിനെതിരെ സ്ഥലവാസികളിൽ നിലനില്ക്കുന്ന ആശങ്കകൾ പൂർണ്ണമായി പരിഹരിക്കുന്നതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിർത്തിവയ്ക്കണം. ബലപ്രയോഗത്തിലൂടെയല്ല ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും പൂർണ്ണ സഹകരണത്തോടെയുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ ഏതൊരു ഭരണ സംവിധാനവും ഏതൊരു പദ്ധതിയും നടപ്പിലാക്കേണ്ടത്. പോലീസ് നടപടിയിൽ ജനങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് ഉടൻ പരിഹാരം കാണണമെന്നും ജില്ലാ കമ്മിറ്റി പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ■

# കമ്പോള പ്രതിസന്ധി മറികടക്കാൻ സമ്പദ്ഘടനയുടെ സൈനികവൽക്കരണത്തെ ആശ്രയിക്കുന്ന സാമ്രാജ്യത്വം അനിവാര്യമായും യുദ്ധം സൃഷ്ടിക്കുന്നു

*(14–ാം പേജിൽ നിന്ന്)*

നശിപ്പിക്കണം" എന്നാണ്. എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയും ഈ കാലഘട്ടത്തിലെ പ്രമുഖ മാർക്സിസ്റ്റ് ചിന്തകരിൽ ഒരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് വളരെക്കാലം മുമ്പ് നമുക്ക് കാണിച്ചുതന്നു, " സാമ്രാജ്യത്വശക്തികൾക്ക് തങ്ങളുടെ പരസ്പര വിരുദ്ധമായ താൽപ്പര്യങ്ങളെ അനുരഞ്ജിപ്പിച്ചുകൊണ്ട് സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനം വിപുലീകരിക്കാൻ കഴിയാത്തതുകൊണ്ടുതന്നെ അവർ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കൂടുതൽ പ്രകടമായി വരുന്നു. പ്രതിസന്ധി രൂക്ഷമാകുന്തോറും ഇവർ വർദ്ധിത വീര്യത്തോടെ സ്വന്തം സമ്പദ്‌വ്യവസ്ഥയെ സൈനികവൽക്കരിക്കുന്നു. സൈനിക ഉപഭോഗം നിരന്തരം വർധിപ്പിച്ചുകൊണ്ട് കൃത്രിമ ഉത്തേജനത്തിലൂടെ മുതലാളിത്ത വിപണിയുടെ ആപേക്ഷിക സ്ഥിരത താൽക്കാലികമായെങ്കിലും നിലനിർത്താനുള്ള സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെ വ്യർത്ഥമായ ശ്രമങ്ങളല്ലാതെ മറ്റൊന്നുമല്ല ഇത്." ഇന്ന് മുതലാളിത്ത വിപണിയുടെ ആപേക്ഷിക സ്ഥിരത ഫലത്തിൽ ഇല്ലാതായിരിക്കുന്നു. അതിനാൽ, വമ്പിച്ച ആയുധക്കച്ചവടത്തിലൂടെയും സമ്പദ്‌വ്യവസ്ഥയുടെ വർദ്ധിതമായ സൈനികവൽക്കരണത്തിലൂടെയും പ്രാദേശികവും വൻതോതിലുള്ളതുമായ യുദ്ധങ്ങൾ സൃഷ്ടിച്ചെടുത്തും സംഭരിച്ച ആയുധങ്ങൾ വിനിയോഗിച്ചുകൊണ്ട് സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ശ്രമിക്കുന്നു.

### ലോകമെമ്പാടുമുള്ള ആളുകൾ ഇതിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നു

സാമ്രാജ്യത്വ ശക്തികളുടെ യുദ്ധക്കച്ചവടക്കാർ യുദ്ധത്തിലൂടെ സമ്പത്ത് സമ്പാദിക്കുമ്പോൾ, ലോകമെമ്പാടുമുള്ള സാധാരണ ജനങ്ങൾ പറഞ്ഞറിയിക്കാനാവാത്ത ദുരിതങ്ങൾ അനുഭവിക്കുന്നു. യുദ്ധം ചെയ്യുന്ന രണ്ട് രാജ്യങ്ങളിലും വൻതോതിലുള്ള നാശനഷ്ടങ്ങൾക്കും, മരണസംഖ്യ ദിനംപ്രതി വർധിച്ചതിനും പുറമെ, ചരക്കുകളുടെ വിതരണ ശൃംഖലയിലെ തടസ്സം, അമിതമായ വിലക്കയറ്റം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ എന്നിവ യുഎസ് ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളെയും വേട്ടയാടുന്നു. റഷ്യയ്ക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധം ലോകമെമ്പാടുമുള്ള എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും വില കുതിച്ചുയരാൻ കാരണമായി. യുദ്ധം കാരണം, റഷ്യയിലും യുക്രൈനിലും ഗണ്യമായ അളവിൽ ഗോതമ്പ്, ധാന്യം, ബാർലി എന്നിവ കുടുങ്ങിക്കിടക്കുന്നു, അതേസമയം രാസവളങ്ങളുടെ വലിയൊരു ഭാഗം റഷ്യയിലും ബെലാറസിലും കുടുങ്ങിക്കിടക്കുകയാണ്. ലോക വിതരണത്തിന്റെ 15% വരുന്ന, ലോകത്തിലെ ഏറ്റവും വലിയ വളം കയറ്റുമതിക്കാരാണ് റഷ്യ. ലോകമെമ്പാടുമുള്ള കർഷകർ കൃഷിക്കായി തയ്യാറെടുക്കുമ്പോൾ, കയറ്റുമതി നിർത്താൻ റഷ്യ അതിന്റെ വളം ഉത്പാദകരോട് പറഞ്ഞിരിക്കുന്നു.

ആഗോളതലത്തിൽ ഭക്ഷ്യവസ്തുക്കളുടെയും വളങ്ങളുടെയും വില കുതിച്ചുയരുന്നതാണ് ഫലം. യുഎസും അതിന്റെ ചില സഖ്യകക്ഷികളും ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധം കാരണം റഷ്യയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യാൻ കഴിഞ്ഞില്ല. അതേസമയം, റഷ്യ കരിങ്കടൽ വഴിയുള്ള കയറ്റുമതി തടഞ്ഞതിനാലും, യുക്രൈനിന് കരയിലൂടെ ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകാൻ മതിയായ റെയിൽ കാറുകൾ ഇല്ലാത്തതിനാലും യുക്രൈൻ മറ്റുള്ളവരിൽ നിന്ന് പ്രത്യക്ഷമായി വിച്ഛേദിക്കപ്പെട്ടു. റഷ്യൻ അധിനിവേശത്തിനു ശേഷം, ഗോതമ്പ് വില 21%, ബാർലി 33%, ചില വളങ്ങളുടെ വില 40% വർദ്ധിച്ചു. ഗോതമ്പ് ഇറക്കുമതി ചെയ്യുതിന് റഷ്യയെയും യുക്രൈനെയും ആശ്രയിക്കുന്ന അർമേനിയ, മംഗോളിയ, കസാക്കിസ്ഥാൻ, എറിത്രിയ തുടങ്ങിയ രാജ്യങ്ങൾ ഭക്ഷ്യക്ഷാമം നേരിടുന്നു. യുദ്ധത്തിന് മുമ്പ് ചില ഭക്ഷ്യ ഇറക്കുമതിക്ക് പണം നൽകാൻ ടുണീഷ്യ പാടുപെട്ടു, ഇപ്പോൾ വിതരണ തടസ്സങ്ങൾ കാരണം സാമ്പത്തിക തകർച്ച തടയാൻ ശ്രമിക്കുകയാണ്. മൊറോക്കോയിലും സുഡാനിലും വിലക്കയറ്റം ഇതിനകം തന്നെ പ്രതിഷേധത്തിന് തുടക്കമിട്ടിട്ടുണ്ട്. ഇന്ത്യൻ മുതലാളിത്ത ഭരണകർത്താക്കൾ നിഷ്പക്ഷ നിലപാട് പുലർത്തുന്നതിന് പിന്നിലെ ഒരു കാരണം, ഇന്ത്യൻ ആയുധ ഇറക്കുമതിയുടെ 50% റഷ്യയിൽ നിന്നാണ്. അതേസമയം, യുഎസുമായും പാശ്ചാത്യ രാജ്യങ്ങളുമായും അടുത്ത ബിസിനസ് ബന്ധമുണ്ട്. അതിനാൽ, ഇന്ത്യൻ വൻകിട കോർപ്പറേറ്റുകളും കുത്തകകുടുംബങ്ങളും റഷ്യയും യുക്രൈനും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സംഘർഷത്തിൽ നിന്ന് പരമാവധി നേട്ടമുണ്ടാക്കാനുള്ള അവസരം തേടുകയാണ്.

ഇന്ത്യയുൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുടെ കാര്യം പറയേണ്ടതില്ല, യുഎസിൽ പോലും, എല്ലാ അവശ്യസാധനങ്ങളുടെയും വില കഴിഞ്ഞ വർഷത്തേക്കാൾ 8.6% ഉയർന്നു. സർക്കാർ കണക്കുകൾ പ്രകാരം ഇത് 40 വർഷത്തിനിടയിലെ ഏറ്റവും വലിയ വർധനവാണ്. സാമ്പത്തിക വിദഗ്ധർ യുദ്ധം ആ വിലകൾ വീണ്ടും വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 40 ബില്യന്റെ യുക്രൈൻ ബില്ലിനെ എതിർത്തുകൊണ്ട് അമേരിക്കൻ സെനറ്റർ മിസ്റ്റർ റാൻഡ് പോളിന് അത് വെളിപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല, "അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ തകർത്തുകൊണ്ട് യുക്രൈനിനെ രക്ഷിക്കാൻ അമേരിക്കയ്ക്ക് കഴിയില്ല. മാർച്ചിൽ പണപ്പെരുപ്പം 40 വർഷത്തെ ഉയർന്ന നിരക്കിലെത്തി. കഴിഞ്ഞ വർഷത്തേക്കാൾ പെട്രോൾ മാത്രം 48 ശതമാനവും ഊർജ്ജ വില 32 ശതമാനവും ഉയർന്നു. ഭക്ഷ്യവസ്തുക്കളുടെ വില ഏകദേശം 9% വർദ്ധിച്ചു. ഉപയോഗിച്ച വാഹനങ്ങളുടെ വില വർഷത്തിൽ 35% വർദ്ധിച്ചു, പുതിയ വാഹന വിലകൾ 12% അല്ലെങ്കിൽ അതിൽ കൂടുതൽ വർദ്ധിച്ചു. അതെ, പണപ്പെരുപ്പം ശൂന്യതയിൽനിന്ന് വരുന്നതല്ല. കമ്മി ചെലവിൽ നിന്നാണ് ഇത് വരുന്നത്... അമേരിക്കക്കാർക്ക് വേദന അനുഭവപ്പെടുന്നു. തങ്ങളാൽ കഴിയുന്നത്ര വേഗത്തിൽ കൂടുതൽ പണം ചെലവഴിച്ച് ആ വേദന കൂട്ടുക മാത്രമാണ് കോൺഗ്രസിന്റെ ലക്ഷ്യം..."

### സാമ്രാജ്യത്വ യുദ്ധതന്ത്രത്തെ പരാജയപ്പെടുത്തുക

റഷ്യ-യുക്രൈൻ യുദ്ധം ഏകദേശം മൂന്ന് മാസമായി തുടരുന്ന പശ്ചാത്തലത്തിൽ ഇന്നത്തെ ലോകത്തിന്റെ അവസ്ഥ ഇതാണ്. അമേരിക്കയുടെ നേതൃത്വത്തിലുള്ള പരമ്പരാഗത സാമ്രാജ്യത്വ രാജ്യങ്ങൾ ലോകമെമ്പാടും തങ്ങളുടെ ആധിപത്യം നിലനിർത്താൻ ശ്രമിക്കുമ്പോൾ, പ്രതിവിപ്ലവത്തിനുശേഷം പുതിയ സാമ്രാജ്യത്വ ശക്തികളായി ഉയർന്നുവന്ന റഷ്യയും ചൈനയും അവരുടെ മേധാവിത്വത്തെ വെല്ലുവിളിക്കുന്നു. വിവിധ സാമ്പത്തിക-സൈനിക സഖ്യങ്ങൾ രൂപീകരിച്ചും മറ്റ് നിരവധി മുതലാളിത്ത രാജ്യങ്ങളെ അതിന്റെ കീഴിലേക്ക് വലിച്ചിഴച്ചും യുഎസ് അതിന്റെ സ്വാധീനമേഖല വിപുലീകരിക്കാൻ ശ്രമിക്കുമ്പോൾ, സാമ്രാജ്യത്വ രാജ്യങ്ങൾക്കിടയിലുള്ള വൈരുദ്ധ്യങ്ങൾ ശക്തമാവുകയും ലോക സമാധാനത്തിനും പുരോഗതിക്കും അപകടമുണ്ടാക്കുന്ന യുദ്ധങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു.

യുദ്ധം എന്നാൽ മരണം, നാശം, കൂട്ടപലായനം, മുഴുവൻ മനുഷ്യരാശിക്കും പറയാനാവാത്ത കഷ്ടപ്പാടുകൾ എന്നിവയാണ്. അതിനാൽ, സാമ്രാജ്യത്വ-മുതലാളിത്തത്തെ അട്ടിമറിക്കുന്നതുവരെ, യുദ്ധഭീഷണി വലിയ തോതിൽ ഉയരുമെന്നതാണ് ഏക നിഗമനം. അതിനാൽ, ലോകമെമ്പാടുമുള്ള സമാധാനകാംക്ഷികളായ ജനങ്ങൾ ഒറ്റക്കെട്ടായി യുദ്ധ ക്കൊതിയന്മാർക്കെതിരെ സമ്മർദം ചെലുത്താൻ ശക്തവും ഏകോപിതവുമായ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം പടുത്തുയർത്തണം. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽ ദൃഢമൂലമായ സത്യം ദുരിതം അനുഭവിക്കുന്ന ജനങ്ങൾ ഉൾക്കൊള്ളട്ടെ: "ലോകമെമ്പാടും സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുമ്പോഴോ അല്ലെങ്കിൽ ഇന്നത്തെ മുതലാളിത്ത രാജ്യങ്ങളാൽ വലയം ചെയ്യപ്പെട്ട അവസ്ഥ, ലോക സോഷ്യലിസ്റ്റ് വ്യവസ്ഥിതി വഴി അവശേഷിക്കുന്ന ഏതാനും മുതലാളിത്ത രാജ്യങ്ങളെ വലയം ചെയ്യുന്ന അവസ്ഥയിലേക്ക് മാറുന്ന സാഹചര്യത്തിൽ മാത്രമേ മനുഷ്യ സമൂഹത്തിൽനിന്ന് അതിന്റെ നന്മയ്ക്കായി യുദ്ധത്തെ തുടച്ചുനീക്കാൻ കഴിയൂ." ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2022 July
Price: Rs. 10.00




തൊഴിലില്ലായ്മക്കും വിലക്കയറ്റത്തിനും അഴിമതിക്കുമെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2022 ജൂൺ 29ന് കൊൽക്കത്തയിൽ ആയിരങ്ങൾ അണിനിരന്ന നിയമലംഘന പ്രക്ഷോഭത്തിന്റെ മുൻനിര. ഒരു മാസം നീണ്ടുനിന്ന പ്രചാരണ പ്രക്ഷോഭ പ്രവർത്തനങ്ങൾ മുന്നേറുന്ന വേളയിലാണ് കേന്ദ്രസർക്കാർ അഗ്നിപഥ് പദ്ധതി പ്രഖ്യാപിച്ചത്. അതിനെതിരെ ഉയർന്ന ജനരോഷവും ഈ പ്രക്ഷോഭത്തോടൊപ്പം കണ്ണിചേർക്കപ്പെട്ടു. പ്രക്ഷോഭത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് നടന്ന നിയമലംഘന സമരത്തിനുനേരെ പോലീസ് മൃഗീയമായ ലാത്തി ചാർജ്ജ് നടത്തി.

# കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി സംരക്ഷിക്കുക: ബഹുജന കൺവൻഷൻ

**കെ**എസ്ആർടിസിയെ സംരക്ഷിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതിയും കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും സംയുക്തമായി ജൂലൈ 3ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബഹുജന കൺവെൻഷൻ ജസ്റ്റിസ് കെമാൽ പാഷ ഉദ്ഘാടനം ചെയ്തു. ജോസഫ് സി.മാത്യു മുഖ്യപ്രസംഗം നടത്തി.

ഷെഡ്യൂൾ വർധിപ്പിച്ചുകൊണ്ട് യാത്രാക്ലേശം പരിഹരിക്കണമെന്നും ജീവനക്കാർക്ക് ശമ്പളവും പെൻഷനും മുടങ്ങാതെ നൽകണമെന്നും പിരിച്ചുവിട്ട എം പാനൽ ജീവനക്കാരെ ഉടനെ തിരിച്ചെടുക്കണമെന്നും കെഎസ്ആർടിസി വർക്ക്ഷോപ്പുകളും ഇതരകേന്ദ്രങ്ങളും അടച്ചു പൂട്ടരുതെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു.

കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി നിലനിർത്തി സംരക്ഷിക്കാൻ തീരുമാനിക്കണമെന്ന പ്രമേയം കൺവെൻഷൻ പാസ്സാക്കി. വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ അധ്യക്ഷത വഹിച്ചു. ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, വിവിധ സംഘടനാ നേതാക്കളായ വി.കെ.സദാനന്ദൻ(എഐയുടിയുസി), കെ.സതീശൻ(കെഎസ്ആർടിസി പെൻഷനേഴ്സ് ഓർഗനൈസേഷൻ), ദിനേശ് ബാബു(എം പാനൽ കൂട്ടായ്മ), എം.എൻ.അനിൽ (കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), മാഹീൻ കുഞ്ഞ് എന്നിവർ പ്രസംഗിച്ചു. ■




ബഹുജന കൺവെൻഷൻ ജസ്റ്റിസ് കെമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു.




## തൊഴിലില്ലായ്മ പരിഹരിക്കുക; യുവജനങ്ങളുടെ സെക്രട്ടേറിയറ്റ് മാർച്ച്

**അ**തിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കണമെന്നും എല്ലാ ഒഴിവുകളിലും സ്ഥിര നിയമനം നടത്തണമെന്നുമാവശ്യപ്പെട്ട് ആൾ ഇന്ത്യാ അൺഎംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി(എഐയുവൈഎസ്‌സി)യുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. കായിക അദ്ധ്യാപകനും വിജയം വരിച്ച ദേശീയ മെഡൽ ജേതാക്കളുടെ സമരനേതാവുമായ പ്രമോദ് കുന്നംപുറത്ത് മാർച്ച് ഉദ്ഘാടനം ചെയ്തു. എഐയുവൈഎസ്‌സി അഖിലേന്ത്യാ പ്രസിഡന്റ് ഇ.വി. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. പിഎസ്‌സി റിട്ട.ഉദ്യോഗസ്ഥൻ സാദിഖ് അലി, യുണൈറ്റഡ് ആക്ഷൻ ഫോറം സംസ്ഥാന കൺവീനർ ലക്ഷ്മി ആർ.ശേഖർ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, എഐയുവൈഎസ്‌സി സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി സംസ്ഥാന ജോയിന്റ് സെക്രട്ടറി വിഷ്ണു, സംസ്ഥാന കമ്മിറ്റിയംഗം ടി.ഷിജിൻ എന്നിവർ പ്രസംഗിച്ചു. ■

# മെയ് 26-ജൂൺ 26 മദ്യ-ലഹരിവിരുദ്ധ മാസമായി ആചരിച്ചു

**മ**ദ്യശാലകളുടെ എണ്ണം കുറയ്ക്കുക, പുതിയതായി മദ്യ ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള തീരുമാനം പിൻവലിക്കുക, മയക്കുമരുന്ന് മാഫിയ സംഘങ്ങളെ തുടച്ചുനീക്കുക, ദൂരപരിധി നിയമം പുനഃസ്ഥാപിക്കുക, വിദ്യാലയങ്ങളുടെ പരിസരത്തുള്ള മയക്കുമരുന്ന് വില്പന കർശനമായി തടയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ മെയ് 26മുതൽ ജൂൺ 26വരെ മദ്യ-ലഹരിവിരുദ്ധ മാസമായി ആചരിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി പ്രചാരണ പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.

അങ്ങേയറ്റം ജനവിരുദ്ധമായ മദ്യനയമാണ് രണ്ടാം പിണറായി സർക്കാർ ഏപ്രിൽ ഒന്നിന് പ്രഖ്യാപിച്ചത്. 2016ൽ പിണറായി സർക്കാർ ഭരണമേറ്റപ്പോൾ ബാറുകളുടെ എണ്ണം 29 ആയിരുന്നു. ഇപ്പോൾ അത് 859 ആയി വർദ്ധിച്ചു. പുതിയതായി ബാറുകളും 170 ബിവറേജസ് ഔട്ട് ലെറ്റുകളും ആരംഭിക്കാനാണ് സർക്കാർ നീക്കം. സംസ്ഥാനത്ത് ബ്രൂവലറികളും ഡിസ്റ്റിലറികളും ആരംഭിക്കാനും, പഴങ്ങളിൽനിന്നും മറ്റ് കാർഷിക ഉല്പന്നങ്ങളിൽനിന്നും മദ്യം ഉൽപ്പാദിപ്പിക്കാനും ഐടി പാർക്കുകളിൽ വിനോദത്തിനായി ബിയർ പാർലറുകളും പബ്ബുകളും തുറക്കാനുമാണ് സംസ്ഥാനസർക്കാർ പുതിയമദ്യനയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മയക്കുമരുന്ന് ഉപയോഗവും വ്യാപകമായിരിക്കുന്നു. സൈബർ രംഗത്തും മയക്കുമരുന്ന് റാക്കറ്റുകൾ പിടിമുറുക്കിയിരിക്കുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും ഈ സംഘങ്ങൾ പ്രവർത്തിക്കുന്നു. കുട്ടികൾക്കിടയിൽ മോഷണവും കൊലപാതകവും അടക്കമുള്ള കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നു. മനുഷ്യന്റെ മാനസിക-ശാരീരിക ആരോഗ്യത്തെയും ബുദ്ധിയെയും യുക്തി ചിന്തയെയും തകർത്ത് കുറ്റകൃത്യങ്ങളുടെ വർദ്ധനവിനും കുടുംബ ബന്ധങ്ങളുടെ ശൈഥില്യത്തിനും ലഹരിവസ്തുക്കളുടെ അനിയന്ത്രിതവും വ്യാപകവുമായ ഉപയോഗം കാരണമാകുന്നു. ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം കർശനമായി തടയാനുള്ള നടപടികളാണ് സർക്കാർ കൈക്കൊള്ളേണ്ടത്. ഐ.ടി.പാർക്കുകളിൽ പണിയെടുക്കുന്ന ചെറുപ്പക്കാരുടെ മാനസിക സംഘർഷം കുറയ്ക്കാൻ പബ്ബുകൾ തുടങ്ങുന്നതിന് പകരം ജോലിഭാരം കുറച്ചു കൊണ്ട് സന്തോഷത്തോടെ പണിയെടുക്കാനുള്ള തൊഴിൽ സാഹചര്യം സൃഷ്ടിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. സാമൂഹ്യവിരുദ്ധ മദ്യനയത്തിനെതിരെ പ്രക്ഷോഭരംഗത്ത് അണിനിരക്കുവാനുള്ള ആഹ്വാനവുമായാണ് ലഹരിവിരുദ്ധ മാസാചരണം സംഘടിപ്പിക്കപ്പെട്ടത്. ■




ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് കോട്ടയത്ത് നടന്ന പ്രതിഷേധ പരിപാടിയിൽ എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് ആർ. മീനാക്ഷി പ്രസംഗിക്കുന്നു.




ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി നടന്ന ആലപ്പുഴ കളക്ട്രേറ്റ് മാർച്ചിൽ അഡ്വ.എം.എ.ബിന്ദു പ്രസംഗിക്കുന്നു.

വായിക്കുക... വരിക്കാരാകുക...
SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം
യൂണിറ്റി
ദ്വൈമാസ പ്രചാരണം
ജൂലൈ 15 – സെപ്തംബർ 15
വാർഷിക വരിസംഖ്യ – 100 രൂപ

Volume: 49 No: 4 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.